കേരള സർക്കാർ

ആഗസ്റ്റ് 2022

ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം

അനിമൽ ഹസ്ബന്ററി മീഡിയ ഡിവിഷൻ

മികവോടെ മൃഗസംരക്ഷണം

വെല്ലുവിളിയുയർത്തി ആഫ്രിക്കൻ സൈ്വൻ ഫീവർ

പശുപരിപാലനം – ഫാം തുടങ്ങുമ്പോൾ മുതൽ ആഗോളതാപനം കുറയ്ക്കാനുള്ളത് വരെയുള്ള വിവരങ്ങൾ ഉൾപ്പെടുന്ന ലേഖനങ്ങൾ വായിക്കാം

ഇ സമൃദ്ധ പദ്ധതി ഉത്ഘാടനം

മൃഗസംരക്ഷണ വകുപ്പ് മാധ്യമ വിഭാഗം ഉത്ഘാടനം

ആഗസ്റ്റ് 2022

ജീവജാലകം

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പ് പ്രസിദ്ധീകരണം
അനിമൽ ഹസ്ബന്ററി മീഡിയ ഡിവിഷൻ

പുസ്തകം1 ലക്കം1

ചീഫ് എഡിറ്റർ
ഡോ.എ.കൗശിഗൻ ഐ.എ.എസ്
ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്

അസോസിയേറ്റ് ചീഫ് എഡിറ്റർ
ഡോ. റെയ്നി ജോസഫ്
പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

എഡിറ്റർ
ഡോ. മീര അൺവിൻ ആന്റണി
അസിസ്റ്റന്റ് ഡയറക്ടർ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഡോ. വിനുജി. ഡി. കെ
അഡിഷണൽ ഡയറക്ടർ (പ്ലാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
ഡോ. മിനി ജോസ്
ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ
സംസ്ഥാന ജന്തുരോഗ നിർണ്ണയ കേന്ദ്രം, പാലോട്.

അംഗങ്ങൾ
ഡോ. ഗീത എസ് കുമാർ ഫിലിപ്സ്
ഡെപ്യൂട്ടി ഡയറക്ടർ (ഇ)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
ഡോ. ഷജിൽ എ. എച്ച്
അസിസ്റ്റന്റ് ഡയറക്ടർ (പ്ളാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
ഡോ. ശ്യാംലാൽ. എസ്. എസ്
വെറ്ററിനറി സർജൻ (പി.ആർ)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
ഡോ. ഗണേഷ്. ജി
വെറ്ററിനറി സർജൻ II, (പ്ളാനിംഗ്)
മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറേറ്റ്
ഡോ. അനൂപ്. ആർ
വെറ്ററിനറി സർജൻ
മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ
തിരുവനന്തപുരം
ഡോ. നായർ ശ്രീജ മുരളീധരൻ
വെറ്ററിനറി സർജൻ
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്
ഡോ.അലക്സ് എബ്രഹാം
ഡോ. ലീനാ പോൾ
ഡോ. അരുൺകുമാർ ജി. എസ്

കവർ ചിത്രം
ഡോ. അനൂപ്. ആർ
ഡിസൈൻ & ലേ ഔട്ട്
കമ്മ്യൂണിക്കേ, തിരുവനന്തപുരം

രചനകളുടെ ഉത്തരവാദിത്തം പൂർണ്ണമായും
ലേഖകർക്കുമാത്രമാണ് - സർക്കാരിന്റേതല്ല

മൃഗസംരക്ഷണ മേഖല എല്ലാ കാലങ്ങളിലും രാജ്യത്തിന്റെ ആഭ്യന്തരോല്പാദന വർദ്ധനവിന് ശക്തമായ പിന്തുണയാണ് നൽകിയിട്ടുള്ളത്. മഹാമാരികൾ, സാമ്പത്തിക മാന്ദ്യം എന്നിങ്ങനെയുള്ള പ്രതിസന്ധിഘട്ടങ്ങളിൽ മറ്റു പല മേഖലകളും തകർന്നടിഞ്ഞപ്പോഴും ദാരിദ്ര്യത്തിലേക്കും പട്ടിണിയിലേക്കും വഴുതി വീണേക്കാമായിരുന്ന അനവധി കുടുംബങ്ങളെ ചേർത്തു പിടിച്ചു അതിജീവനത്തിന്റെ പാതയിലേക്ക് നടത്തി കൊണ്ട് വന്നത് മൃഗസംരക്ഷണ മേഖലയിലെ ചെറുകിട കർഷകരുടെയും വ്യവസായികളുടെയും ഉദ്യോഗസ്ഥരുടെയും കൂട്ടായ പരിശ്രമമാണ് എന്നുള്ളത് നാം പലയാവർത്തി അനുഭവിച്ചറിഞ്ഞിട്ടുണ്ട്. ഇവയ്ക്കൊക്കെ പ്രചോദനമായി സർക്കാരിന്റെ വികസനോന്മുഖമായ വീക്ഷണഗതിയും ശക്തമായ നിലപാടുകളുടെ സാന്നിധ്യവും ഇപ്പോഴുമുണ്ട്.

ജൈവവൈവിധ്യവും പ്രകൃതിസംരക്ഷണവും മനുഷ്യരാശിയുടെ നിലനിൽപ്പിന് അത്യന്താപേക്ഷിതമാണെന്നും, ഭാവി തലമുറകൾക്കായി, അതാതു പ്രദേശങ്ങളിലെ തനതു ജനുസ്സുകളെ നിലനിർത്തേണ്ടത്, വരും കാലത്തോടുള്ള പ്രധാനപ്പെട്ട ഉത്തരവാദിത്തമാണെന്നും മനസ്സിലാക്കി പ്രവർത്തിച്ച, പത്മശ്രീ പുരസ്കാര ജേതാവ് ഡോ ശോശാമ്മ ഐപ്പിനു നേരിടേണ്ടിവന്നവിഷമസന്ധികളുംലക്ഷ്യപ്രാപ്തിയിലെത്താൻ താണ്ടിയ കനൽവഴികളും ഈ ലക്കം ജീവജാലകത്തിന്റെ താളുകളിൽ വായിക്കാം.

ഉൽപാദനവർദ്ധനവ് അടിസ്ഥാനമാക്കിയിട്ടുള്ള പശു പരിപാലന രീതികൾ അനുവർത്തിക്കുമ്പോൾ ഹരിത ഗൃഹ വാതകങ്ങൾ പുറന്തള്ളപ്പെടുന്നത് കാരണം ആഗോളതാപനത്തിന്റെ ആഘാതം വർദ്ധിക്കുന്നു. ഈ വസ്തുത കണക്കിലെടുത്ത്, പ്രകൃതിക്കിണങ്ങും വിധം പശുപരിപാലനമുറകളിലും തീറ്റക്രമത്തിലും വരുത്തേണ്ട മാറ്റങ്ങളെ കുറിച്ച് മൃഗപരിപാലനത്തിന്റെ ഭാഗമായിട്ടുള്ള എല്ലാ വ്യക്തികളും ചിന്തിക്കേണ്ട സമയമാണ്. വരും കാലത്തോടുള്ള കർത്തവ്യമായി കണ്ട് അത്തരം പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകേണ്ടതുണ്ട്. ആഫ്രിക്കൻ സൈ്വൻ ഫീവർ പോലെയുള്ള പുതിയ വൈറസ് രോഗങ്ങൾ വലിയ വെല്ലുവിളി ഉയർത്തുമ്പോൾ, ദിശാബോധത്തോടെ വകുപ്പ് ശാസ്ത്രീയ നടപടികൾ കൈക്കൊള്ളുന്നു.

അടച്ചിടലിന്റെ വിരസതയും ഏകാന്തതയും മറികടക്കുവാനും വിഷാദാവസ്ഥകൾ തരണം ചെയ്യുവാനും ഓമനമൃഗങ്ങൾ എത്രമാത്രം സഹായിക്കുന്നുവെന്നതിന്റെ സാക്ഷ്യപത്രമാണ് കഴിഞ്ഞ രണ്ടു വർഷങ്ങളിലായി അരുമകളെ വളർത്തുന്നവരുടെ എണ്ണത്തിൽ ഉണ്ടായിട്ടുള്ള അഭൂത പൂർവമായ വർദ്ധനവ്. ജന്തുക്ഷേമ നിയമങ്ങളും ചട്ടങ്ങളും കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് അവയെ കുറിച്ചുള്ള അവബോധം നൽകേണ്ടതും, ചട്ടങ്ങളും നിയമങ്ങളും പാലിക്കപ്പെടേണ്ടതും ആവശ്യമാണ്.

കഴിഞ്ഞ കുറച്ചു മാസങ്ങളിലായി കേരളത്തിൽ പേവിഷബാധ മൂലമുള്ള മരണങ്ങൾ വർദ്ധിച്ചുവെന്നത് പരസ്പരബന്ധിതമായ സംവിധാനങ്ങൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നു. മനുഷ്യരിലെന്നപോലെ മൃഗങ്ങളിലും പല രോഗങ്ങളും പ്രതിരോധ കുത്തിവെയ്പ്പുകൾ വഴി തടയാനാകും. ഉടമകൾ കടമകൾ പാലിക്കുകയും, ശാസ്ത്രീയമാലിന്യ നിർമാർജ്ജന മാർഗ്ഗങ്ങൾ, വന്ധ്യംകരണം എന്നിവ അവലംബിച്ചുകൊണ്ട് തെരുവ് നായ്ക്കൾ നിയന്ത്രിക്കപ്പെടുകയും, മൃഗക്ഷേമനിയമങ്ങൾ പാലിക്കപ്പെടുകയും ചെയ്യുന്ന മാതൃകാപരമായ ഒരു സംവിധാനത്തിൽ മാത്രമേ പേവിഷബാധയും മറ്റ് ജന്തുജന്യ രോഗങ്ങളും ഫലപ്രദമായി നിയന്ത്രിക്കാനാകുകയുള്ളു. ഈ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്ര കൂടുതൽ കർമ്മവേഗം ആർജ്ജിക്കട്ടെ.

ജീവജാലകത്തിന്റെ ഈ ലക്കം സ്നേഹപൂർവ്വം വായനക്കാർക്കായി സമർപ്പിക്കുന്നു

എഡിറ്റർ

ഉള്ളടക്കം

മികവോടെ മൃഗസംരക്ഷണം	05
ജൈവസംരക്ഷണത്തിൽ വിടർന്ന പത്മശ്രീ	10
കണ്ടു കണ്ടങ്ങിരിക്കും നായയെ...	15
വെല്ലുവിളിയുയർത്തി ആഫ്രിക്കൻ സൈ്വൻ ഫീവർ	18
മൃഗപരിപാലന നിയമങ്ങളിലെ ആക്ടിവിസവും നിസ്സംഗതയും	23
സംക്രമണകാലത്തെ പശുപരിചരണം	26
കന്നുകാലികളിലെ ബാഹ്യപരാദ നിയന്ത്രണം എന്തിന്?	29
ഷവർമ്മയും മാംസജന്യരോഗ പകർച്ചയും	33
പശുക്കളിലെ വന്ധ്യത കാരണങ്ങളറിയാം	35
ഫാം ആരംഭിക്കുമ്പോൾ ശ്രദ്ധിക്കാം	39
കരുതലാവാം കിടാരിയാകും വരെ	42
റേബീസ്	45
അരുമകളെ കാക്കാം പാർവ്വോയിൽ നിന്നും	46
ആഗോളതാപനവും പശുപരിപാലനവും	49
കല്യാണിയും കറക്കുദീനവും	53
ക്ഷീരസമൃദ്ധിക്ക് കന്നുകുട്ടി പരിപാലന പദ്ധതി	56
ജീവിതയാത്രയിലെ ഓഫ്റോഡ് അനുഭവങ്ങൾ	60
ദേശാടനപക്ഷികൾ പറക്കുംവഴികൾ	63
ജന്തുജന്യരോഗങ്ങൾ ജാഗ്രതയോടെ സമീപിക്കാം....	65
വേനൽച്ചൂടിൽ വലഞ്ഞൊരു നാളിൽ	71
കുരങ്ങുപനി മനുഷ്യരിലും മൃഗങ്ങളിലും	73
ആന്ത്രാക്സ് അറിയേണ്ടതെല്ലാം	75

മികവോടെ മൃഗസംരക്ഷണം

ജെ. ചിഞ്ചുറാണി

മൃഗസംരക്ഷണ ക്ഷീരവികസന മൃഗശാല വകുപ്പ് മന്ത്രി

ജയിച്ചവരെഴുതുന്നതാണ് ചരിത്രമെന്ന് വിൻസ്റ്റന്റ് ചർച്ചിൽ പറഞ്ഞിട്ടുണ്ട്. എങ്കിൽ ഇനി അങ്ങനെ ചരിത്രമെഴുതാൻ പോകുന്നത്, മൃഗസംരക്ഷണ മേഖലയാണ്.

രാജ്യത്തിന്റെ പൊതുസമ്പദ്ഘടന അവലോകനം ചെയ്യുമ്പോൾ തെളിഞ്ഞുവരുന്ന ഒരു സത്യമുണ്ട്. ആഭ്യന്തരവരുമാനത്തിൽ നിർണ്ണായകസ്ഥാനം അലങ്കരിക്കുന്ന ഒരു ഉൽപ്പന്നമാണ് പാൽ എന്നതാണത്. അരിയും, ഗോതമ്പുമൊക്കെ നേടിയിരുന്ന ഈ സ്ഥാനം ഇന്ന് പാലിനാണ് ഉള്ളത് എന്ന് ഇന്ത്യൻ പ്രധാനമന്ത്രി തന്നെ തുറന്നു പറഞ്ഞിട്ടുണ്ട്. ലോകത്തിന്റെ നെറുകയിൽ ഉയർന്ന പാലുൽപ്പാദനം എന്ന തിളക്കത്തിലേക്ക് ഇന്ത്യ എത്തിനിൽക്കുകയാണ്. ഭാരതത്തിൽ കറവപ്പശുക്കളുടെ ശരാശരി ഉൽപ്പാദനക്ഷമതയിൽ പഞ്ചാബ് മുന്നിൽ നിൽക്കുമ്പോൾ കേരളത്തിന് തൊട്ടടുത്ത സ്ഥാനമുണ്ട് എന്നത് മറന്നുകൂടാ. ഈ സാഹചര്യത്തിലാണ് നാം മൃഗസംരക്ഷണരംഗത്ത് ഇനിയുള്ള വികസനസാദ്ധ്യതകൾ തേടേണ്ടത്.

സർക്കാരിന്റെ പ്രഥമ വർഷം പിന്നിടുമ്പോൾ കരുത്തും കാന്തിയുമായി നിൽക്കുകയാണ് മൃഗസംരക്ഷണ രംഗം. ഇന്നും കേരളത്തിലെ 14 ലക്ഷത്തോളം പാവപ്പെട്ടവരുടെ വീടുകളിൽ അടുപ്പു പുകയുന്നത് മൃഗസംരക്ഷണ മേഖല നൽകുന്ന വരുമാനം കൊണ്ടാണ്. അതുകൊണ്ടു തന്നെ ഈ സർക്കാർ അധികാരമേറ്റപ്പോൾ അതീവശ്രദ്ധയോടും കരുതലോടും കൂടിയാണ് ഓരോ ചുവടുവയ്പും നടത്തുന്നത്. കേരളത്തിലെ ഗ്രാമങ്ങളെയും ഗ്രാമീണ ജനതയേയും മുന്നിൽകണ്ട് നടപ്പിലാക്കിയ നിരവധി പദ്ധതികൾ ജനങ്ങൾ ഹൃദയത്തിലേറ്റിയ കാഴ്ചയാണ് കഴിഞ്ഞ കാല

ങ്ങളിൽ കണ്ടത്. വ്യവസായ വാണിജ്യമേഖലകൾ ഉൾപ്പെടെ സർവ്വ സാമ്പത്തിക മേഖലകളെയും തളർത്തിയ കോവിഡ് കാലത്ത് സംസ്ഥാനം കടുത്ത സാമ്പത്തിക ഞെരുക്കത്തിലായത് നാം കണ്ടതാണ്. അപ്പോഴും വലിയ ദാരിദ്ര്യത്തിൽ നിന്ന് മൃഗസംരക്ഷണ മേഖലയിലെ കർഷകർ കരകയറി. പാലും, മുട്ടയും, മാംസവുമൊക്കെ അന്നവും വരുമാനവും മാത്രമല്ല ആശ്രയം കൂടിയാണ് എന്ന തിരിച്ചറിവിലേക്കെത്തിയ കാലമായിരുന്നു അത്. കോവിഡിന്റെ രണ്ടാം തരംഗം മുതൽ ഇതിനായി ശ്രദ്ധാപൂർവ്വമുള്ള പദ്ധതികൾ തയ്യാറാക്കി മുന്നേറുകയായിരുന്നു.

കർഷകർക്കായി കൈനിറയെ പദ്ധതികൾ

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കൈത്താങ്ങാകുവാൻ ഒട്ടനവധി പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് മുന്നിൽ കൊണ്ടുവന്നത്. കന്നുകുട്ടി പരിപാലന പദ്ധതിയിലൂടെ പിറന്നുവീഴുന്ന എല്ലാ പൈക്കിടാങ്ങൾക്കും കാലിത്തീറ്റ നൽകി. ചെറുകിട-ഇടത്തരം കർഷകരെ സഹായിക്കുവാൻ ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്, കൊമേഴ്സ്യൽ ഗോട്ടറി തുടങ്ങിയ ആടുവളർത്തലിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വന്നു. പ്രദേശങ്ങളുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് പോത്തുവളർത്തൽ, കിടാരി വളർത്തൽ, പന്നിവളർത്തൽ, താറാവു വളർത്തൽ തുടങ്ങി അസംഖ്യം ഭാവനാപൂർണ്ണമായ പദ്ധതികൾക്ക് മൃഗസംരക്ഷണ വകുപ്പ് നേതൃത്വം നൽകി. പ്രത്യാഘാതത്തെ തരണം ചെയ്യുവാൻ കൃഷി, മൃഗസംരക്ഷണം ഉൾപ്പെടെയുള്ള മേഖലകൾക്ക് ഇരുപതിനായിരം കോടി രൂപയുടെ സാമ്പത്തിക പാക്കേജ് തന്നെ ധനവകുപ്പ് പ്രഖ്യാപിച്ചു. രാജ്യത്തിനാകെ മാതൃകയാകുന്ന ഈ പ്രവർത്തനങ്ങളിൽ കർഷകരും ഉദ്യോഗസ്ഥരുമെല്ലാം ഒന്നിച്ച് നിന്ന് മുന്നേറി. പ്രതിസന്ധിയിലാണ് ഭരണപാടവം അളക്കേണ്ടതെന്ന തത്വം കണക്കിലെടുത്താൽ മികച്ച ഭരണക്രമമായിരുന്നു കഴിഞ്ഞ ഒരുവർഷം പിന്നിട്ടത് എന്ന ചാരിതാർത്ഥ്യമുണ്ട്.

മിന്നിത്തിളങ്ങി മൃഗചികിത്സാരംഗം

സമസ്തമേഖലകളിലുമായി സർക്കാർ വെട്ടിത്തെളിച്ച വികസന ക്ഷേമപ്രവർത്തനങ്ങൾക്ക് തുടർച്ച ഉറപ്പാക്കേണ്ടത് ഒരു ജനകീയ സർക്കാരിന്റെ പ്രതിബദ്ധത കൂടിയാണ്. രാജ്യത്തെ തന്നെ ഏറ്റവും മികച്ച കറവപ്പശുക്കളും, അവയുടെ ജനിതകവും ഉള്ള സംസ്ഥാനമാണ് കേരളം. ആകസ്മികമായ അപകടങ്ങളിൽ നിന്നും മരണങ്ങളിൽ നിന്നും കാലിസമ്പത്തിനെ സംരക്ഷിക്കുന്നതിനുള്ള ഇൻഷുറൻസ് പദ്ധതികൾക്കാണ് ഇനി പ്രാധാന്യം നൽകുന്നത്. ഗോസമൃദ്ധി പദ്ധതിയ്ക്കായി ആറുകോടി രൂപ വകയിരുത്തിക്കഴിഞ്ഞു. എല്ലാ വികസന ബ്ലോക്കുകളിലും രാത്രികാല വെറ്ററിനറി സർവ്വീസ് ഉള്ള സംസ്ഥാനമെന്ന ഖ്യാതി കേരളം നേടിക്കഴിഞ്ഞു. മുപ്പത്തിയെട്ടോളം ഇടത്ത് ജൂനിയർ റെസിഡന്റ് വെറ്ററിനറി ഡോക്ടർമാരെ നിയമിച്ചു കഴിഞ്ഞു. അതിവിദഗ്ധ ചികിത്സയും, സാങ്കേതിക സജ്ജീകരണങ്ങളുമുള്ള 152 ഓളം മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ പുറത്തിറക്കാനാണ് പരിപാടി. എല്ലാ വികസന ബ്ലോക്കിലും ഓരോ ആംബുലൻസ് എന്നതാണ് ലക്ഷ്യം. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 29 ഓളം മൊബൈൽ വെറ്ററിനറി ആംബുലൻസുകൾ ഉടൻ പുറത്തിറങ്ങും. കർഷകരുടെ വീട്ടുപടിക്കൽ തന്നെ അടിയന്തിര സേവനം എത്തിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. അപകടങ്ങളിൽപെട്ടുപോവുകയും വീണുകിടക്കുകയും ചെയ്യുന്ന വളർത്തുമൃഗങ്ങളെ ഉയർത്തുന്നതിനുൾപ്പെടെ സ്കാനിംഗ്, എക്സ്റേ, സർജറി ഉപകരണങ്ങൾ അടങ്ങിയ മൂന്ന് ടെലിവെറ്ററിനറി യൂണിറ്റുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത്. കൊല്ലത്തും എറണാകുളത്തും, കണ്ണൂരുമുള്ള ഈ സംവിധാനം മറ്റ് ജില്ലകളിൽ കൂടി കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്.

കൂടാതെ പ്രത്യേക ഫണ്ട് സമാഹരിച്ച് പത്തണ്ണോളം മൊബൈൽ സർജറി യൂണിറ്റുകൾ

വാഹനങ്ങളായി പുറത്തിറക്കാൻ ഈ വർഷം തന്നെ ശ്രമിക്കുന്നുണ്ട്. ഇതോടെ കർഷകരുടെ വീട്ടുപടിക്കൽ അടിയന്തിര ശസ്ത്രക്രിയ സംവിധാനം എത്തിക്കുന്ന ആദ്യസംസ്ഥാനമായി കേരളം മാറും.

പാലും പാൽപ്പൊടി ഫാക്ടറിയും

പാലൊഴുക്കി കളയുന്ന ഒരു കാലത്താണ് ഈ ഗവൺമെന്റ് സത്യപ്രതിജ്ഞ ചെയ്തത്. അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടായി. സംസ്ഥാനത്തെ മൂവായിരത്തി ഇരുന്നൂറോളം വരുന്ന ക്ഷീരസംഘങ്ങൾ വഴി പ്രതിദിനം 20 ലക്ഷം ലിറ്ററോളം പാൽ മിൽമ ശേഖരിക്കുന്നുണ്ട്. മഴക്കാലമെന്ന ഫ്ളഷ് സീസണും, വേനൽക്കാലമെന്ന ലീൻ സീസണുമാണ് പാൽ സംഭരണത്തിലെ രണ്ട് പ്രതിസന്ധികൾ. ഫ്ളഷ് സീസണിൽ സംഭരിക്കാൻ കഴിയാതെ കർഷകർ പാലൊഴുക്കി കളഞ്ഞപ്പോൾ അതിന് അടിയന്തിര പരിഹാരം കാണാൻ മലപ്പുറത്തെ മൂർക്കനാട് പാൽപ്പൊടി ഫാക്ടറിക്ക് ശിലയിട്ടു. 53.93 കോടി രൂപയാണ് നിർമ്മാണ ചെലവ്. ഒരുവർഷം കൊണ്ടുതന്നെ നിർമ്മാണ പ്രക്രിയ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. പാൽസംഭരണ വിലയ്ക്ക് പുറമേ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഒരു നിശ്ചിത തുക ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ എല്ലാമാസവും പത്തിന് മുമ്പ് ക്ഷീരകർഷകർക്ക് നൽകും. ഇക്കാര്യത്തിൽ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ സഹായം കൂടി തേടും.

ഇനി ഹാച്ചറി യൂണിറ്റുകളും

മലപ്പുറത്ത് ഇടവണ്ണയിൽ 709 ലക്ഷം രൂപ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഏറ്റവും വലിയ ഹാച്ചറി സ്ഥാപിക്കുവാൻ ശിലയിട്ടു കഴിഞ്ഞു. നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ബഡ്ജറ്റ് ഇരട്ടിയാകും. വീട്ടുമുറ്റത്ത് വളർത്താനുള്ള മികച്ച മുട്ടക്കോഴികളുടെ സൃഷ്ടിയാണ് വലിയ ഹാച്ചറികളിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. കൊല്ലത്ത് ആയൂർ തോട്ടത്തറയിൽ ജില്ലാപഞ്ചായത്തിന്റെ സഹകരണത്തോടെ പേരന്റ്സ് സ്റ്റോക്ക് ഫാമിന്റെയും ഹാച്ചറിയുടെയും നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞു.

മൃഗസമ്പത്തിന് ആധാർ

ഇനി റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ

ഒറ്റത്തവണ തിരിച്ചറിയൽ കാർഡ് എന്നത് മൃഗങ്ങൾക്ക് കൂടി പ്രാബല്യത്തിൽ വരികയാണ്. നിലവിൽ കാതിലുപയോഗിക്കുന്ന പ്ലാസ്റ്റിക്ക് ടാഗ് മാറ്റി മൈക്രോചിപ്പ് ഘടിപ്പിക്കുവാനാണ് പരിപാടി. റേഡിയോ ഫ്രീക്വൻസി ഐഡന്റിഫിക്കേഷൻ എന്ന മൈക്രോചിപ്പ് വരുന്നതോടെ മൃഗങ്ങളുടെ ജീവിതരേഖകൾ, ആരോഗ്യ പുരോഗതി, ഇൻഷുറൻസ് എന്നീ രംഗത്ത് വൻമാറ്റങ്ങൾക്ക് തുടക്കം കുറിക്കാൻ പോകുകയാണ്. ഇ-സമൃദ്ധ എന്ന പദ്ധതിയാണ് ഇതിനായി ആസൂത്രണം ചെയ്തിരിക്കുന്നത്.

ആശ്വാസമാകുന്ന സാമ്പത്തിക പാക്കേജ്- പതിനായിരം കിസാൻ ക്രെഡിറ്റ് കാർഡുകൾ

കുറഞ്ഞ പലിശ നിരക്കിൽ പ്രവർത്തന മൂലധനം വായ്പയായി കിട്ടുക എന്നത് കർഷകരുടെ എക്കാലത്തേയും വലിയ സ്വപ്നമായിരുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുമായി സർക്കാർ കൈകോർക്കുകയാണ്. ജൂൺ 1 മുതൽ വായ്പാ പദ്ധതിക്ക് തുടക്കം കുറിച്ചു. പതിനായിരം കിസാൻ ക്രെഡിറ്റ് കാർഡുകൾ ജൂൺ 1 മുതൽ കർഷകർക്ക് അനുവദിച്ചു. 1,60,000/- രൂപയുടെ വായ്പ കാർഡ് ഉടമയായ ഓരോ കർഷകനും 4 ശതമാനം പലിശയിൽ ലഭ്യമാകും. രജിസ്റ്റർ ചെയ്യുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് വിവിധ പദ്ധതികൾക്കായി പരിശീലനവും വായ്പാ സഹായവും നൽകും. കിസാൻ ക്രെഡിറ്റ് കാർഡ് അപേക്ഷകൾ കൈകാര്യം

ചെയ്യുന്നതിനുള്ള സങ്കീർണ്ണതകൾ ഒഴിവാക്കാൻ ഐ.റ്റി അധിഷ്ഠിത സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ട്. മിൽമ വഴി കൂടുതൽ ഉൽപ്പന്നങ്ങൾ വിപണിയിലിറക്കി ലാഭവിഹിതം കർഷകർക്ക് നൽകും. വനിതാ സംരംഭകർക്ക് മിൽമയുടെ ഉൽപ്പന്നങ്ങളുടെ വിതരണത്തിനുള്ള സഞ്ചരിക്കുന്ന വിൽപ്പനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ സഹായം നൽകും.

ബെയിലിംഗ് യൂണിറ്റുകളിലൂടെ തീറ്റപ്പുൽ വികസനം

സർക്കാരിന്റേതുൾപ്പെടെ ഒഴിഞ്ഞുകിടക്കുന്ന തരിശുഭൂമികളിൽ പുൽകൃഷി ചെയ്യാൻ സാമ്പത്തിക സഹായം നല്കുന്നുണ്ട്. ഏക്കറിന് 7500/- രൂപയോളം സഹായം ഇങ്ങനെ ലഭിക്കും. കോംഗോസിഗ്നൽ നേപ്പിയർ, ചോളം തുടങ്ങി എപ്പോഴും ഡിമാന്റുള്ള പുല്ലിനങ്ങൾ കൃഷി ചെയ്യാം. ക്ഷീരസഹകരണ സംഘങ്ങളിൽ ഫോഡർ ബെയിലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുവാൻ തുടക്കമിട്ടുകഴിഞ്ഞു. അധികവിളയുടെ കാലത്ത് പുൽത്തണ്ടുകൾ മുറിച്ച് വായു കടക്കാതെ പായ്ക്ക് ചെയ്യുന്ന ബെയിലിംഗ് യൂണിറ്റുകൾ വരുന്നതോടെ സംസ്ഥാനത്തെ തീറ്റപ്പുൽ ക്ഷാമം പരിഹരിക്കുവാൻ കഴിയും.

ഇനി ഫാം വിനോദ സഞ്ചാരവും

പ്രവാസികൾ ഉൾപ്പെടെ നിരവധി പേർ മൃഗസംരക്ഷണ ക്ഷീരവികസന രംഗത്ത് മുതൽ മുടക്കാൻ മുന്നിലുണ്ട്. ഫാം നേരിട്ട് വരുമാനം തന്നില്ല എന്നോർത്ത് ഇനി വിലപിക്കേണ്ട. നയന മനോഹരമായ ഫാം കാഴ്ചകൾ ഒരുക്കിയാൽ വരുമാനം താനേ വന്നുകൊള്ളും. സർക്കാർ, സ്വകാര്യ മേഖലകളെ പ്രോത്സാഹിപ്പിച്ച് ഫാം ടൂറിസം പദ്ധതി വ്യാപകമാക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ഈ രംഗത്ത് ടൂറിസം വകുപ്പ്, വ്യവസായ വകുപ്പ്, കേരളാ ടൂറിസം ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുടെ ഏകോപനം സാദ്ധ്യമാക്കും. നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളം മാറുന്നതോടെ ഈ രംഗത്ത് വലിയ മുതൽമുടക്ക് വരും എന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ 50 കോടിയിലധികം മൂലധനമുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നവർക്ക് മതിയായ രേഖകൾ സഹിതം അപേക്ഷിച്ചാൽ കോമ്പോസിറ്റ് ലൈസൻസ് നൽകുന്ന സംവി+ധാനം വ്യവസായ വകുപ്പിന് ഇപ്പോൾ തന്നെയുണ്ട്. ഉത്തരവാദിത്ത നിക്ഷേപവും ഉത്തരവാദിത്ത ടൂറിസവുമാണ് ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നത്. അതേസമയം അത് പരിസ്ഥിതിക്ക് അനുയോജ്യവുമാകണം.

അതിദരിദ്രർക്ക് അതിജീവനം, അവകാശ ലാഭം കർഷകർക്ക്

എത്രയേറെ കഷ്ടപ്പെട്ടിട്ടും ദാരിദ്ര്യത്തിൽ ജീവിക്കേണ്ടി വരുന്ന വലിയൊരു ജനവിഭാഗം കേരളത്തിലുണ്ട്. അവർക്ക് മൃഗസംരക്ഷണ ക്ഷീര വികസന മേഖലകൾ കൂട്ടാകും. അതിദരിദ്രരെ കണ്ടെത്തി ഓരോ കുടുംബത്തിനും അതിജീവനത്തിനുള്ള മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള പദ്ധതി തദ്ദേശ സ്വയംഭരണ വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. അവരെ സഹായിക്കുവാൻ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകൾക്കാവും എന്നാണ് പ്രതീക്ഷിക്കുന്നത്. പാലും, മുട്ടയും ഉൾപ്പെടെ കർഷകരിൽ നിന്നും സ്വീകരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കുന്ന കമ്പനികൾ വലിയലാഭം ഉല്പന്നവില്പനയിലൂടെ നേടുന്നുണ്ട്. അപ്പോൾ അതിന്റെ ഒരു ഓഹരി കർഷകർക്ക് കൂടി നൽകാൻ തക്കവണ്ണം അവകാശലാഭ നിയമം പാസ്സാക്കേണ്ടതുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തണം

സർക്കാരിന്റെ സാമ്പത്തിക സഹായം കൊണ്ടാണ് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പലതും പ്രവർത്തിക്കുന്നത്. കേരളാ ഫീഡ്സ്, കേരളാ ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, എന്നീ സ്ഥാപനങ്ങളെ ലാഭത്തിലേക്ക് കൊണ്ടുവരും. മികച്ച പദ്ധതികൾ കേന്ദ്രത്തിന് സമർപ്പിച്ച് കേന്ദ്രവിഹിതം കൂടി ഇക്കാര്യത്തിൽ നേടിയെടുക്കാം. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ് വഴി വമ്പിച്ച മൃഗസംരക്ഷണ പ്രോജക്ടുകൾക്ക് 50 ശതമാനം സബ്സിഡി നൽകുന്ന രാഷ്ട്രീയ ഗോകുൽ മിഷന് സംസ്ഥാനത്ത് തുടക്കമിട്ടു കഴിഞ്ഞു. പശു വളർത്തൽ, പന്നി വളർത്തൽ എന്നിങ്ങനെയുള്ള മെഗാ പ്രോജക്ടുകൾക്ക് 25 ലക്ഷം രൂപ വരെ സബ്സിഡി നൽകുന്നുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സംയുക്ത സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം വടക്കൻമേഖലകളിലേക്ക് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നുണ്ട്. ആഭ്യന്തര മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള അസംഖ്യം പദ്ധതികൾക്ക് കോർപ്പറേഷൻ രൂപം നൽകിയിട്ടുണ്ട്. നിലവിൽ ഏറ്റവും കൂടുതൽ പാൽവില ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. ക്ഷീരമേഖലയിൽ 8 ലക്ഷ

ത്തോളം കുടുംബങ്ങൾ പശുക്കളെ വളർത്തുന്നുണ്ട്. ഇതിൽ 3.97ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങൾ മെച്ചപ്പെടുന്നതോടെ അതിന്റെ ഗുണഫലം കർഷകർക്ക് കൂടി കിട്ടുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

പൊതുജനാരോഗ്യത്തിലും ശ്രദ്ധ

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ തെരുവുനായ ജനനനിയന്ത്രണ ശസ്ത്രക്രിയായൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. നായ്പ്പെരുപ്പം നിയന്ത്രിച്ച് പൊതുജനാരോഗ്യ രംഗത്ത് ഇടപെടുന്ന എബിസി പദ്ധതി ഊർജ്ജിതപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പേവിഷബാധ തടയുവാൻ എല്ലാ വളർത്തു നായ്ക്കൾക്കും പ്രതിരോധ വാക്സിൻ നല്കും. വാക്സിനേഷൻ മൂലം സജ്ജമാകുന്ന പ്രതിരോധ ശേഷിയുടെ അളവ് നിർണ്ണയിക്കുന്നതിനുള്ള പരിശോധനയ്ക്കും ഇപ്പോൾ സംവിധാനമുണ്ട്.

കൈകോർക്കാൻ സഹകരണമേഖലയും, ക്ഷീരശ്രീയും

സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ അംഗങ്ങളായ വനിതകളെ ഒരുമിച്ച് ചേർത്ത് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിക്കുന്നു. അവർക്ക് വായ്പ ലഭ്യമാക്കി പുതുസംരംഭങ്ങൾ ആരംഭിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗ്രൂപ്പിലൂടെ ബ്രാൻഡഡ് ഉല്പന്നങ്ങൾ സൃഷ്ടിച്ച് വിപണിയിലെത്തിക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ട്. കുടുംബശ്രീ യൂണിറ്റുകളുടേയും, സഹകരണ സംഘങ്ങളുടേയും ഉല്പന്നങ്ങൾ, ഗുണനിലവാരം ഉറപ്പു വരുത്തി ഏകീകൃത ബ്രാന്റിൽ ലഭ്യമാക്കുവാനാണ് പരിപാടി. പ്രത്യേകം ഔട്ട്ലെറ്റുകളും ഇതിനായി തുടങ്ങേണ്ടി വരും.

ഒരുമിച്ച് മുന്നോട്ട്

കർഷകരേയും, സംരംഭകരേയും ഉദ്യോഗസ്ഥരേയും എല്ലാം ഒത്തൊരുമിപ്പിച്ചുള്ള ഒരു മുന്നേറ്റമാണ് വിജയം കാണുക. സർക്കാരും, വകുപ്പുകളും നടപ്പിലാക്കുന്ന എല്ലാ പദ്ധതികളേയും നെഞ്ചോടു ചേർത്തിട്ടുള്ള കർഷകരിൽ തന്നെയാണ് സർക്കാരിന്റെ വിശ്വാസം. അവരോട് തോളോട് തോൾ ചേർന്നുനിന്നാൽ വികസനത്തിന്റെ വിജയക്കൊടി പാറിക്കുവാൻ കഴിയും. ഇന്ത്യയുടെ ക്ഷീരഭൂപടത്തിൽ കേരളത്തിന്റെ സ്വന്തം സ്ഥാനം അടയാളപ്പെടുത്തുന്ന ഭരണവർഷങ്ങളാണ് ഇനി വരാൻ പോകുന്നത്.

ഡോ.ശോശാമ്മ ഐപ്പ്

ജൈവസംരക്ഷണത്തിൽ വിടർന്ന പത്മശ്രീ

ഡോ.ശോശാമ്മ ഐപ്പ് ഒരു മാതൃബിംബമാണ്. പ്രകൃതിപോലെ. ഒരേ സമയം കരങ്ങളാൽ ചേർത്തുപിടിക്കുകയും നിലക്കാത്ത പോരാട്ടങ്ങൾക്ക് കരുത്തുപകരുകയും ചെയ്യുന്ന ഉറച്ച വ്യക്തിത്വം. ഒരു പക്ഷേ വറ്റിപോയേക്കാമായിരുന്ന ജനിതക നൈരന്തര്യത്തിന്റെ ഒരു നീർച്ചാലിനെ ഭൂമിയിൽ നിലനിർത്താനുള്ള, കാലം കാത്തുവെച്ച, നിയോഗം ഏറ്റുവാങ്ങാൻ തിരഞ്ഞെടുക്കപ്പെട്ട ഒരാൾ. 82-ാം വയസ്സിൽ പത്മശ്രീ പുരസ്കാരം ഏറ്റു വാങ്ങുമ്പോൾ, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് കേരളത്തിൽ ആദ്യമായി പത്മശ്രീക്ക് അർഹയാകുന്നുവെന്നത് ഈ മേഖലയക്ക് തന്നെ ഏറെ അഭിമാനകരം.

ഐക്യരാഷ്ട്ര സഭ 2010 വർഷം അന്താരാഷ്ട്ര ജൈവവൈവിധ്യവർഷമായി ആചരിച്ചു. ഇതേ തുടർന്ന് 2011 മുതൽ 2020 വരെ വിവിധ കർമ്മ പദ്ധതികളുമായി ജൈവവൈവിധ്യ ദശകമായി ആചരിച്ചു. പരിണാമചരിത്രത്തിലെ നരവംശാധിപത്യകാലത്താണ് ഏറ്റവും രൂക്ഷമായ ജൈവവൈവിധ്യ നഷ്ടങ്ങൾ ഭൂമിയിൽ ഉണ്ടായിട്ടുള്ളത്. ഭൂമിയുടെ അവകാശികൾ ആര് എന്ന ചോദ്യം കുറച്ചുകൂടെ അഗാധമായി നമ്മളിലേക്ക് എത്തേണ്ടതുണ്ട്. ഭൂമിയിൽ ഇന്നേ ദിവസം മൃഗങ്ങളും സസ്യങ്ങളും സൂക്ഷ്മജീവികളുമടങ്ങുന്ന പത്തു ലക്ഷത്തോളം ജീവജാലങ്ങൾ വംശനാശത്തിന്റെ വക്കിലാണ് എന്ന് നാം ഓർക്കണം. ഇന്ത്യയിൽ ആദ്യമായി വംശനാശത്തിന്റെ വക്കിൽ നിന്നും ഒരു ജനുസ്സിനെ രക്ഷിപ്പെടുത്തി സുസ്ഥിരനിലനിൽപ്പിലേക്ക് എത്തിച്ചുവെന്നതാണ് വെച്ചൂർ സംരക്ഷണ പദ്ധതിയുടെ പ്രത്യേകത. ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ മൃഗങ്ങളെ സംരക്ഷിക്കുക മാത്രമല്ല, വിദ്യാർത്ഥികളേയും കർഷകരേയും ഉൾപ്പെടുത്തി, ഭാവനാപൂർണ്ണമായ തുടർപ്രവർത്തനങ്ങളിലൂടെ എട്ട് വെച്ചൂർ പശുക്കളിൽ നിന്നും മുപ്പതു വർഷം കൊണ്ട് അയ്യായിരത്തിലധികം വെച്ചൂർ പശുക്കളുടെ ഒരു കൂട്ടത്തെ കേരളത്തിൽ സൃഷ്ടിച്ചെടുക്കാൻ സാധിച്ചു. ഇന്ത്യയിൽ കന്നുകാലികളിലെ 30-ാമത്തെ ജനുസ്സായി വെച്ചൂരിനെ രണ്ടായിരമാണ്ടിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ അംഗീകരിച്ചു. ഇതിനുപിന്നാലെ ഇതേ വഴിയിലൂടെ ആന്ധ്രാപ്രദേശിലെ പുംഗനൂർ, കർണ്ണാടകയിലെ മലനാട് ഗിഡ്ഡ്യ എന്നീ സ്വദേശി ജനുസ്സുകളും അംഗീകരിക്കപ്പെട്ടു.

കുട്ടനാട്ടിലെ ബാല്യകാലം

തിരുവല്ലക്കടുത്ത് നിരണം എന്ന കുട്ടനാടൻ ഗ്രാമത്തിൽ പ്രകൃതിയുടെ താളത്തിനൊത്ത്

വളർന്ന ബാല്യകൗമാരങ്ങൾ. ആകാശം കുനിഞ്ഞ് ചെന്ന് പാടത്തു മുട്ടുമെന്ന് തോന്നിക്കുന്ന വിശാലമായ പാടശേഖരങ്ങൾ, വെയിൽ ചായുന്ന സന്ധ്യകൾ, കൊയ്ത്തുകാലത്ത് മെതിക്കളങ്ങളിൽ പുറമേ നിന്നെത്തുന്ന കുടുംബങ്ങളുടെ ജീവിത നിമിഷങ്ങളുടെ നിറമാർന്ന ഓർമ്മചിത്രങ്ങൾ. അമ്മിണിയെന്ന വെച്ചൂർപ്പശു ചുരത്തിയ പാലിന്റെ രുചിയോർമ്മകൾ ഇറ്റുന്ന മധുരബാല്യം.

പഠിക്കാൻ മിടുക്കിയായ കുട്ടി. കെമിസ്ട്രിയും കണക്കും ഇഷ്ടവിഷയങ്ങൾ. പ്രീ - യൂണിവേഴ്സിറ്റിക്ക് ശേഷം തുടർപഠനത്തിനായുള്ള അന്വേഷണത്തിലാണ് വെറ്ററിനറി സയൻസ് എന്ന കോഴ്സിലേക്ക് എത്തുന്നത്. ബന്ധത്തിലുളള ഒരാൾ വെറ്ററിനറി കോളേജിൽ പഠിച്ചിരുന്നത് സഹായകരമായി. 1958 ൽ തൃശ്ശൂർ മണ്ണുത്തി വെറ്ററിനറി കോളേജിലെ മൂന്നാമത്തെ ബാച്ചുകാരിയായി ശോശാമ്മ ഐപ്പ് ബിരുദപഠനം പൂർത്തിയാക്കി. 1962 മുതൽ 1970 വരെ മൃഗസംരക്ഷണ വകുപ്പിൽ മണർക്കാട് പൗൾട്രിഫാം ഉൾപ്പടെയുള്ള സ്ഥലങ്ങളിൽ ജോലി ചെയ്തു. ഉത്തർപ്രദേശിലെ മഥുര വെറ്ററിനറി കോളേജിൽ നിന്നും പോസ്റ്റ് ഗ്രാജുവേഷനും 1975 ൽ എൻ.ഡി.ആർ.ഐ യിൽ നിന്നും ഡോക്ടറേറ്റും നേടി. 1977ൽ വെറ്ററിനറി കോളേജിൽ ജനറ്റിക്സ് വിഭാഗത്തിൽ അദ്ധ്യാപന ജോലിയിൽ പ്രവേശിച്ചു.

പ്രകൃതിയോട് ഉൾച്ചേർന്ന കുട്ടനാടൻ ജീവിതം നൽകിയ പാരിസ്ഥിതിക വിവേകം, വിദ്യാർത്ഥികളുടെ ചെറിയ പ്രകൃതിപഠന കൂട്ടായ്മകളായി രൂപം കൊണ്ടു. ഭൗമസ്നേഹികളായ വിദ്യാർത്ഥികളുടെ ഈ ചെറുസംഘം പരിസ്ഥിതി സംബന്ധമായ പഠനങ്ങൾ, ചർച്ചകൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിച്ചിരുന്നു. അനിൽ സക്കറിയായുടെ നേതൃത്വത്തിലുള്ള ഈ കുട്ടികളുടെ ചർച്ചകളിലാണ് വെച്ചൂർ പശു കടന്നു വരുന്നത്. പിന്നീട് വെച്ചൂർ പശുവിനായുള്ള ഗവേഷണത്തിലാണ് (ഗവേഷണമെന്നാൽ പശുവിനെ അന്വേഷിക്കൽ) വൈക്കത്തിനടുത്ത് ഉല്ലലയിൽ ഉള്ള മനോഹരന്റെ മരോട്ടിനിറമുള്ള അനിലയെന്ന വെച്ചൂർ പശുവിനെ കണ്ടെത്തുന്നത്.

വെച്ചൂർ എന്ന വഴിത്തിരിവ്

ലോകത്തിലെ ഏറ്റവും ചെറിയ പശുവെന്ന ഗിന്നസ് റിക്കോഡ് കരസ്ഥമാക്കിയ ഇനമാണ് വെച്ചൂർ. കേരളത്തിന്റെ ഈർപ്പവും ചൂടുമുള്ള കാലാവസ്ഥയോട് ചേർന്നു പോകാനുള്ള സ്വാഭാവിക കഴിവ്, കുറഞ്ഞ തീറ്റചെലവ്, ഉയർന്ന രോഗ പ്രതിരോധശേഷി എന്നിവയാണ് സവിശേഷതകൾ. ഇക്കാരണങ്ങളാൽ വെച്ചൂർ പശു കേരളത്തിലെ കർഷകർക്ക്, പ്രത്യേകിച്ച് കോട്ടയം, ആലപ്പുഴ, എറണാകുളം, ജില്ലയിലെ താഴ്ന്ന പ്രദേശത്തുള്ള കർഷകർക്ക് പ്രിയപ്പെട്ട ജനുസ്സായി മാറി. കൊഴുപ്പ് കണികകളുടെ വലിപ്പക്കുറവ്, ഫോസ്ഫോലിപ്പിഡുകൾ, ആന്റിബയോട്ടിക് സ്വഭാവമുള്ള ലാക്ടോഫെറിൻ പ്രോട്ടീനുകളുടെ വർദ്ധിച്ച സാന്നിദ്ധ്യം, എ2 ബീറ്റാ കേസിന്റെ ഉയർന്ന അളവ് എന്നിവ വെച്ചൂർ പാലിനെ കുട്ടികൾക്കും, പ്രായമുള്ളവർക്കും രോഗികൾക്കും കൂടുതൽ ഉപയോഗയോഗ്യമാക്കി.

ഒരു പ്രദേശത്തിന്റെ കാലാവസ്ഥക്കും ഭൂപ്രകൃതിക്കും യോജിച്ച വിധത്തിലാണ് ജനുസ്സുകൾ രൂപപ്പെട്ടു വരുന്നത്. ലൈംഗീക പ്രജനനത്തിലൂടെ പ്രകൃത്യാ ജനിതകവൈവിധ്യമുണ്ടാകുന്നു. അവയിൽ ചിലത് പ്രകൃതി തിരഞ്ഞെടുക്കുന്നു കർഷകർ, തങ്ങൾക്ക് ഗുണകരമായ സവിശേഷത ഉള്ള മൃഗങ്ങളെ തിരഞ്ഞെടുത്ത് പ്രജനനം നടത്തുന്നു. ഈ രണ്ടു പ്രക്രിയകളിലൂടെയാണ് ജനുസ്സുകൾ ഉണ്ടാവുന്നത്. ജൈവവൈവിധ്യ കലവറകളായ ഉഷ്ണമേഖലാ പ്രദേശങ്ങളിൽ ഇത്തരം ജനുസ്സുകൾ സംരക്ഷിക്കപ്പെടണം എന്ന് പറയുവാൻ ധാരാളം കാരണങ്ങളുണ്ട്. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ആസന്ന ഭീഷണികളായി മുമ്പിൽ നിൽക്കുമ്പോൾ, താപ സഹിഷ്ണതകൂടിയ ജനുസ്സുകളെ ഭാവിതലമുറകൾക്കായി സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഇത്തരം മൃഗങ്ങളുടെ രോഗപ്രതിരോധശേഷി, താപസഹിഷ്ണത എന്നിവക്ക് കാരണമായ ജനുസുകളെപ്പറ്റി ശാസ്ത്രീയ പഠനങ്ങൾ നടക്കേണ്ടി

യിരിക്കുന്നു. ഏതു നാടിന്റെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും ഭാഗമാണ് മണ്ണും മനുഷ്യനും മൃഗങ്ങളും ചെടികളും. അതുകൊണ്ട് ഈ സാംസ്കാരിക പൈതൃകങ്ങളെ ഭാവി തലമുറക്ക് കൈമാറേണ്ടതുണ്ട്.

1961 ൽ ലൈവ്സ്റ്റോക്ക് ഇംപ്രൂവ്മെന്റ് ആക്റ്റ് നടപ്പിലാക്കിയതോടു കൂടി പ്രജനനത്തിനായി നാടൻ കാളകളെ ഉപയോഗിക്കുന്നത് നിലച്ചു. കൃത്രിമ ബീജസങ്കലനം വ്യാപകമാക്കി. ഇതുമൂലം കേരളത്തിലെ പാലുൽപാദനത്തിൽ വലിയ വർദ്ധനവുണ്ടായി. എന്നാൽ വെച്ചൂർ പോലെയുള്ള നാടൻ ഇനങ്ങൾ കുറേശ്ശയായി അപ്രത്യക്ഷമായി തുടങ്ങി. 1980 ഓടുകൂടി കേരളത്തിലെ വെച്ചൂർ പശുക്കൾ വംശനാശത്തിന്റെ വക്കിലെത്തി.

1989 ൽ കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി അനുവദിച്ച അറുപത്തിയയ്യായിരം രൂപയുമായാണ് വെച്ചൂർ സംരക്ഷണ പദ്ധതി ആരംഭിച്ചത്. നീണ്ട അലച്ചിലുകൾക്കും അന്വേഷണങ്ങൾക്കുമൊടുവിൽ കണ്ടെത്തിയ അനിലയും ധേനുവുമടങ്ങിയ എട്ടു പശുക്കളെ 1989 ജൂലൈ മാസം 26 -ാം തീയതി യൂണിവേഴ്സിറ്റി ഫാമിൽ എത്തിച്ചു. ഒരു വർഷത്തിനുള്ളിൽ 24 പശുക്കളെക്കൂടി കണ്ടെത്തി. അതു പ്രകൃതിയോടുള്ള ഒരു കടം വീട്ടലിന്റെ തുടക്കമായിരുന്നു. തുടക്കം പിഴച്ചില്ല. പശുക്കളുടെ എണ്ണം പെരുകി. പിന്നീട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഐ.സി.എ.ആർ ന്റെ സഹായം ലഭിച്ചു തുടങ്ങി. തീരദേശത്തിന്റെ 'വെച്ചൂർ പശു'വിനൊപ്പം തന്നെ 1990 ൽ മലനാടിന്റെ 'കാസർഗോഡ് പശു സംരക്ഷണ പദ്ധതി'യും ആരംഭിച്ചു.

ദുരിതക്കടലാഴങ്ങളിൽ നിന്നൊരു കാമധേനു

ദുരിതങ്ങളുടെ വൻതിരകൾ അവസാനിക്കാത്ത ഒരു കടൽ യാത്രയായിരുന്നു വെച്ചൂർ സംരക്ഷണ പദ്ധതി ആരംഭിച്ച മുതൽ 1998 അവസാനം വരെയുള്ള കാലം. പദ്ധതിയിലേക്ക് വാങ്ങിക്കൊണ്ടുവന്ന പശുക്കൾ യഥാർത്ഥത്തിൽ വെച്ചൂർ അല്ലായെന്നതായിരുന്നു ആദ്യ ആരോപണം. പൂർവ്വ മാതൃകകളില്ലാതെ നടപ്പിലാക്കിയ ഒരു പദ്ധതിയെന്ന നിലയിൽ ആരോപണങ്ങളെ പ്രതിരോധിക്കുക ദുഷ്കരമായിരുന്നു. ആദ്യം കൊണ്ടു വന്ന പശുക്കളുടെ പിൻ തലമുറകളുടെ ശാരീരിക പ്രത്യേകതകളിലൂടെ ഇവ വെച്ചൂർ തന്നെയാണെന്ന് സാക്ഷ്യപ്പെടുത്തി. 1993 സെപ്റ്റംബറിൽ തുടങ്ങിയ വെച്ചൂർ പശുക്കളുടെ ദുരൂഹമരണം ഒരു തുടർച്ചയായി. പത്തൊൻപതോളം പശുക്കൾ മരണപ്പെട്ടു. ഫോറേറ്റ് എന്ന വിഷം ഉള്ളിൽ ചെന്നാണ് മരണമെന്ന് പരിശോ

ധനാ ഫലം വന്നു. പോലീസ് അന്വേഷണം നടന്നുവെങ്കിലും പ്രതികളെ ഇന്നും വെളിച്ചത്ത് കൊണ്ടുവരാനായിട്ടില്ല. 1996 ൽ ഡോ. ശോശാമ്മ ഐപ്പിന് മണ്ണുത്തി ലൈവ്സ്റ്റോക്ക് ഫാമിന്റെ ചുമതലയുള്ളപ്പോൾ ഉണ്ടായ തീപിടിത്തത്തിൽ ഇരുപത്തെട്ടോളം പശുക്കൾ വെന്തു മരിച്ചു. ഇല ക്ട്രിക് ഷോർട്ട് സർക്യൂട്ടാണ് അപകട കാരണ മെന്ന് കരുതപ്പെടുന്നു.

1994 ആഗസ്റ്റിൽ, വെച്ചൂർ പശുക്കളുടെ ഭ്രൂ ണം വിദേശത്തേക്ക് കടത്താൻ നീക്കം എന്ന ഗുരുതരമായ ആരോപണം പ്രാദേശിക പത്രങ്ങ ളിൽ വന്നു. മലയാളത്തിലെ ചെറുതും വലുതു മായ പല മാധ്യമങ്ങളിലും ഈ വ്യാജവാർത്ത വ്യാപകമായി പ്രചരിച്ചു. പ്രശസ്ത പരിസ്ഥിതി പ്രവർത്തകയായ ഡോ. വന്ദന ശിവ 1997 നവം ബറിൽ ഡൽഹിയിൽ വച്ച് ജന്തുക്ഷേമ ബോർ ഡ് നടത്തിയ സെമിനാറിൽ, വെച്ചൂർ പശുവിന് റോസിലിൻ ഇൻസ്റ്റിറ്റ്യൂട്ട് പേറ്റന്റ് എടുത്തുവെന്ന് പ്രസ്താവിച്ചു ഡൗൺ റ്റു എർത്ത്, ആനിമൽ സിറ്റിസൺ എന്നീ പ്രസിദ്ധീകരണങ്ങളിൽ ഡോ. വന്ദന ശിവയുടെ പ്രസ്താവന വന്നു. ഇത് വലിയ കോളിളക്കം സൃഷ്ടിച്ചു. ഭരണതലത്തിലെ ഉന്ന തരടക്കം പലരും വെച്ചൂർ സംരക്ഷണ പദ്ധതി ക്കെതിരെ രംഗത്തു വന്നു. വെച്ചൂർ സംരക്ഷണ പദ്ധതിയുടെ മുഴുവൻ കാര്യങ്ങളും അന്വേഷിക്കു ന്നതിനായി സർക്കാർ അന്വേഷണ കമ്മീഷനെ നിയമിച്ചു. കമ്മീഷൻ പ്രവർത്തനം ആരംഭിച്ചെ ങ്കിലും ഹൈക്കോടതി നൽകിയ സ്റ്റേയുടെ അടി സ്ഥാനത്തിൽ അന്വേഷണം നിർത്തിവച്ചു.

പേറ്റന്റ് വിവാദം സംബന്ധിച്ച് കേന്ദ്ര ബയോ ടെക്നോളജി വകുപ്പ്, എം.എസ് സ്വാമിനാഥൻ ഫൗണ്ടേഷൻ, ജൈവ കള്ളക്കടത്തിനെക്കുറിച്ച് അന്വേഷണം നടത്തുന്ന ആർ. എ. എഫ്. ഐ എന്നീ ഏജൻസികൾ, അന്വേഷണം നടത്തുക യും ആരോപണം തെറ്റാണെന്ന് കണ്ടെത്തുക യുമുണ്ടായി. ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലും അന്വേഷണം നടത്തി ആരോപണം സത്യവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടു.

1998 ൽ ഡോ. ശ്യാമസുന്ദരൻ നായർ കാർ ഷിക സർവ്വകലാശാല വൈസ് ചാൻസ്ലർ ആയിരിക്കുമ്പോൾ ഇതു സംബന്ധിച്ച് പുറത്തി റക്കിയ ധവള പത്രത്തിൽ വെച്ചൂർ സംരക്ഷണ പദ്ധതിക്ക് എതിരെയുള്ള എല്ലാ അരോപണങ്ങളും തെറ്റാണെന്ന് സമർത്ഥിച്ചു. ജൈവ സംരക്ഷണ മേഖലയിൽ പ്രവർത്തിക്കുന്ന ശാസ്ത്രജ്ഞ രുടെ മനോവീര്യം തകർക്കുന്ന പ്രവർത്തന ങ്ങൾ ഒഴിവാക്കണമെന്ന് ധവള പത്രം ആവശ്യ പ്പെട്ടു. ഇംഗ്ലീഷ് കവിയായ സാമുവൽ ടെയ്ലർ കോളറിഡ്ജിന്റെ "The Rime of the ancient Mariner" എന്ന വിഖ്യാത കവിതയെ അനുസ്മരി ച്ചുള്ള പ്രാചീന നാവികന്റെ കഴുത്തിലെ ശാപകാ രണമായ ആൽബട്രോസിന്റെ ജഡം അറ്റുവീണതു പോലെ, തന്റെ ദുരിതകാലം 1998 അവസാനം കൊഴിഞ്ഞു പോയി എന്ന് ഡോ. ശോശാമ്മ ഐപ്പ് തന്റെ പുസ്തകത്തിൽ കാവ്യാത്മകമാ യി കുറിക്കുന്നു.

വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ്

ജൈവസംരക്ഷണ ജനകീയ മുന്നേറ്റം

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ സഹായത്തോടെ വെച്ചൂർ സംരക്ഷണ പദ്ധതി നടന്നു വരുമ്പോൾ തന്നെ ഒരു യൂണിവേഴ്സിറ്റി സംവിധാനത്തിൽ പ്രവർത്തിക്കുന്നതിന്റെ പരിമി തികളെ തിരിച്ചറിയുന്നുണ്ടായിരുന്നു. വെച്ചൂർ പശുവെന്ന ജനുസ്സ് നിലനിൽക്കണമെങ്കിൽ കേര ളത്തിലെ അതിന്റെ സ്വാഭാവിക ആവാസ ഭൂമിക യിൽ കർഷകരുടെ ഇടയിൽ വീണ്ടും സ്വീകരി ക്കപ്പെടേണ്ടതിന്റെ ആവശ്യം ഇവർ മനസ്സിലാക്കി. മൃഗപരിപാലകരും പരിസ്ഥിതി പ്രവർത്തകരും വിദ്യാർത്ഥികളും അടങ്ങുന്ന ഒരു സംഘം ഇതി ന് സഹായകരമായി മുന്നോട്ട് വന്നു. 1997 -ൽ ഡോ. ശോശാമ്മ ഐപ്പിന്റെ നേതൃത്വത്തിൽ പതിനാലാംഗ വെച്ചൂർ കൺസർവേഷൻ ട്രസ്റ്റ് രൂപം കൊണ്ടു.

വെച്ചൂർ പശുക്കളുടെ ഉടമസ്ഥരായ കർഷകർ ക്ക് ജനിതക നിലവാരമുള്ള വെച്ചൂർ കാളകളുടെ ബീജം ലഭ്യമല്ലായിരുന്നു എന്നതാണ് ആദ്യം പരിഹരിക്കേണ്ടിയിരുന്ന പ്രശ്നം. ഇതിനായി ട്രസ്റ്റ് നീണ്ടൂരിൽ സ്വന്തമായി സ്ഥലം കണ്ടെത്തു കയും എട്ട് വെച്ചൂർക്കാളകളുമായി ഒരു ബുൾ സ്റ്റേഷൻ ആരംഭിക്കുകയും ചെയ്തു. ആവശ്യ ക്കാർക്ക് ഇവിടെ നിന്നും ശീതീകരിച്ച ചിൽഡ് സെമൻ ലഭ്യമാക്കി. ഇതിലൂടെ സർവ്വകലശാലക്ക് പുറത്ത് വെച്ചൂർ പശുക്കളുടെ ഒരു ശേഖരം വളർത്തിയെടുക്കാൻ സാധിച്ചു. ഇതിനുശേഷം കർഷകരുടെ ആവശ്യത്തിനായി ഗാഢശീതികര ണം നടത്തിയ, യൂണിവേഴ്സിറ്റിയിൽ നിന്നുള്ള സെമനും പല കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി. പിന്നീട് കെ.എൽ.ഡി ബോർഡ് ഗാഢശീതികര ണം നടത്തിയ സെമൻ കേരളത്തിലെ മൃഗാശു പത്രികൾ വഴി ലഭ്യമാക്കുന്നതു വരെ കർഷകർ വെച്ചൂർ ട്രസ്റ്റിനെയാണ് ഇക്കാര്യത്തിൽ ആശ്ര യിച്ചിരുന്നത്.

ശാസ്ത്ര സാങ്കേതിക വകുപ്പ്, ദേശീയ ജൈ വവൈവിധ്യ ബോർഡ്, യു.എൻ.ഡി.പി. യുടെ കീഴിലുള്ള ഗ്ലോബൽ എൻവയോൺമെന്റൽ ഫെ സിലിറ്റി എന്നിങ്ങനെ വിവിധ ഏജൻസികളുടെ

ധനസഹായത്തോടെയാണ് ട്രസ്റ്റ് പ്രവർത്തിച്ചു വന്നത്.

മറ്റു നാടൻ ജനുസ്സുകളുടെ സംരക്ഷണം, ജൈവകൃഷി, വിഷരഹിത ഭക്ഷണം എന്നീ ആശയങ്ങളുടെ പ്രോത്സാഹനം എന്നിവയും ട്രസ്റ്റ് ലക്ഷ്യം വെക്കുന്നു. ഇതിനായി വിദഗ്ധരെ ഉൾപ്പെടുത്തി സെമിനാറുകളും ബോധവത്ക്കരണ പ്രവർത്തനങ്ങളും ഇതിനകം ട്രസ്റ്റിന്റെ നേതൃത്വത്തിൽ കേരളത്തിൽ പലയിടങ്ങളിലും സംഘടിപ്പിക്കുകയുണ്ടായി.

2019 ഡിസംബറിൽ ജീവിത പങ്കാളിയായ ഡോ. എബ്രഹാം മാത്യു കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മക്കളായ റബേക്ക വർഗ്ഗീസ് അമേരിക്കയിലെ ന്യൂ ജേഴ്സിയിൽ ഡോക്ടറാണ്. മകൻ ജോർജ്ജ് എബ്രഹാം കാനഡയിൽ ജോലി ചെയ്യുന്നു. മക്കളും മരുമക്കളായ ജോർജ്ജ്, ശ്രുത എന്നിവരും നാലു കൊച്ചുമക്കളും അടങ്ങുന്ന കുടുംബത്തോടൊപ്പം വിശ്രമജീവിതം നയിക്കുമ്പോഴും വെച്ചൂർ ട്രസ്റ്റ് അതിന്റെ പ്രവർത്തനങ്ങൾക്ക് ഡോ.ശോശാമ്മ ഐപ്പിന്റെ അഭിപ്രായങ്ങൾക്കും ഉപദേശങ്ങൾക്കും ഏറെ പ്രാധാന്യം നൽകുന്നു.

സമീപസ്ഥമായ രണ്ടു മലകൾ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത് അവയ്ക്കിടയിൽ ഒരു അണ കെട്ടാൻ ആണെന്ന വികലവികസന ബുദ്ധികളെക്കുറിച്ചുള്ള ഫലിതം ഏതെങ്കിലും അതിതീവ്ര പരിസ്ഥിതി വാദികളുടേതാകാം. എങ്കിലും നമ്മുടെ വികസന മാതൃകകളേയും കാഴ്ചപ്പാടുകളേയും പുനർവായനക്ക് വിധേയമാക്കേണ്ടതുണ്ടെന്നാണ് പുതിയ കാലം നമ്മെ പഠിപ്പിക്കുന്നത്. പ്രകൃതിയെന്നത് നമുക്ക് പുറത്തുള്ള എന്തോ ഒന്ന് അല്ലായെന്നും നമുക്കുള്ളിലും പുറത്തുമായി നിറഞ്ഞൊഴുകുന്ന ഉൺമയാണെന്നും ബോധ്യമുള്ള ഹരിതഹൃദയമുള്ള മനുഷ്യരാണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്താൻ നിയോഗമുള്ളവർ, ഡോ. ശോശാമ്മ ഐപ്പ് അവരിൽ ഒരാളാണ്. കേരളത്തിന്റെ ജൈവസംരക്ഷണ ചരിത്രവഴികളിൽ ഡോ. ശോശാമ്മ ഐപ്പ്, ഒരിക്കലും കൊഴിയാത്ത പൂമരമായി എന്നും നിൽക്കുക തന്നെ ചെയ്യും.

തയ്യാറാക്കിയത്
ഡോ. അലക്സ് എബ്രഹാം
ഡോ.മീര അൺവിൻ ആന്റണി
ഡോ. ലീനാ പോൾ

കേരള അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റ് മീഡിയ ഡിവിഷൻ

Facebook
Kerala Animal Husbandry Dept. Media Division

https://www.facebook.com/ahdmediadivision/

YouTube
Kerala Animal Husbandry Dept. Media Division

https://www.youtube.com/channel/UC3Ubwz_MvwtHdgJMzdvzuAQ

ജീവജാലകം രചനകൾ ക്ഷണിക്കുന്നു

കേരള സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന്റെ ജീവജാലകം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തുന്നതിന് മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ലേഖനങ്ങൾ, അനുഭവക്കുറിപ്പുകൾ, വിജയഗാഥകൾ, ചിത്രങ്ങൾ, കാർട്ടൂണുകൾ തുടങ്ങിയവ ക്ഷണിക്കുന്നു. ഇവ എഡിറ്റബിൾ ഫോർമാറ്റിലും പി.ഡി.എഫ് ആയും നൽകേണ്ടതാണ്. ഫോട്ടോകൾ/ചിത്രങ്ങൾ എന്നിവ JPEG രൂപത്തിലാണ് നൽകേണ്ടത്. ഇവ jeevajalakam21@gmail.com എന്ന ഇമെയിൽ വിലാസത്തിൽ അയച്ചു നൽകേണ്ടതാണ്. രചനകൾ മറ്റിടങ്ങളിൽ പ്രസിദ്ധീകരിച്ചവയോ പ്രസിദ്ധീകരണത്തിനായി നൽകിയവയോ ആകരുത്. കൃതികൾ 1200 വാക്കുകളിൽ കവിയരുത്. തിരഞ്ഞെടുക്കപ്പെടുന്ന രചനകൾ പ്രസിദ്ധീകരിക്കും. അവയ്ക്ക് സർക്കാർ മാനദണ്ഡപ്രകാരമുള്ള ഓണറേറിയത്തിന് അർഹതയുണ്ടായിരിക്കും.

കണ്ടു കണ്ടങ്ങിരിക്കും നായയെ...

തിലകം ചാർത്തിയും പൂമാലയണിഞ്ഞും കുപ്പുകരങ്ങൾക്കു മധ്യേ അവൻ ഉപവിഷ്ഠനായിരിക്കുകയാണ്. ഓരോ നായ്ജന്മവും ആണ്ടിലൊരിക്കൽ ദേവപദത്തിലേക്കുയരുന്നു. ദൈവങ്ങളുടെ സഹചാരികളായ പക്ഷിമൃഗാദികൾ ഭാരതീയ പുരാണങ്ങളിൽ പലതുണ്ടെങ്കിലും തൊട്ടയൽരാജ്യമായ നേപ്പാളിലെത്തുമ്പോൾ ആണ്ടിലൊരു ദിനം നായ്ക്കൾ തന്നെ ആരാധനാമൂർത്തികളാകുകയാണ്. അതാണ് കുകുർ തിഹാർ ആഘോഷം.

"കുകുർ തിഹാർ" എന്ന നേപ്പാളി വാക്കിന് അർഥം ആരാധിക്കുക എന്നു മാത്രം. അക്ഷരാർഥത്തിൽ അന്നൊരു ദിനം നായ്ക്കൾ നേപ്പാളിലെങ്ങും ആരാധിക്കപ്പെടുകയാണ്. തിഹാർ എന്നത് ഒക്ടോബർ-നവംബർ മാസങ്ങളിലായി നേപ്പാളിലെങ്ങും ആഘോഷിക്കപ്പെടുന്ന പഞ്ചദിന ഉത്സവമാണ്. അതിന്റെ രണ്ടാം നാളാണ് നായ്ക്കൾക്കായി പതിച്ചു നൽകിയിരിക്കുന്നത്. ഇന്ത്യയിൽ ദീപാവലിവരുന്ന സമയത്താണ് നേപ്പാളിന്റെ തിഹാർ ആഘോഷം. ആഘോഷപൊലിമയിൽ നേപ്പാളിൽ ദഷൈൻ ഉത്സവം കഴിഞ്ഞാൽ രണ്ടാം സ്ഥാനത്തു വരുന്നതും തിഹാർ തന്നെ. ലോകത്തെവിടെയെല്ലാം നേപ്പാളികളുണ്ടോ അവിടെയെല്ലാം തിഹാർ ആഘോഷവും കുകുർ തിഹാറുമുണ്ട്. കാലങ്ങളിലൂടെ ഈ ആഘോഷം മാറ്റമൊന്നുമില്ലാതെ തുടരുന്നു.

ഉത്സവത്തിന്റെ ഭാഗമായി നായ്ക്കൾക്കു രാജകീയ ഭക്ഷണമാണ് വിളമ്പുന്നത്. മാംസം, പാൽ, മുട്ട എന്നിങ്ങനെയുള്ള ഗംഭീര മെനു. ഭക്ഷണം വിളമ്പുന്നതിനു മുമ്പായി അവയെ ഒരുക്കി നിർത്തുകയും ചെയ്യും. ഒരുക്കുക എന്നാൽ ആചാരപരമായ സ്നാനം, അതിനു

ശേഷം നെറ്റിയിൽ തിലകം ചാർത്തുക, കഴുത്തിലും ഉടലിനു കുറുകെയും പുഷ്പഹാരം ചാർത്തുക എന്നിങ്ങനെ. സർവാലങ്കാര വിഭൂഷിതരായ നായ്ക്കൾക്കു മുന്നിൽ ജനപദമൊന്നാകെ കൈകൂപ്പി പ്രാർഥിക്കുകയും ചെയ്യുന്നു. തിലകമെന്നാൽ ചിലർക്ക് സാധാരണ കുങ്കുമ തിലകം കൊണ്ടു തൃപ്തിപ്പെടാൻ സാധിക്കുമെങ്കിൽ ചിലർ ഒരു പടി കൂടി കടന്ന് അവയ്ക്കൊപ്പം അരിപ്പൊടിയും തൈരും വരെ ചേർക്കും. ആരെങ്കിലും അന്നേ ദിവസം നായ്ക്കളോട് ഭക്തി പൂർവമല്ലാതെ ഇടപെടുന്നതു തന്നെ പാപത്തിന്റെ ഗണത്തിലാണ് ഉൾപ്പെടുന്നത്.

മഹാഭാരത ഇതിഹാസത്തിൽ ധർമപുത്രർക്കൊപ്പം പരമപദം വരെയെത്താൻ സാധിക്കുന്നത് പഞ്ചപാണ്ഡവരിൽ മറ്റാർക്കുമോ പാഞ്ചാലിക്കോ അല്ലെന്നോർക്കുക. ധർമപുത്രരുടെ നീതിനിഷ്ഠയെ പരീക്ഷിക്കാനിറങ്ങിയ യമധർമൻ നായയുടെ രൂപം സ്വീകരിക്കുകയായിരുന്നെങ്കിലും ഇക്കാര്യം അറിയാതെയിരുന്ന പ്രഥമ പാണ്ഡവൻ തനിക്കൊപ്പം വഴിയത്രയും നടന്നുവന്ന നായയെ സാക്ഷാൽ ഇന്ദ്രനു മുന്നിൽ പോലും തള്ളിക്കളയാൻ തയാറായില്ല. ഈ നീതിബോധമാണ് ധർമപുത്രരെ പരമപദത്തിനർഹനാക്കുന്നതും. എന്നാൽ ഇന്ത്യൻ അതിർത്തി കടന്ന് നേപ്പാളിലെത്തിയാൽ പരമപദത്തിനുമപ്പുറം ദേവപദത്തിലേക്കാണ് നായ്ക്കൾ തിലകം ചാർത്തിയും പുഷ്പഹാരമണിഞ്ഞുമെത്തുന്നത്.

കുകുർ തിഹാറിലും യമധർമന്റെ റോൾ തീരെ ചെറുതൊന്നുമല്ല. പുരാണ പ്രകാരം യമധർമന് രണ്ടു നായ്ക്കളാണുള്ളത്-ശ്യാമയും ശർവരയും. യമപുരിക്ക് കാവൽ നിൽക്കുകയാണത്രേ ഇവയുടെ ധർമം. ഇവ കാവൽ നിൽക്കുന്ന പടി കടന്നേ ആർക്കും നരകത്തിലെത്താനാവൂ. അതുപോലെ നരകത്തിൽ നിന്നു രക്ഷപെടാനുമാകൂ. നായ്ക്കളെ ആരാധിക്കുന്നതിലൂടെ മരണത്തെ വളരെ പോസിറ്റീവായി കാണുന്നതിനുള്ള ഒരുക്കത്തിലാണ് തങ്ങളെന്നാണ് നേപ്പാളികളുടെ വിശ്വാസം. പരമപദത്തിലേക്ക് ധർമപുത്രരെയെന്ന പോലെ മരണശേഷമുള്ള പരലോക യാത്രയിൽ തങ്ങളെയും നായ് അനുഗമിക്കുമത്രേ. നരകത്തിലെ പീഢകളിൽ നിന്ന് രക്ഷയേകുന്നതും ഈ നായ്ക്കളായിരിക്കും. യമധർമന് നായ്ക്കളോടു പ്രിയമായതിനാൽ നായ്ക്കളെ ആരാധിക്കുന്ന തങ്ങൾക്കും അതിനൊത്ത പരിഗണന യമപുരിയിൽ ലഭിക്കുകയും ചെയ്യുമത്രേ.

ശൈവസങ്കൽപത്തിലെ കാലഭൈരവനുമായി ബന്ധപ്പെട്ടതാണ് കുകുർ തിഹാറുമായി ബന്ധപ്പെട്ട മറ്റൊരു വിശ്വാസം. കാലഭൈരവന്റെ

സഹചാരിയാണത്രേ നായ. ഇവിടെയും നായ പൂജയുടെ കണക്ഷൻ മരണവുമായി ബന്ധപ്പെട്ടു തന്നെ. യമധർമനും കാലപുരിയുമല്ലെങ്കിലും നിഗ്രഹദേവനാണല്ലോ ശിവൻ. അനായാസ മരണത്തിനും മരണാനന്തര അനുഭവങ്ങൾക്കും ശിവനു മാത്രമല്ല ശിവന്റെ സഹചാരിക്കും പൂജയും ആരാധനയും.

ഇത്രയും പറഞ്ഞത് വിശ്വാസ സംബന്ധമായ കാര്യങ്ങൾ. ഇനി വിശ്വാസത്തിനുമപ്പുറമുള്ള ചില വസ്തുതകളിലേക്ക്. നായ്ക്കൾ മനുഷ്യന്റെ സഹചാരിയും വിശ്വസ്തനുമായി മാറിയത് നേപ്പാളിലായിരുന്നെന്ന് ചില പഠനങ്ങൾ വ്യക്തമാക്കുന്നു. ന്യൂയോർക്കിലെ കോർണൽ സർവകലാശാലയിലെ ഗവേഷകനായിരുന്ന ആഡം ബോയ്കോയുടെ പഠനമാണ് ഇതു സംബന്ധിച്ച സൂചനകൾ നൽകുന്നത്. 165 നായ ജനുസുകളിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട 4600 വംശശുദ്ധിയുള്ള നായ്ക്കളിലായിരുന്നു പഠനം. ഇവയിലെ 185,800 ജനിതക മാർക്കറുകളാണ് പഠന വിധേയമാക്കിയത്. 38 രാജ്യങ്ങളിൽ നിന്നായിരുന്നു ഇത്രയും നായ് ജനുസുകളെ തിരഞ്ഞെടുത്തതും. നായ്ക്കളിൽ ഇന്നോളം നടന്നിട്ടുള്ള ഏറ്റവും വ്യാപകമായ പഠനമെന്നാണ് ഇതിനെ വിശേഷിപ്പിക്കുന്നത്. നായ്ക്കളെ ലോകത്താദ്യമായി ഇണക്കി വളർത്തിയത് നേപ്പാളിലും മംഗോളിയയിലുമാണെന്ന് ഈ പഠനം അനുമാനിക്കുന്നു.

നേപ്പാളി നായ്ക്കൾ സമീപകാല ചരിത്രത്തിലേക്ക് വാലാട്ടി കടന്നു വരുന്നത് 2015-ൽ അവിടെയുണ്ടായ ഭൂകമ്പത്തെ തുടർന്നാണ്. രക്ഷാപ്രവർത്തകർക്ക് സജീവമായ പിന്തുണ നൽകി ഒപ്പമുണ്ടായിരുന്നത് നായ്ക്കൾ. കെട്ടിടാവശിഷ്ടങ്ങളിലും മറ്റും കുടുങ്ങിക്കിടക്കുന്നവരെ കണ്ടെത്തുന്നതിലും അക്കാര്യം രക്ഷാപ്രവർത്തകരെ അറിയിക്കുന്നതിലും നായ്ക്കളെ വെല്ലാൻ മനുഷ്യരോ മറ്റു മൃഗങ്ങളോ ഉണ്ടായിരുന്നില്ല. ഇതിനായി പ്രത്യേക ശ്വാനസേനയെ തന്നെയാണ് നേപ്പാളി ഗവൺമെന്റ് നിയോഗിച്ചത്. അതിനും മൂന്നു വർഷങ്ങൾക്കു ശേഷം കുശാൽ എന്നൊരു നായ്ക്കു ലഭിച്ചത് അക്ഷരാർഥത്തിൽ കുശാലായ നേട്ടം. കൊലചെയ്യപ്പെട്ടൊരു ബാലികയുടെ ഘാതകരെ കണ്ടെത്തുന്നതിൽ പോലിസിനു പിന്തുണ നൽകിയ നായയെ നേപ്പാളി പോലിസ് ആദരിച്ചത് 'ബെസ്റ്റ് ഡോഗ് ഓഫ് ദി ഇയർ' പുരസ്കാരം നൽകിയാണ്.



നെമി ജോർജ്ജ്
ചേതനാ മീഡിയ
കോട്ടയം

വെല്ലുവിളിയുയർത്തി ആഫ്രിക്കൻ സ്വൈൻ ഫീവർ; വേണം അതീവജാഗ്രത

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ കാലിവസന്ത ബാധിച്ച് (റിൻഡർ പെസ്റ്റ്) കന്നുകാലികൾ കൂട്ടമായി ചത്തൊടുങ്ങിയതിനെ തുടർന്ന് കെനിയയിൽ വൻതോതിലുള്ള പന്നിവളർത്തലിന് തുടക്കം കുറിച്ചത് അന്ന് കെനിയയെ തങ്ങളുടെ കോളനിയാക്കി ഭരിച്ചിരുന്ന ബ്രിട്ടീഷുകാരായിരുന്നു. 1903-1905 കാലഘട്ടത്തിൽ ഇംഗ്ലണ്ടിൽ നിന്നും, സേഷെൽസിൽ നിന്നുമെല്ലാം വൻതോതിൽ പന്നികളെ കെനിയയിൽ എത്തിച്ച് വളർത്താൻ ആരംഭിച്ചു. കാടുകളോട് ചേർന്ന്, കന്നുകാലികളൊഴിഞ്ഞ വിശാലമായ പുൽമേടുകളിൽ വേലികെട്ടി തിരിച്ച് പന്നികളെ അഴിച്ചുവിട്ടായിരുന്നു വളർത്തൽ. കാലിവസന്ത കാരണം കന്നുകാലികൃഷിയിൽ നേരിട്ട നഷ്ടം പന്നിവളർത്തലിലൂടെ തിരിച്ച് പിടിക്കാമെന്ന അവരുടെ ആഗ്രഹത്തിന് എന്നാൽ അല്പായുസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. കാലിവസന്ത പോലെ ഇത്തവണയും അപകടമെത്തിയത് പുതിയൊരു പകർച്ചവ്യാധിയുടെ രൂപത്തിലായിരുന്നു. നിയന്ത്രിക്കാൻ കഴിയാതെ പടർന്ന പുതിയ രോഗം ബാധിച്ച് ബ്രിട്ടീഷുകാരുടെ വളർത്തുപന്നികൾ കൂട്ടമായി ചത്തൊടുങ്ങി. തങ്ങളുടെ പന്നിവളർത്തൽ പ്രതീക്ഷകളിൽ കരിനിഴൽ വീഴ്ത്തിയെത്തിയ പുതിയ പകർച്ചവ്യാധിയെ ബ്രിട്ടീഷുകാർ ആഫ്രിക്കൻ സൈ്വൻ ഫീവർ എന്ന് വിളിച്ചു. പന്നി വളർത്തൽ കേന്ദ്രങ്ങൾ കാടുകളോട് ചേർന്നായതിനാൽ വളർത്തുപന്നികളും കാട്ടുപന്നികളും തമ്മിൽ സമ്പർക്കസാധ്യത വളരെ കൂടുതലായിരുന്നു. വൈറസിന്റെ സംഭരണികളായ ആഫ്രിക്കൻ കാട്ടുപന്നികളിൽ നിന്നും ബാഹ്യപരാദങ്ങളായ ഒരിനം പട്ടുണ്ണികൾ വഴിയായിരുന്നു ആഫ്രിക്കൻ സൈ്വൻഫീവർ രോഗാണുക്കൾ ആദ്യമായി വളർത്തുപന്നികളിലെത്തിയത്.

1907 ൽ കെനിയയിൽ ആദ്യ രോഗബാധ കണ്ടെത്തിയതിന് ശേഷം അഞ്ച് പതിറ്റാണ്ടോളം ആഫ്രിക്കൻ വൻകരയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന ആഫ്രിക്കൻ സൈ്വൻ ഫീവർ 1957 മുതൽ വൻകരകൾ മറികടന്ന് യൂറോപ്പിലേക്ക് പടർന്നു. ഏഷ്യാ വൻകരയിൽ രോഗം ആദ്യമായി കണ്ടെത്തിയത് 2018 ഓഗസ്തിൽ ചൈനയുടെ കിഴക്കൻ പ്രവിശ്യയായ ലിയോനിങ്ങിലെ പന്നിവളർത്തൽ കേന്ദ്രങ്ങളിലായിരുന്നു. ലോകത്ത് ഏറ്റവും കൂടുതൽ വളർത്തുപന്നികളുള്ള ചൈനയിൽ ഈ രോഗമെത്തിയതോടെ രോഗപകർച്ചയുടെ തോതും തീവ്രതയുമേറി. തുടർന്ന് ഹോംങ്കോങ്, ഫിലിപ്പൈൻസ്, വിയറ്റ്നാം, തായ്‌ലൻഡ്, കിഴക്കൻ തിമോർ, ദക്ഷിണ കൊറിയ, കംബോഡിയ, മംഗോളിയ, മ്യാൻമാർ, ലാവോസ് തുടങ്ങി പന്നിവളർത്തലിന് പേരുകേട്ട തെക്ക് കിഴക്കേഷ്യൻ രാജ്യങ്ങളിലേക്കെല്ലാം ആഫ്രിക്കൻ സൈ്വൻ ഫീവർ കാട്ടുതീ പോലെ പടർന്നു

പിടിച്ചു. ആഫ്രിക്കൻ സൈ്വൻ ഫീവർ ബാധിച്ച് ചത്തതും രോഗനിയന്ത്രണത്തിനായി കൊന്നൊടുക്കിയതുമായ പന്നികളുടെ എണ്ണം വിയറ്റ്നാമിൽ ആറ് ദശലക്ഷം വരെയാണ്. മറ്റ് തെക്ക് കിഴക്കേഷ്യൻ രാജ്യങ്ങളിലും സ്ഥിതി വ്യത്യസ്ഥമല്ല. ലോകത്ത് വളർത്തുമൃഗസമ്പത്തിന് ഇന്നുവരെ ഉണ്ടായതിൽ വച്ച് ഏറ്റവും വലിയ നാശമായാണ് 2018 ൽ ചൈനയിൽ നിന്നാരംഭിച്ച് തെക്ക് കിഴക്കേഷ്യയാകെ പടർന്ന് പിടിച്ച ആഫ്രിക്കൻ ആഫ്രിക്കൻ സൈ്വൻ ഫീവർ മഹാമാരി കാരണമുണ്ടായ ആഘാതത്തെ ഗവേഷകർ വിലയിരുത്തുന്നത്. ആഫ്രിക്കൻ സൈ്വൻഫീവർ കണ്ടെത്തിയിട്ട് ഒരു നൂറ്റാണ്ടിലധികം പിന്നിട്ടെങ്കിലും ഇന്നും പന്നിവളർത്തൽ മേഖലയിൽ ഈ പകർച്ചവ്യാധി സൃഷ്ടിക്കുന്ന പ്രതിസന്ധികൾ ചെറുതല്ല. പന്നിവളർത്തൽ മേഖലയ്ക്ക് കനത്ത സാമ്പത്തികനഷ്ടം വരുത്തിവക്കുന്ന രോഗമാണെങ്കിലും ആഫ്രിക്കൻ സൈ്വൻ ഫീവറിനെതിരെ ഫലപ്രദമായ മരുന്നുകളോ വാക്സിനുകളോ ഇതുവരെ പ്രചാരത്തിലില്ല. പന്നികർഷകരുടെ തലയ്ക്ക് മീതെ ഡെമോക്ലീസിന്റെ വാള് പോലെ തൂങ്ങികിടന്ന് പന്നികളിൽ മരണമണി മുഴക്കി പടരുന്ന ആഫ്രിക്കൻ സൈ്വൻ ഫീവറിനെ 'പന്നികളിലെ എബോള' എന്നാണ് ശാസ്ത്രലോകം ഇന്ന് വിശേഷിപ്പിക്കുന്നത്.

ഇന്ത്യയിൽ ആദ്യമായി ആഫ്രിക്കൻ സൈ്വൻ ഫീവർ സ്ഥിരീകരിച്ചത് 2020ൽ അസമിലായിരുന്നു. ഏറെ വൈകാതെ അയൽസംസ്ഥാനങ്ങളിലേക്കും വലിയതോതിൽ രോഗവ്യാപനമുണ്ടായി. ഇന്ത്യയിൽ ഏറ്റവും കൂടുതൽ വളർത്തുപന്നികളുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ തുടർന്നുള്ള വർഷങ്ങളിലും വലിയ രീതിയിൽ രോഗബാധയുണ്ടായി. ആഫ്രിക്കൻ സൈ്വൻ ഫീവർ കേരളത്തിൽ സ്ഥിരീകരിച്ചത് ഈയിടെയാണ്. വയനാട് ജില്ലയിലെ മാനന്തവാടിക്കടുത്ത് കണിയാരത്തെ പന്നിഫാമിലാണ് രോഗം ആദ്യം കണ്ടെത്തിയത്. പന്നികൾ രോഗലക്ഷണങ്ങളോടെ ചത്തതിനെത്തുടർന്ന് മൃഗസംരക്ഷണ വകുപ്പ് സാംപിൾ ശേഖരിച്ച് ഭോപാലിലെ നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹൈ സെക്യൂരിറ്റി അനിമൽ ഡിസീസസിൽ എത്തിച്ച് നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. രോഗമേഖലകളിൽ നാഷണൽ ആക്ഷൻ പ്ലാൻ പ്രകാരം അതീവജാഗ്രതയോട് കൂടിയുള്ള രോഗനിയന്ത്രണനടപടികളാണ് മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കുന്നത്. പടർന്നു പിടിച്ചാൽ കേരളത്തിലെ പന്നിവളർത്തൽ മേഖലയെ തന്നെ തുടച്ചുനീക്കാൻ തക്ക പ്രഹരശേഷി ആഫ്രിക്കൻ സൈ്വൻ ഫീവറിനുണ്ട്.

രോഗപകർച്ചയുടെ വഴി

അസ്ഫാർവൈറിഡെ എന്ന ഡി.എൻ.എ. വൈറസ് കുടുംബത്തിലെ ആഫ്രിക്കൻ സൈ്വൻ ഫീവർ വൈറസുകളാണ് രോഗത്തിന് കാരണം. വളർത്തുപന്നികളെ മാത്രമല്ല കാട്ടുപന്നികളെയും രോഗം ബാധിക്കും. കാട്ടുപന്നികളെ അപേക്ഷിച്ച് നാടൻ പന്നികളിലും സങ്കരയിനത്തിൽപ്പെട്ട പന്നികളിലും രോഗസാധ്യത ഉയർന്നതാണ്. രോഗകാരിയായ വൈറസിന്റെ സംഭരണികൾ ആയാണ് ആഫ്രിക്കൻ കാട്ടുപന്നികൾ അറിയപ്പെടുന്നത്. വൈറസിന്റെ നിലനില്പിനും വ്യാപനത്തിനുമെല്ലാം വലിയ പങ്കുവഹിക്കുന്ന ഇവയിൽ വൈറസ് സാധാരണ രോഗമുണ്ടാക്കാറില്ല. രോഗവാഹകരും രോഗബാധിതവുമായ പന്നികൾ ശരീരസ്രവങ്ങളിലൂടെയും വിസർജ്യത്തിലൂടെയും വൈറസുകളെ ധാരാളമായി പുറന്തള്ളും. വൈറസുകൾക്ക്

പ്രതികൂലസാഹചര്യങ്ങൾ അതിജീവിച്ച് ദീർഘകാലം പരിസരങ്ങളിൽ നിലനിൽക്കാനുള്ള കഴിവുമുണ്ട്. രോഗം ബാധിച്ച പന്നികളുമായുള്ള സമ്പർക്കത്തിലൂടെയാണ് വൈറസ് പ്രധാനമായും പകരുന്നത്. രോഗം ബാധിച്ചവയുടെ ശരീരസ്രവങ്ങളും വിസർജ്യവും കലർന്ന് രോഗാണുമലിനമായ തീറ്റ, കുടിവെള്ളം, ഫാം ഉപകരണങ്ങൾ, ഫാം തൊഴിലാളികളുടെ വസ്ത്രങ്ങൾ, പാദരക്ഷകൾ, വാഹനങ്ങൾ എന്നിവയെല്ലാം വഴി പരോക്ഷമായും ആഫ്രിക്കൻ സൈ്വൻ ഫീവർ അതിവേഗത്തിൽ പടർന്നുപിടിക്കും. പന്നികളിലെ ബാഹ്യപരാദങ്ങളായ ഓർണിത്തോഡോറസ് വിഭാഗത്തിൽ പെട്ട ഒരി

നം പട്ടുണ്ണികൾക്കും രോഗം പടർത്താൻ ശേഷിയുണ്ട്. എന്നാൽ ഈ ഇനത്തിൽ പെട്ട പട്ടുണ്ണികളെ കേരളത്തിൽ കണ്ടെത്തിയിട്ടില്ല എന്നത് ആശ്വാസകരമാണ്.

വൈറസ് ബാധയേറ്റ് മൂന്ന് ദിവസം മുതൽ മൂന്നാഴ്ചക്കകം പന്നികൾ രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച് തുടങ്ങും. ശക്തമായ പനി, തീറ്റമടുപ്പ്, ശരീരതളർച്ച, രക്തസ്രാവം മൂലം ചർമ്മത്തിന് ചുവന്നനിറവ്യത്യാസം, വായിൽ നിന്നും മൂക്കിൽ നിന്നും രക്തസ്രാവം, കണ്ണുകൾ പീള നിറഞ്ഞ് അടഞ്ഞിരിക്കൽ, രക്തം കലർന്ന വയറിളക്കം, ഛർദ്ദി, ഗർഭിണി പന്നികളിൽ ഗർഭമലസൽ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ആന്തരാവയവങ്ങളിൽ രക്തസ്രാവത്തിന് വൈറസ് കാരണമാവും. രോഗലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നതിന് മുൻപ് തന്നെ പന്നികൾ വൈറസുകളെ പുറന്തള്ളും. തീവ്രരോഗബാധയേറ്റ പന്നികളിൽ മരണനിരക്ക് നൂറുശതമാനമാണ്. ആഫ്രിക്കൻ സൈ്വൻ ഫീവർ സ്ഥിരീകരിച്ചാൽ രോഗം കണ്ടെത്തിയ ഫാമിലെയും ഒരുകിലോമീറ്റർ ചുറ്റളവിൽ സ്ഥിതിചെയ്യുന്ന മറ്റ് പന്നിഫാമുകളിലെയും പന്നികളെയെല്ലാം ശാസ്ത്രീയരീതിയിൽ കൊന്ന് ജഡങ്ങൾ സുരക്ഷിതമായി മറവുചെയ്യുകയാണ് രോഗനിയന്ത്രണത്തിനുള്ള ഏക വഴി. ഈയൊരു സാഹചര്യത്തിൽ ആഫ്രിക്കൻ സൈ്വൻ ഫീവർ തടയാൻ ജാഗ്രതയെക്കാൾ മികച്ചൊരു പ്രതിരോധമാർഗ്ഗമില്ല.

മനുഷ്യരിലേക്ക് പകരില്ല

പന്നികളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന ജന്തുജന്യരോഗങ്ങളിൽ ഒന്നല്ല ആഫ്രിക്കൻ സൈ്വൻ ഫീവർ. അതിനാൽ പന്നിമാംസം കൈകാര്യം ചെയ്യുന്നതിലോ കഴിക്കുന്നതിലോ ആശങ്ക വേണ്ട. മനുഷ്യരിൽ രോഗമുണ്ടാക്കുന്നില്ലെങ്കിലും രോഗബാധയേറ്റ പന്നികളുമായി ഇടപഴകുന്നവർ വഴി വൈറസ് മറ്റ് പന്നിഫാമുകളിലേക്ക് വ്യാപിക്കാം. പന്നികളെ മാത്രം ബാധിക്കുന്ന ഈ വൈറസ് മറ്റ് വളർത്തുമൃഗങ്ങളിലും പക്ഷികളിലും രോഗമുണ്ടാക്കുന്നില്ല.

ആഫ്രിക്കൻ സൈ്വൻ ഫീവറും സൈ്വൻ ഇൻഫ്ലുവൻസയും തമ്മിൽ

ആഫ്രിക്കൻ സൈ്വൻഫീവർ എന്ന് കേൾക്കുമ്പോൾ മലയാളികളുടെ മനസിൽ ആദ്യം തെളിയുക ഇൻഫ്ലുവൻസ വൈറസുകൾ കാരണമുണ്ടാവുന്ന സൈ്വൻ ഫ്ളൂ (H1 N1) ആയിരിക്കും. പന്നിപ്പനി എന്ന പേരിലാണ് സൈ്വൻ ഫ്ളൂ മലയാളികൾക്ക് പരിചിതം. ശ്വാസകോശ രോഗം ബാധിച്ച പന്നികളിൽ നിന്ന് അവയുമായി സമ്പർക്കം പുലർത്തിയ മനുഷ്യരിൽ എത്തി ജനിതകമാറ്റം സംഭവിച്ച H1 N1 ഇൻഫ്ലുവൻസ വൈറസുകളായിരുന്നു മനുഷ്യരിൽ നിന്ന് മനുഷ്യരിലേക്ക് പടരുന്ന മഹാമാരിയായി പരിണമിച്ച 1918–1920 ലെ സ്പാനിഷ് ഫ്ലുവിനും 2009 2010 ലെ സൈ്വൻ ഫ്ളൂവിനും കാരണമായത്. സ്പാനിഷ് ഫ്ളൂ 40 ദശലക്ഷം ആളുകളുടെയും 2009–2010 ലെ പന്നിപ്പനി മഹാമാരി രണ്ട് ലക്ഷത്തോളം ആളുകളുടെയും ജീവനാണ് കവർന്നത്. എന്നാൽ ആഫ്രിക്കൻ സൈ്വൻഫീവർ തികച്ചും വ്യത്യസ്തവും പന്നികളിൽ മാത്രം ഒതുങ്ങി കാണപ്പെടുന്നവയുമാണ്.

ആഫ്രിക്കൻ സൈ്വൻ ഫീവറും ക്ലാസിക്കൽ സൈ്വൻ ഫീവറും ഒന്നല്ല

കേരളത്തിൽ ഉൾപ്പെടെ പന്നികളിൽ വ്യാപകമായി കാണപ്പെടുന്ന ക്ലാസിക്കൽ സൈ്വൻ ഫീവർ അഥവാ ഹോഗ് കോളറ രോഗവുമായും ആഫ്രിക്കൻ സൈ്വൻ ഫീവറിന് ബന്ധമില്ല. ഫ്ളാവി വൈറസുകൾ കാരണം ഉണ്ടാവുന്ന ക്ലാസിക്കൽ സൈ്വൻ ഫീവർ രോഗം പന്നിക്കു

ഞ്ഞുങ്ങളെയാണ് കൂടുതൽ ബാധിക്കുന്നത്. അതിതീവ്രരൂപത്തിലും തീവ്രത കുറഞ്ഞ രീതിയിലും രോഗമുണ്ടാവാം. ക്ലാസിക്കൽ സൈ്വൻ ഫീവർ തടയാനുള്ള ഫലപ്രദമായ വാക്സിനുകൾ ഇന്ന് ലഭ്യമാണ്. പന്നിക്കുഞ്ഞുങ്ങൾക്ക് ആറ് എട്ട് ആഴ്ച / രണ്ടുമാസം പ്രായമെത്തുമ്പോൾ ആദ്യ ക്ലാസിക്കൽ സൈ്വൻഫീവർ പ്രതിരോധ വാക്സിൻ (ഒരു മില്ലി വാക്സിൻ പേശിയിൽ) നൽകണം. ഒരു വർഷം വരെ പ്രതിരോധം നൽകാൻ വാക്സിന് ശേഷിയുണ്ടെങ്കിലും നമ്മുടെ നാട്ടിൽ ക്ലാസിക്കൽ സൈ്വൻഫീവർ വളരെ വ്യാപകമായി കാണുന്നതിനാൽ ഓരോ 6-9 മാസം കൂടുമ്പോഴും വാക്സിനേഷൻ ആവർത്തിക്കുന്നത് അഭികാമ്യമാണ്. ബ്രീഡിങിന് ഒന്നോ രണ്ടോ ആഴ്ച മുൻപായി പെൺപന്നികൾക്ക് വാക്സിൻ നൽകണം. ഗർഭിണി പന്നികളെ ഈ വാക്സിൻ നൽകുന്നതിൽ നിന്ന് ഒഴിവാക്കണം. പ്രതിരോധകുത്തിവെയ്പ്പുകൾ ഒന്നും നല്കിയിട്ടില്ലാത്ത പെൺപന്നികൾക്കുണ്ടാവുന്ന കുഞ്ഞുങ്ങൾ ആണെങ്കിൽ രണ്ടാഴ്ച പ്രായമെത്തുമ്പോൾ വാക്സിൻ നൽകണം. രോഗം തടയാൻ ഫലപ്രദമായ വാക്സിൻ സംസ്ഥാന മൃഗസംരക്ഷണവകുപ്പ് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. സ്വകാര്യ കമ്പനികൾ ലഭ്യമാക്കുന്ന വാക്സിനുകളും വിപണിയിൽ ഉണ്ട്. വൈറസിനെ മുയലുകളിൽ കടത്തിവിട്ട് വീര്യം കുറച്ച ശേഷം നിർമിക്കുന്ന ലാപിനൈസ്ഡ് വാക്സിനുകൾക്ക് പകരം സെൽ കൾച്ചർ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ കൂടുതൽ വേഗത്തിൽ ക്ലാസിക്കൽ സൈ്വൻ ഫീവർ വാക്സിൻ നിർമിക്കാനുള്ള നൂതന ടെക്നോളജി ഉത്തർപ്രദേശിലെ ഇന്ത്യൻ വെറ്ററിനറി ഗവേഷണ കേന്ദ്രം ഈയിടെ വികസിപ്പിച്ച് സംസ്ഥാനങ്ങൾക്കും മറ്റ് സ്വകാര്യഗവേഷണ സ്ഥാപനങ്ങൾക്കും കൈമാറിയിട്ടുണ്ട്.

വേണ്ടത് കൂടുതൽ ജാഗ്രത

കേരളത്തിൽ രോഗം സ്ഥിരീകരിച്ച സാഹചര്യത്തിൽ ഫാമുകളിലേയ്ക് പുതിയ പന്നികളെയും പന്നികുഞ്ഞുങ്ങളെയും വാങ്ങുന്നത് താത്കാലികമായി ഒഴിവാക്കണം. വിപണത്തിനായി ഫാമിൽ നിന്നും പുറത്തുകൊണ്ടുപോവുന്ന പന്നികളെ തിരിച്ച് കൊണ്ടുവരുന്ന സാഹചര്യത്തിൽ മൂന്നാഴ്ച പ്രത്യേകം മാറ്റിപാർപ്പിച്ച് ക്വാറന്റൈൻ നൽകുന്നത് രോഗപ്പകർച്ച തടയും. പന്നിയിറച്ചിയും പന്നിയുല്പന്നങ്ങളും ഫാമിനുള്ളിലേയ്ക്ക് കൊണ്ടുവരുന്നത് ഒഴിവാക്കണം. പന്നിഫാമും പരിസരവും അണുവിമുക്തമാക്കി സൂക്ഷിക്കുന്നതിനും ജൈവസുരക്ഷാമാർഗ്ഗങ്ങൾ പൂർണമായും പാലിക്കുന്നതിനും മുഖ്യപരിഗണന നൽകണം. ഫാമിനകത്ത് ഉപയോഗിക്കാൻ പ്രത്യേകം വസ്ത്രങ്ങളും പാദരക്ഷകളും ഉറപ്പുവരുത്തണം. ഫാമിൽ അനാവശ്യസന്ദർശകരുടെയും, വാഹനങ്ങളുടെയും പോക്കുവരവ് കർശനമായി നിയന്ത്രിക്കണം. മറ്റ് പന്നിഫാമുകൾ സന്ദർശിക്കുന്നതും ഒഴിവാക്കണം. പുറത്തുനിന്ന് വരുന്നവർ ഫാമിൽ പ്രവേശിക്കുന്നത് ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ അവരുടെ വാഹനങ്ങളും പാദരക്ഷകളും അണുവിമുക്തമാക്കണം. പുറത്തുനിന്ന് ഫാമിലേക്ക് ഉപകരണങ്ങൾ കൊണ്ടുവരുമ്പോഴും അണുവിമുക്തമാക്കിയതിന് ശേഷം മാത്രമേ ഫാമിനുള്ളിൽ കയറ്റാവൂ. ബ്ലീച്ചിങ് പൗഡർ മൂന്ന് ശതമാനം ലായനി ഫാമുകളിൽ ഉപയോഗിക്കാവുന്ന എളുപ്പത്തിൽ ലഭ്യമായ അണുനാശിനിയാണ്. ഒരുലിറ്റർ വെള്ളത്തിൽ മുപ്പത് ഗ്രാം ബ്ലീച്ചിങ് പൗഡർ എന്ന അനുപാതത്തിൽ ചേർത്തിളക്കി ഇരുപത് മിനിട്ടിന് ശേഷം തെളിവെള്ളം അണുനാശിനി ആയി ഉപയോഗിക്കാം. മൂന്ന് ശതമാനം സോഡിയം ഹൈഡ്രോക്സൈഡ് ലായനി, നാല് ശതമാനം അലക്കുകാരലായനി (സോഡിയം കാർബണേറ്റ്), കുമ്മായം എന്നിവയും അണുനാശിനികൾ ആയി ഉപയോഗിക്കാം. ഫാമിന്റെ ഗേറ്റിൽ അണുനാശിനി നിറച്ച് ഫുട് ബാത്ത് ക്രമീകരിക്കണം.

കേരളത്തിലെ പന്നിഫാമുകളിൽ ജോലിചെയ്യുന്ന തൊഴിലാളികളിൽ വലിയൊരുപങ്ക് വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണ്. ഇവർക്ക് ആഫ്രിക്കൻ പന്നിപ്പനിയെ പറ്റിയും പ്രതിരോധമാർഗങ്ങളെ പറ്റിയും ബോധവൽക്കരണം നടത്താൻ ഫാം ഉടമകൾ പ്രത്യേകം ശ്രദ്ധിക്കണം. ഫാമിന് അകത്തും പുറത്തും ഉപയോഗിക്കാൻ പ്രത്യേകം വസ്ത്രങ്ങളും പാദ

രക്ഷകളും തൊഴിലാളികൾക്ക് ഉറപ്പാക്കണം രോഗബാധിതമോ മരണപ്പെട്ടതോ ആയ പന്നികളെ കൈകാര്യം ചെയ്യുമ്പോൾ ഏപ്രണുകൾ, കയ്യുറകൾ, ഗംബൂട്ടുകൾ തുടങ്ങിയവ ഉപയോഗിക്കാൻ അവരെ ചട്ടം കെട്ടണം. ജൈവസുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾ തൊഴിലാളികൾ ഫാമിൽ പാലിക്കുന്നുണ്ടെന്നത് ഉടമകൾ ഉറപ്പാക്കണം. തൊഴിലാളികളുടെ മറ്റു ഫാമുകളിലേക്കുള്ള സന്ദർശനങ്ങൾ വിലക്കുക.

പന്നിഫാമുകളിൽ രോഗബാധകൾ പൊട്ടിപുറപ്പെടുന്നതിന്റെ പ്രധാന വഴികളിലൊന്ന് പന്നികൾക്ക് ഹോട്ടൽ മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നെല്ലാമുള്ള അവശിഷ്ടങ്ങളും മിച്ചാഹാരവും തീറ്റയായി നൽകുന്ന സ്വിൽ ഫീഡിങ് രീതിയാണ്. സ്വിൽ ഫീഡിങ് ഒഴിവാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ഹോട്ടൽ മാർക്കറ്റ് എന്നിവിടങ്ങളിൽ നിന്നുള്ള അവശിഷ്ടങ്ങൾ മതിയായി വേവിച്ചുമാത്രം പന്നികൾക്ക് നല്കാൻ ശ്രദ്ധിക്കണം. ഇപ്പോഴത്തെ സാഹചര്യത്തിൽ മാംസം അടങ്ങിയ അറവുശാല അവശിഷ്ടങ്ങൾ പന്നികൾക്ക് തീറ്റയായി നൽകുന്നത് പരിമിതപ്പെടുത്തുന്നതാണ് ഉചിതം. പന്നികളെയും കോഴികളെയും ഒരുമിച്ച് കശാപ്പ് ചെയ്യുന്ന കേന്ദ്രങ്ങളിൽ നിന്നും, പന്നികശാപ്പ് ശാലകളുടെ സമീപങ്ങളിൽ നിന്നുമുള്ള കോഴിവേസ്റ്റ് പന്നികൾക്ക് ഒരു കാരണവശാലും തീറ്റയായി നൽകാതിരിക്കാൻ ശ്രദ്ധിക്കണം. കശാപ്പ് നടക്കുന്ന സ്ഥലങ്ങളിലും പന്നി മാംസ വിൽപന കേന്ദ്രങ്ങളിലും പോയി വന്നതിന് ശേഷം വസ്ത്രവും പാദരക്ഷകളും മാറാതെയും ശുചിയാക്കാതെയും ഫാമിനുള്ളിൽ കയറി പന്നികളുമായി ഇടപഴകരുത്.

കാട്ടുപ്പന്നികൾ ധാരാളമായി കാണപ്പെടുന്ന മേഖലകൾ കേരളത്തിൽ ധാരാളമുണ്ട് കാട്ടുപ്പന്നികൾ കാണപ്പെടുന്ന പ്രദേശങ്ങളോട് ചേർന്ന് പന്നിഫാമുകളും നിരവധി പ്രവർത്തിക്കുന്നുണ്ട്. ആഫ്രിക്കൻ പന്നിപ്പനി വ്യാപിപ്പിക്കുന്നതിൽ കാട്ടുപന്നികൾക്ക് വലിയ പങ്കുണ്ട് . ഈ സാഹചര്യത്തിൽ പന്നിഫാമുകളിലും പരിസരങ്ങളിലും കാട്ടുപ്പന്നികളെ നിയന്ത്രിക്കാനുള്ള നടപടികൾ കൈക്കൊള്ളേതുണ്ട്. കാട്ടുപന്നികളെ ആകർഷിക്കുന്ന രീതിയിൽ തീറ്റ അവശിഷ്ടങ്ങൾ ഫാമിലും പരിസരത്തും നിക്ഷേപിക്കാതിരിക്കാൻ ശ്രദ്ധിക്കണം. പന്നികൾ കഴിച്ചതിന് ശേഷം ബാക്കിവരുന്ന തീറ്റ അലക്ഷ്യമായി കൂട്ടിയിടാതെ സംസ്കരിക്കണം. കാട്ടുപന്നികളുടെ സാന്നിധ്യം കൂടിയ പ്രദേശത്താണ് ഫാം എങ്കിൽ ഫാമിന് ചുറ്റും ഗാൽവനൈസ്ഡ് അയൺ മെഷ് ഉപയോഗിച്ച് ഫെൻസിങ് (വേലി) നടത്തുന്നത് ഫലപ്രദമാണ്. ഫെൻസിങ് നടത്തുമ്പോൾ ഫാമിനും ഫെൻസിങിനും ഇടയിൽ ചുരുങ്ങിയത് അഞ്ചുമീറ്റർ അകലം നൽകണം. കാട്ടുപന്നികളിൽ ഉയർന്നനിരക്കിൽ അസ്വാഭാവിക മരണം ശ്രദ്ധയിൽ പെട്ടാൽ മൃഗസംരക്ഷണവകുപ്പിൽ വിവരം അറിയിക്കണം. പന്നികളുടെ രക്തം ആഹാരമാക്കുന്ന ബാഹ്യപരാദങ്ങളായ ഓർണിത്തോഡോറസ് ഇനത്തിൽപ്പെട്ട പട്ടുണ്ണികൾക്കും രോഗം പടർത്താൻ ശേഷിയുണ്ട് എന്ന് മുൻപ് സൂചിപ്പിച്ചുവല്ലോ . ഈ ഇനത്തിൽ പെട്ട പട്ടുണ്ണികൾ കേരളത്തിൽ കാണപ്പെടുന്നില്ലെങ്കിലും പന്നിഫാമുകളിൽ പട്ടുണ്ണികൾ അടക്കമുള്ള ബാഹ്യപരാദങ്ങളുടെ സാന്നിധ്യം ഉണ്ടെങ്കിൽ ഇവയെ തടയാനുള്ള കീടനാശിനികൾ ഡോക്ടറുടെ നിർദേശപ്രകാരം പ്രയോഗിക്കേണ്ടതാണ്.

ഫാമിലെ പന്നികളിൽ അസ്വാഭാവികരോഗലക്ഷണങ്ങളോ പന്നികൾക്കിടയിൽ പെട്ടന്നുള്ള മരണമോ ശ്രദ്ധയിൽ പെട്ടാൽ ഉടൻ അടുത്തുള്ള സർക്കാർ മൃഗാശുപത്രിയിലെ ഡോക്ടറെ വിവരം അറിയിക്കണം. സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് പന്നികളിൽ സംശയാസ്പദമായ രോഗബാധയുണ്ടായാൽ വിവരങ്ങൾ അറിയിക്കുന്നതിന് സംസ്ഥാനതല കൺട്രോൾ റൂം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട് (ബന്ധപ്പെടാനുള്ള നമ്പർ ; 0471 27 32151). ഇതും കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. രോഗം മറച്ചു വെക്കുന്നതും രോഗം സംശയിക്കുന്ന പന്നികളെ വിറ്റൊഴിവാക്കുന്നതും കശാപ്പ് നടത്തുന്നതും പതിനായിരങ്ങളുടെ ഉപജീവനോപാധിയായ കേരളത്തിലെ പന്നിവളർത്തൽ മേഖല സമൂലം നശിക്കുന്നതിന് വഴിയൊരുക്കും എന്നത് മറക്കാതിരിക്കുക, ജാഗ്രതയോടെ ഈ പകർച്ചവ്യാധിയെ പിടിച്ചുകെട്ടാനുള്ള പോരാട്ടത്തിൽ പങ്കുചേരുക

ഡോ. എം. മുഹമ്മദ് ആസിഫ്
9495187522

മൃഗ പരിപാലന നിയമങ്ങളിലെ ആക്ടിവിസവും നിസ്സംഗതയും

ഡോ എസ് അജിത്കുമാർ
സീനിയർ വെറ്ററിനറി സർജൻ
തലയോലപ്പറമ്പ് കോട്ടയം.
9447176499,
email agtvet83@gmail.com

"An injustice is an injustice, even if everyone participates in it "-Magnus Ernst Schwantje (German pacifist, environmental activist ,& a committed vegan)

മൃഗപരിപാലനമായിരിക്കാം, ഒരു പക്ഷേ, മനുഷ്യൻ എന്ന വേറിട്ട ജൈവ സ്വത്വത്തിന്റെ മുഖമുദ്ര. കാരണം, മറ്റൊരു മൃഗവും ഇതരമൃഗങ്ങളെ ഇണക്കി വളർത്തുന്നില്ലല്ലോ?, മനുഷ്യൻ മൃഗങ്ങളെ വളർത്തുന്നത് വിവിധങ്ങളായ കാരണങ്ങളാലാണ്. ഏറ്റവും ആദ്യം മനുഷ്യന്റെ സഹചാരിയായി കൂടെ കൂടിയ നായ മുതൽ 'ജോസ്പ്രകാശ് വില്ലന്റെ' മുതല വരെ! പ്രാർത്ഥിക്കാൻ ഓരോ കാരണങ്ങൾ എന്ന പോലെ! പലപ്പോഴും നമ്മുടെ മനസ്സിന്റെ ഒരു എക്സ്റ്റൻഷൻ ആണ് മൃഗങ്ങൾ. 'സൂക്ഷിക്കുക, കടിക്കുന്ന നായയുണ്ട്' എന്ന ബോർഡിന് പുറകിൽ സന്ദർശകരെ ഭയക്കുന്ന ഒരു സെൽഫിഷ് ജയന്റ്, മാളികയാകുന്ന ഗുഹയിൽ കുടിയിരിപ്പുണ്ട്! വിധേയത്വമുള്ള കണ്ണുകളോടെ, ഇടുപ്പെല്ല് ഇളകിത്തെറിക്കുമാറ് വാലാട്ടി ക്ഷണിക്കുന്ന നായ, കഠിനമായ ജീവിത നെട്ടോട്ടത്തിലും, തന്റെ ശുഷ്ക്കമായ കുടുക്ക പങ്കിടാൻ തയ്യാറുള്ള ആ മെലിഞ്ഞ, കവിളൊട്ടിയ, കർഷകന്റെ കൂരയെ അടയാളപ്പെടുത്തും!

തെരുവ് നായ്ക്കളും മനുഷ്യരും എപ്പോഴും മാധ്യമങ്ങളിൽ ഇടയ്ക്കിടെ വരുന്ന വാർത്തകളാണല്ലോ. കോടതികളുടെ ജന്തുക്ഷേമ സ്വഭാവമുള്ള നിരീക്ഷണങ്ങളും നിർദേശങ്ങളും, പലപ്പോഴും നേതാക്കളുടെ ഇഷ്ടപ്രസംഗവിഷയങ്ങളുമാണ്. അതുകൊണ്ടുകൂടി, പ്രയോഗികതയില്ലായ്മയുടെ പേരിൽ അവ വിമർശിക്കപ്പെടാം, ഒരിക്കലും നടപ്പാക്കാതെയുമിരിക്കാം. പക്ഷെ കോഴി കൂകാത്തത്കൊണ്ട് നേരം വെളുക്കാതിരിക്കുന്നില്ലല്ലോ ?

ഇത്രയും വലിയ ആമുഖം വേണ്ടിവന്നത് പെറ്റ്ഷോപ്പ് നിയമങ്ങളെ പറ്റി തലയോലപ്പറമ്പ് മൃഗസംരക്ഷണപരിശീലന കേന്ദ്രത്തിൽ ഒരു കർഷക സമ്പർക്കത്തിന് ചെന്ന അനുഭവത്തിൽ നിന്നുമാണ്. ഞാനും, എന്റെ സതീർഥ്യനായ വൈക്കം പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ഡോ.സുനിൽ ജിയും, നിയമനിർമ്മാണത്തിൽ പങ്കില്ലെങ്കിൽ പോലും, അശനിപാതം പോലെ വരുന്ന ആക്ഷേ

പരിഹാസ്യ പരിഹാസങ്ങൾക്ക് മുൻപിൽ ഇളകിയാടി. ഞങ്ങളും ഇരകൾ ആണെന്ന മെയ്‌വഴക്കമുള്ള സർക്കാർ ഉദ്യോഗസ്ഥരുടെ പതിവ് അടവുനയം, പക്ഷേ, ചെലവായില്ലെന്ന് മാത്രമല്ല ആ സദസ്സിൽ ഉണ്ടായിരുന്ന തീവ്രനിലപാടുകളുള്ള ജന്തുക്ഷേമ തൽപ്പരരെയും വെളിവാക്കിത്തന്നു. മൃഗീയ ഭൂരിപക്ഷത്തിന് മുൻപിലും തങ്ങളുടെ ജന്തുക്ഷേമോന്മുഖമായ അഭിപ്രായത്തെ വിഴുങ്ങാൻ വിസമ്മതിക്കുന്ന കുറച്ചു പേർ. മെലിഞ്ഞതെങ്കിലും കാമ്പുള്ള ന്യൂനപക്ഷം. ഒറ്റത്തരം പൂക്കൾ, ഒരിക്കലും ഒരു ഉദ്യാനത്തെ ഉണ്ടാക്കുന്നില്ല!

ഇപ്പോൾ നമ്മൾ ചർച്ചചെയ്തുകൊണ്ടിരിക്കുന്ന പെറ്റ്ഷോപ്പ് നിയമങ്ങൾ പൂർണ്ണ രൂപത്തിൽ സർക്കാർ പ്രസിദ്ധീകരിച്ചത് 2018 ലാണ്. അതിനു ശേഷം നാലു വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട പ്രധാന കക്ഷികളായ പെറ്റ്ഷോപ്പ് ഉടമകൾക്കുള്ള ബോധവൽക്കരണതലം വരെ മാത്രമേ എത്തിയിട്ടുള്ളു എന്നത്, ഒരു പരിധിവരെ പ്രതിപാദ്യവിഷയത്തോടും ഓമനമൃഗങ്ങളുടെ ക്ഷേമത്തോടുമുള്ള നമ്മുടെ പരോക്ഷമായ നിസ്സംഗതയുടെ സൂചനയല്ലേ? പെറ്റ്ഷോപ്പുകളുടെ ലൈസൻസിങ് അതോറിറ്റി സംസ്ഥാന ജന്തുക്ഷേമ ബോർഡായിരിക്കെ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള പെറ്റ് ഷോപ്പുകൾക്ക് അപേക്ഷകൾ സമർപ്പിക്കുവാനും മറ്റും ഉതകുന്ന ജില്ലാതല സംവിധാനങ്ങൾ ഒരുക്കേണ്ടതുണ്ട്. അപേക്ഷ സമർപ്പിക്കുവാനും അവയുടെ സ്റ്റാറ്റസ് പരിശോധിക്കുവാനും ഉതകുന്ന ഓൺലൈൻ സംവിധാനങ്ങൾ ഒരുക്കേണ്ടത് നിയമങ്ങൾ അനുസരിക്കുവാൻ താൽപര്യമുള്ള സംരംഭകർക്ക് സഹായകമാവുന്ന നടപടികൾ ആണ്. ലൈസൻസിങ്ങ് നടപടികളുടെ പരമപ്രധാനകേന്ദ്രമായ സംസ്ഥാന ജന്തുക്ഷേമ ബോർഡിന്റെ പ്രാതിനിധ്യഘടന തന്നെ തർക്കവിഷയമായിരിക്കെ നിയമങ്ങളുടെ പ്രയോഗതലം കാത്തിരുന്ന് കാണേണ്ടതാണ്. ആന ഉടമസ്ഥസംഘം പ്രസിഡന്റിനും, ഹൈക്ലാസ്സ് കെന്നൽ ക്ളബ്ബ് പ്രസിഡന്റിനും ജന്തുക്ഷേമത്തിലുള്ള താൽപര്യം ഒരു ജന്തുക്ഷേമതല്പരൻ ചോദ്യം ചെയ്താൽ തൃപ്തികരമായി വിശദീകരിക്കുവാൻ ജനാധിപത്യ സംവിധാനങ്ങൾക്കാകണം.

പെറ്റ്ഷോപ്പ് നിയമങ്ങൾ പരിശോധിച്ചാൽ ഏതൊരു നിഷ്പക്ഷമതിയ്ക്കും അവയിലെ ജന്തുക്ഷേമതാല്പര്യം നിഷേധിക്കാനാവില്ല, പ്രായോഗികത പലപ്പോഴും തടസ്സമാകാമെങ്കിൽ പോലും! മനുഷ്യർ ചേരികളിൽ പുഴുക്കളെ

പോലെ നരകിച്ച് ജീവിച്ച് മരിച്ചുപോകുന്ന ഒരു രാജ്യത്ത്, ശീതീകൃതമായ, അല്ലെങ്കിൽ താപനിയന്ത്രിതമായ വായുസംവിധാനങ്ങളും, സ്മോക്ക് ഡിറ്റക്ഷൻ, അഗ്നിശമനസംവിധാനം, പവർ ബാക്കപ്പ്, പരിശീലനം ലഭിച്ച രാത്രികാവൽക്കാരൻ, എന്നീ നിബന്ധനകൾ ഒറ്റനോട്ടത്തിൽ പുച്ഛത്തെ ക്ഷണിച്ചു വരുത്തും. എന്നാൽ സത്യത്തിൽ, വികസിതമായ ഒരു പൗരസമൂഹത്തിന്റെ ശാസ്ത്രബോധത്തിന് യോജിച്ചത് തന്നെയാണ് ഇവയെല്ലാം. കൂട്ടിലടച്ച മൃഗങ്ങൾക്ക് തീപിടുത്തമുണ്ടായാൽ ഇറങ്ങിയോടാനാവില്ലല്ലോ? എല്ലാവർക്കും തുടങ്ങാവുന്ന പെട്ടികടയാവരുതല്ലോ പെറ്റ്ഷോപ്പുകൾ. വില്പനയ്ക്കായി പ്രദർശിപ്പിക്കപ്പെട്ടിട്ടും 3 മാസക്കാലയളവിനുള്ളിൽ വിറ്റ് പോകാത്ത നായ്ക്കുട്ടി, ഏതോ കഥയിലെ, കളിപ്പാട്ടക്കടയിലെ വിറ്റുപോകാത്ത പാവയുടെ വിഷമത്തെ ഓർമ്മിപ്പിക്കുന്നു . ഇങ്ങനെയുള്ള അശരണരെയും, വികലാംഗരെയും, നിയമലംഘകരായ പെറ്റ് ഷോപ്പുകളിൽ നിന്നും കണ്ടുകെട്ടുന്ന മൃഗങ്ങളെയും പുനരധിവസിപ്പി

ക്കാൻ അംഗീകൃതമായ ജന്തുക്ഷേമ സംഘടനകളുടെ സ്ഥാപനം അത്യാവശ്യമാണെന്നത് പെറ്റ്ഷോപ്പ് നിയമങ്ങളുടെ ലക്ഷ്യവേധിയായ പ്രയോഗത്തിന് സമയമെടുക്കും എന്നതിന്റെ കൂടി സൂചനയാണ്. ജന്തുക്ഷേമം എന്ന അജണ്ട പലപ്പോഴും പല കള്ളനാണയങ്ങളെയും കൊതിപ്പിക്കുന്ന ഒന്നാണ് എന്നത് ചില സമീപകാല അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു.

ലോകരാഷ്ട്രങ്ങളുടെ ഇടയിൽ വളരെയധികം ജന്തുക്ഷേമസൗഹൃദമായ നിയമങ്ങളുള്ള ഒരു രാജ്യമാണ് ഭാരതം. ദൈവങ്ങൾക്ക് പോലും മനുഷ്യേതരമായ മുഖങ്ങൾ നൽകുവാൻ ധൈര്യമുള്ള അദ്വൈതത്തിന്റെ ഔദാര്യം! പക്ഷെ പ്രയോഗികതലത്തിലേക്ക് വരുമ്പോൾ പതിവ് പോലെയുള്ള പിൻനടത്തം. മിണ്ടാപ്രാണികളായതിനാലാവാം , മനുഷ്യോന്മുഖതയിലും പ്രകൃതിസ്നേഹത്തിലും ആണയിടുന്ന പുരോഗമനവാദികൾക്ക് പോലും ഒരു നിസ്സംഗത. മാറ്റിവയ്ക്കാവുന്ന മുൻഗണനാക്രമം.

ജന്തുക്ഷേമ നിയമങ്ങളുടെ ഏറ്റവും വലിയ ദൗർബല്യം തീരെ നിസ്സാരമായ പിഴയും ശിക്ഷകളുമാണ്. പലപ്പോഴും മൂന്നക്ക സംഖ്യകളിലേക്ക് പോലും വളർന്നിട്ടില്ലാത്ത പിഴകൾ, നിയമലംഘകർക്ക് ഒരു പുച്ഛച്ചിരി അലങ്കാരമാക്കുവാൻ കാരണമാകുന്നു. ക്രൂരമായി വണ്ടിയിൽ കെട്ടി വലിച്ചിഴയ്ക്കപ്പെട്ട പട്ടിയ്ക്കും, പൈശാചികമായി കൊലചെയ്യപ്പെട്ട ബ്രൂണോ എന്ന വളർത്തുനായക്കും നീതികിട്ടിയോ എന്നുള്ള പോസ്റ്റ് ഇവന്റ് ജേണലിസം ഏതെങ്കിലും പ്രഖ്യാപിത ജന്തുക്ഷേമ സംഘടനകൾ എങ്കിലും നടത്തുന്നുണ്ടോ ? അത്തരം പ്രവർത്തനങ്ങളും ഹീനമായ പുനരാവർത്തനങ്ങളെ ഒഴിവാക്കാൻ സഹായിക്കുന്ന ആക്ടിവിസമല്ലേ ?

എന്തായാലും ഒഴുക്ക്, മുന്നോട്ടു തന്നെയാണ്. ഒരു സമൂഹത്തിന്റെ പൗരബോധം ഉണരുമ്പോൾ മാത്രമേ ലിംഗനീതിയും, ഇൻക്ലൂസിവ് സമൂഹഘടനയുമെല്ലാം ചർച്ചാവിഷയമാകുന്നുള്ളു. മൃഗങ്ങളെ കേവലമായ വസ്തുക്കൾ എന്ന പരികല്പനയിൽ നിന്നും മാറ്റി നമ്മെപ്പോലെ വികാരങ്ങളുള്ള, മനസ്സുള്ള, ജീവികളായിക്കൂടി കാണുവാൻ തുടങ്ങുമ്പോഴാണ് ജന്തുക്ഷേമത്തെ കുറിച്ചു കൂടി നമ്മൾ ചിന്തിക്കാൻ തുടങ്ങുന്നതും. കർമ്മമില്ലാത്ത കേവലം അനുകമ്പ നിഷ്ഫലമാണ്. ഒരു ഓമനമൃഗത്തെ വാങ്ങുവാനും, വളർത്തുവാനും വിൽക്കുവാനും, ഒരു മിനിമം പ്രായമെങ്കിലും നിർബന്ധമെന്ന് അനുശാസിക്കുന്നതിനെ ആക്ടിവിസം എന്ന് പറയുന്നതെങ്ങനെ? നിങ്ങളുടെ കല്പനകൾക്കനുസരിച്ച് ചെവിയും വാലും രൂപാന്തരം വരുത്തുന്നതിനെ, ശിക്ഷാർഹമായ മ്യൂട്ടിലേഷൻ എന്ന് നിർവചിക്കുന്നതിൽ എന്താണ് തെറ്റ്? പരസ്പരം ഭീതിപടർത്തുന്ന നായയെയും പൂച്ചയേയും മുഖാമുഖം അടുത്തടുത്ത കൂടുകളിൽ ഇടുന്നത് അറിവില്ലായ്മയാണെങ്കിൽ അത് തിരുത്തപ്പെടണം, നിയമം മുഖാന്തരമാണെങ്കിൽ അങ്ങനെ ! കാലാവസ്ഥയ്ക്ക് തീരെ പറ്റാത്ത ജനുസ്സുകളെയും ബ്രീഡുകളെ പോലും, മതിയായ ഭൗതിക സൗകര്യങ്ങളില്ലാതെ വില്പനയ്ക്ക് മാത്രമല്ല വളർത്തുവാൻ പോലും ശാസ്ത്രബോധമുള്ള ഒരു സമൂഹം അനുവദിച്ചുകൂടാ. ഇഗ്ലൂനയെ വീട്ടിലേക്ക് കൊണ്ടുവരുന്നവൻ ഒരു തുണ്ട് മെക്സിക്കോ കൂടി കൊണ്ട് പോരാൻ തയ്യാറുള്ളവനായിരിക്കണം. മനുഷ്യൻ പ്രവാസിയാവുന്നത് സ്വന്തം അതിജീവനത്തിനല്ലേ ? മൃഗങ്ങൾ മിക്കപ്പോഴും അങ്ങനെയല്ലല്ലോ !

സംക്രമണകാലത്തെ പശു പരിചരണം

കന്നുകാലി വളർത്തലിലെ ഏറ്റവും പ്രധാനപ്പെട്ട സമയമാണ് പശുവിന്റെ സംക്രമണ കാലഘട്ടം. പ്രസവത്തിന് മുമ്പ് പതിനഞ്ച് ദിവസം മുതൽ പ്രസവശേഷമുള്ള പതിനഞ്ച് ദിവസം വരെ ഏകദേശം ഒരു മാസത്തോളം വരുന്ന സമയമാണ് സംക്രമണ കാലഘട്ടം എന്നു പറയുന്നത്. കർഷകർ കറവപ്പശുവിന്റെ പരിചരണത്തിൽ വളരെയധികം ശ്രദ്ധ നൽകേണ്ട കാലഘട്ടമാണിത്. കറവപ്പശുക്കളിൽ ഉണ്ടാകുന്ന ക്ഷീരസന്നി, അകിടു വീക്കം, കീറ്റോസിസ്, അസിഡോസിസ് തുടങ്ങിയ രോഗങ്ങൾ ഇക്കാലയളവിലാണ് ഉണ്ടാകുന്നത്. കർഷകന് കനത്ത ധനനഷ്ടമുണ്ടാക്കുന്നതും പശുവിന്റെ മരണം വരെ സംഭവിക്കാവുന്നതുമായ രോഗങ്ങളെല്ലാം സംക്രമണ കാലഘട്ടത്തിലാണ് സംഭവിക്കുന്നത്. പ്രസവത്തിനു മുൻപ് രണ്ട് മുതൽ മൂന്ന് കിലോ ഗ്രാം വരെ ഖരാഹാരം നൽകിയിരുന്ന പശുക്കൾക്ക് പ്രസവശേഷം പാലിന്റെ ഉത്പാദനം അനുസരിച്ച് എട്ടു മുതൽ പത്ത് കിലോഗ്രാം ഖരാഹാരം നൽകേണ്ടി വരുന്നു. പെട്ടെന്നുള്ള തീറ്റയുടെ ആധിക്യം പശുവിന്റെ ആമാശയത്തിൽ ധാരാളം ലാക്ടിക് അമ്ലം ഉണ്ടാകുന്നു. ഇതു മൂലം അസിഡോസിസ് (ആമാശയത്തിലെ അമ്ലത) എന്ന രോഗം കറവപശുക്കളിൽ ഉണ്ടാകുന്നു. ഇതു വരാതിരിക്കുവാൻ സംക്രമണ കാലഘട്ടത്തിന്റെ ആദ്യം ഖരാഹാരത്തിന്റെ അളവ് ക്രമേണ വർദ്ധിപ്പിച്ച് നൽകിയാൽ മതി. ഒരു കിലോഗ്രാം ഖരാഹാരത്തിൽ നിന്ന് ക്രമേണ വർദ്ധിപ്പിച്ച് പ്രസവത്തിന് തൊട്ടടുത്തുള്ള ദിവസങ്ങളിൽ ഏകദേശം അഞ്ച് മുതൽ ആറ് കിലോഗ്രാം ഖരാഹാരം നൽകുന്നത് ഉത്തമമായിരിക്കും. ഇത് ആമാശയത്തിലെ അമ്ലത ഉണ്ടാകുവാനുള്ള സാധ്യത കുറയ്ക്കുന്നതോടൊപ്പം ഊർജ്ജക്കമ്മി മൂലമുണ്ടാകുന്ന കീറ്റോസിസ് എന്ന രോഗം വരാനുള്ള സാധ്യതയും കുറയ്ക്കുന്നു. യഥേഷ്ടം പച്ചപുല്ലും ശുദ്ധജലവും കറവ പശുക്കൾക്ക് ഉറപ്പ് വരുത്തണം. പച്ചപുല്ല് നൽകു

ന്നത് ആമാശയത്തിലെ അമ്ലത കുറയ്ക്കുവാൻ സഹായിക്കുന്നതോടൊപ്പം പോഷകങ്ങളുടെ ആഗിരണത്തിന് സഹായകരവുമാണ്.

പശുവിന്റെ പ്രസവ സമയത്തെ സംഘർഷത്തിന് അയവ് വരുത്തുവാൻ സങ്കരനേപ്പിയർ പോലുള്ള പുല്ലിനങ്ങൾ തീറ്റ ക്രമത്തിൽ ഉൾപ്പെടുത്തണം. ഏകദേശം 20 മുതൽ 25 കിലോഗ്രാം പച്ചപ്പുല്ല് പശുവിന് സംക്രമണകാലഘട്ടത്തിൽ തീറ്റക്രമത്തിൽ ഉൾപ്പെടുത്തണം. കന്നുകാലികൾക്ക് പ്രധാനമായി പുല്ല് ദഹിക്കുവാനുള്ള ആമാശയമാണുള്ളത്. ബാക്ടീരിയ, പ്രോട്ടോസോവ, ഫംഗസ് തുടങ്ങിയ സൂക്ഷ്മാണുക്കളുടെ സങ്കീർണ്ണമായ ആവാസവ്യവസ്ഥയാണ് പശുവിന്റെ ആമാശയത്തിലുള്ളത്. സൂക്ഷ്മാണുക്കൾ ഉത്പാദിപ്പിക്കുന്ന രാസത്വരകങ്ങൾ ആണ് ദഹനത്തിൽ സഹായിക്കുന്നത്. ഈ ആവാസവ്യവസ്ഥയുടെ സന്തുലിത പ്രവർത്തനത്തിന് ധാരാളം ഉമിനീരിന്റെ ആവശ്യമുണ്ട്. ഉമിനീരിൽ അടങ്ങിയിരിക്കുന്ന പല രാസഘടകങ്ങളും ആമാശയത്തിലെ സന്തുലിതമായി പ്രവർത്തിക്കുന്നതിന് സഹായിക്കുന്നു. അതുകൊണ്ട് യഥേഷ്ടം പച്ചപ്പുല്ല് നൽകുന്നത് ധാരാളം ഉമിനീർ പശുവിൽ ഉണ്ടാകുവാൻ സഹായിക്കുകയും ദഹനം സുഗമമാക്കുകയും ചെയ്യുന്നു. നൂറ് ഗ്രാം അപ്പക്കാരം നൽകുന്നത് അമ്ലത കുറയ്ക്കുവാൻ സഹായിക്കും. നൂതന തീറ്റക്രമമായ സമ്പൂർണ്ണ മിശ്രിതതീറ്റ (TMR) നൽകുന്നത് ഉയർന്ന ഉത്പാദന ക്ഷമതയുള്ള പശുക്കൾക്ക് ഗുണകരമാണ്. സമ്പൂർണ്ണ മിശ്രിതതീറ്റയിൽ നാരിന്റെ അംശം നിശ്ചിത അളവിൽ ഉള്ളതിനാൽ ദഹനം സുഗമമാക്കുകയും അസിഡോസിസിനെ പ്രതിരോധിക്കുകയും ചെയ്യും. വിപണിയിൽ ലഭിക്കുന്ന സമ്പൂർണ്ണ മിശ്രിതതീറ്റയുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയ ശേഷം പശുക്കൾക്ക് നൽകണം. സംക്രമണ കാലഘട്ടത്തിൽ ഉണ്ടാകാവുന്ന മറ്റൊരു രോഗമാണ് ക്ഷീരസന്നി അഥവാ കാൽസ്യക്കുറവ് കൊണ്ടുള്ള പശുക്കളുടെ വീഴ്ച. രക്തത്തിലെ കാൽസ്യത്തിന്റെ അളവ് കുറയുന്നതു മൂലം ഉണ്ടാകുന്ന രോഗമാണിത്.

കാൽസ്യത്തിന്റെ അളവ് കുറയുമ്പോൾ നാഡികളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുകയും പശുവിന് എഴുന്നേൽക്കുവാൻ കഴിയാതെ വരുകയും ചെയ്യും. പ്രസവത്തിനു മുൻപ് തീറ്റയിൽ അമിതമായി കാൽസ്യം നൽകിയാൽ പാരതൊർമോൺ എന്ന ഹോർമോണിന്റെ ഉത്പാദനം കുറയുന്നു.

രക്തത്തിൽ കാൽസ്യത്തിന്റെ ആവശ്യമായ അളവ് നിലനിർത്തുന്നത് പാരതൊർമോൺ എന്ന ഹോർമോണാണ്. ഈ ഹോർമോണിന്റെ അപര്യാപ്തത മൂലമാണ് ക്ഷീരസന്നി ഉണ്ടാകുന്നത്. സംക്രമണ കാലഘട്ടത്തിൽ അതായത് പ്രസവത്തിന് മുൻപുള്ള ദിവസങ്ങളിൽ അമിതമായി കാൽസ്യം സപ്ലിമെന്റ് നൽകാതിരുന്നാൽ പാരതൊർമോണിന്റെ അളവ് പ്രസവത്തിന് ശേഷവും ആവശ്യത്തിന് നിലനിർത്തുവാൻ സഹായിക്കുന്നു. ഈ ഹോർമോൺ കാൽസ്യത്തിന്റെ രക്തത്തിലെ അളവ് ആവശ്യത്തിന് നിലനിർത്തുവാൻ സഹായിക്കുന്നു. അത്യുൽപാദനശേഷിയുള്ള പശുക്കളിൽ പ്രസവത്തിനുശേഷം കാൽസ്യം സപ്ളിമെന്റുകൾ നൽകുന്നത് ക്ഷീരസന്നി ഉണ്ടാകുന്നത് പ്രതിരോധിക്കും. സംക്രമണ കാലഘട്ടത്തിൽ വരുന്ന മറ്റൊരു പ്രധാനപ്പെട്ട രോഗമാണ് അകിടുവീക്കം. ഉത്പാദനക്ഷമത കൂടിയ പശുക്കളിൽ പ്രസവത്തിനു മുൻപുള്ള അകിടുവീക്കം സാധാരണമാണ്. പലപ്പോഴും ഇതു അണുബാധ മൂലമുള്ള വീക്കം ആകാനുള്ള സാധ്യത വിരളമാണ്. ഇത്തരം അകിട് വീക്കം പ്രസവത്തിന് ശേഷം പാൽ കറന്ന് മാറ്റുമ്പോൾ കുറയും. തണുത്ത ജലം ഉപയോഗിച്ചു അകിട് കഴുകുന്നത് വീക്കം കുറയ്ക്കുവാൻ സഹായിക്കും. കറവയ്ക്ക് ശേഷം അകിട് പൊവിഡോൺ അയഡിൻ കൊണ്ട് വൃത്തിയാക്കുന്നത് അകിട് വീക്കം വരാതിരിക്കുവാൻ സഹായിക്കാം. ശാസ്ത്രീയമായ കറവ രീതികൾ അവലംബിക്കുന്നത് അകിട് വീക്കത്തെ പ്രതിരോധിക്കും. പാൽ യഥാസമയങ്ങളിൽ മുഴുവനായി കറന്നു മാറ്റുന്നത് അകിടിന്റെ അമിതമായ മർദ്ദം കുറച്ച് പ്രതിരോധശേഷി വർദ്ധിപ്പിക്കും. തൊഴുത്തും പരിസരവും അണുനാശിനികൾ ഉപയോഗിച്ച് വൃത്തിയാക്കുന്നതും അഭികാമ്യമാണ്. പ്രസവത്തിന്ശേഷമുള്ള കാലഘട്ടത്തിൽ "കാലിഫോർണിയ



മാസ്റ്റൈറ്റിസ് ടെസ്റ്റു നടത്തി അകിട് വീക്ക സാധ്യത പരിശോധിക്കാം.

ഗർഭിണിയായ പശുക്കളുടെ സംക്രമണ കാല ഘട്ടത്തിലെ പരിചരണത്തിന് നൂതന പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ക്ഷീര കർഷകർക്ക് സംക്രമണ കാലഘട്ടത്തിലെ പശുവിന്റെ പരിചരണത്തിന്റെ പ്രാധാന്യത്തെ കുറിച്ച് പ്രത്യേക ബോധവത്കരണവും ആവശ്യമാണ്. ശാസ്ത്രീയമായ തീറ്റക്രമവും ചിട്ടയായ പരിപാലന രീതികളും അവലംബിച്ചാൽ പശുക്കളുടെ സംക്രമണ കാലഘട്ടം സുഗമമാക്കാം.

ഡോ.കെ.ലാലു
അസിസ്റ്റന്റ് പ്രൊഫസർ
കോളേജ് ഓഫ് ഡയറി സയൻസ് &
ടെക്നോളജി
കേരള വെറ്ററിനറി ആന്റ് അനിമൽ
സയൻസ് യൂണിവേഴ്സിറ്റി
കൈമനം, തിരുവനന്തപുരം 695040



പശുപരിപാലനം

കന്നുകാലികളിലെ ബാഹ്യപരാദ നിയന്ത്രണം എന്തിന് ?

പാൽ, ഇറച്ചി ഉൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ, നമ്മുടെ സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉൽപ്പാദന ക്ഷമത കൂടിയ ഉരുക്കളെ സർക്കാരിന്റെ പല പദ്ധതികൾ വഴി കേരളത്തിലേക്ക് എത്തിക്കുകയുണ്ടായി. വ്യാവസായിക അടിസ്ഥാനത്തിൽ പശുക്കളെ വളർത്തുന്ന കർഷകർ കൂടുതലായും അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കാലികളെ വാങ്ങുവാൻ തുടങ്ങിയതോടെ അവിടെ വ്യാപകമായിരുന്ന ആന്തരിക ബാഹ്യ പരാദ രോഗങ്ങൾ കേരളത്തിലും വ്യാപകമായി.

കഴിഞ്ഞ പതിനഞ്ച് വർഷത്തോളമായി ചെള്ളുപനി, മഞ്ഞപ്പിത്തം എന്നീ പേരുകളിൽ അറിയപ്പെടുന്ന തെയ്‌ലേറിയാസിസ്, അനാപ്ലാസ്മോസിസ്, ബബീസിയോസിസ് തുടങ്ങിയ ആന്തരിക പരാദ രോഗങ്ങൾ മൂലം മരണപ്പെടുന്ന കന്നുകാലികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ അതിർത്തി ഗ്രാമങ്ങളിൽ മാത്രം കാണപ്പെട്ടിരുന്ന ഇത്തരം രോഗങ്ങൾ ഇന്ന് സംസ്ഥാനത്തൊട്ടാകെ ഒരേ തീവ്രതയിൽ ദോഷം വിതച്ചുകൊണ്ടിരിക്കുന്നു. തുടക്കത്തിൽ തന്നെ കണ്ടെത്തിയാൽ പോലും പൂർണ്ണമായി ചികിൽസിച്ച് ഭേദമാക്കാനോ ഉൽപ്പാദന ക്ഷമത വീണ്ടെടുക്കാനോ കഴിയാതെ പലപ്പോഴും ഈ ഉരുക്കളെ വിറ്റൊഴിയേണ്ടതായും വരുന്നു. വളരെ പ്രതീക്ഷയോടെ ആരംഭിച്ച പല ഫാമുകളിലും രോഗബാധയെ തുടർന്ന് നഷ്ടത്തിലായി ഫാം പൂട്ടേണ്ടതായും വന്നിട്ടുണ്ട്.

മരണത്തെ അതിജീവിച്ചാൽ പോലും ഉൽപ്പാദനക്ഷമത നഷ്ടപ്പെടുകയോ പ്രത്യുൽപ്പാദന ശേഷി ഇല്ലാതാവുകയോ ചെയ്യാം. ഇത്തരം പരാദരോഗങ്ങളിൽ നിന്നും നമ്മുടെ കാലിസമ്പത്തിനെ സംരക്ഷിക്കുന്നതിനും അതുവഴി കർഷകരെ ഈ മേഖലയിൽ പിടിച്ചുനിർത്തുന്നതിനും ഊർജ്ജിതനിയന്ത്രണമാർഗ്ഗങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കേണ്ടതുണ്ട്.

തൈലേറിയ രോഗം

പ്രോട്ടോസോവ വിഭാഗത്തിലുള്ള തൈലേറിയ എന്നയിനം ഏകകോശ രക്തപരാദജീവികളാണ് രോഗഹേതു. തൈലേറിയ ഓറിയന്റലിസ്, തൈലേറിയ ആനുലേറ്റ എന്നീ ഇനങ്ങൾ ആണ് സാധാരണയായി കേരളത്തിൽ രോഗമുണ്ടാക്കുന്നത്. ചുവന്ന രക്തകോശങ്ങളെ സാരമായി ബാധിക്കുന്ന ഓറിയന്റൽ തൈലേറിയ ആണ് വ്യാപകമായി കണ്ടുവരുന്നത്. പട്ടുണ്ണികൾ എന്ന് വിളിയ്ക്കുന്ന ബാഹ്യപരാദങ്ങളുടെ കടിയിലൂടെയാണ് രോഗാണുക്കൾ പശുവിന്റെ ശരീരത്തിൽ എത്തുന്നത്. പട്ടുണ്ണികൾ രക്തം ഊറ്റി കുടിയ്ക്കുമ്പോൾ അവയുടെ ഉമിനീർ വഴി പശുക്കളുടെ ശരീരത്തിൽ എത്തുന്ന രോഗാണുക്കൾ ചുവന്ന രക്തകോശങ്ങളേയും വെളുത്ത രക്തകോശങ്ങളേയും ആക്രമിച്ച് നശിപ്പിക്കും. തുടർന്ന് കരൾ, വൃക്ക തുടങ്ങി വിവിധ അവയവങ്ങളിലേക്ക് കടന്നുകയറുകയും കേടുപാടുകൾ വരുത്തുകയും ചെയ്യും.

ലക്ഷണങ്ങൾ

ശക്തമായ പനി, വിറയൽ, കഴലവീക്കം, തീറ്റ മടുപ്പ്, പാലുൽപ്പാദനം കുറയൽ, നടക്കാനുള്ള മടി, മുടന്ത്, വയറിളക്കം, വായ് മൂക്ക് കണ്ണ് എന്നിവിടങ്ങളിൽ നിന്നും നീരൊലിക്കൽ, ശ്വാസതടസം, ചുമ എന്നിവയാണ് പ്രാരംഭ ലക്ഷണങ്ങൾ തുടർന്ന് വിളർച്ച, മഞ്ഞപ്പിത്തം, മൂത്രത്തിലുള്ള നിറവ്യത്യാസം, രക്തവും കഫവും കലർന്ന

ചാണകം, എന്നീ രോഗലക്ഷണങ്ങളോടെ രോഗം മൂർച്ഛിച്ച് പശുക്കൾ തളർന്ന് കിടപ്പിലായി മഞ്ഞപ്പിത്തവും ശ്വാസതടസവും മൂലം മരണപ്പെടുന്നു.

അനാപ്ലാസ്മോസിസ്

കന്നുകാലികളിലെ രക്തകോശങ്ങളെ ബാധിക്കുന്ന മറ്റൊരു ബാഹ്യപരാദ രോഗമാണിത്. അനാപ്ലാസ്മ മാർജിനേൽ എന്ന രക്തപരാദ ജീവിയാണ് കന്നുകാലികളിൽ രോഗമുണ്ടാക്കുന്നത്. പട്ടുണ്ണിയുടെ കടിയിലൂടെയാണ് രോഗ പകർച്ച. ചുവന്ന രക്തകോശങ്ങളെ ആക്രമിക്കുന്നത് മൂലം വിളർച്ച ക്ഷീണം, തീറ്റമടുപ്പ്. പനി, ശ്വാസതടസം ഗർഭമലസൽ എന്നീ ലക്ഷണങ്ങൾ പ്രകടമാക്കുകയും തുടർന്ന് മരണപ്പെടുകയും ചെയ്യും.

ബബീസിയോസിസ് :

ബബീസിയ ബൈജെമിന, ബബീസിയ ബോവിസ് എന്നിവയാണ് കന്നുകാലികളിൽ രോഗമുണ്ടാക്കുന്നത്. റിപ്പിസെഫാലസ് ഇനത്തിൽ പെട്ട പട്ടുണ്ണികൾ മുഖേനയാണ് രോഗ പകർച്ച. പനി, തീറ്റ മടുപ്പ്, ഉയർന്ന ശ്വസനനിരക്ക്, വിളർച്ച, മഞ്ഞപ്പിത്തം, മെലിച്ചിൽ, ചുവന്ന / കാപ്പി നിറത്തിലുള്ള മൂത്രം എന്നിവയാണ് രോഗ ലക്ഷണങ്ങൾ

രോഗവ്യാപനവും രോഗ നിർണ്ണയവും

മതിയായ പരിശോധനകൾ ഇല്ലാതെ അന്യ സംസ്ഥാനങ്ങളിൽ നിന്നുള്ള കന്നുകാലി ഇറക്കുമതി, രോഗവാഹകർ ആയ പശുക്കളുടേയും രോഗം പരത്തുന്ന പട്ടുണ്ണികളുടേയും വർദ്ധന, ഉൽപ്പാദന ശേഷി ഉയർന്ന സങ്കരയിനം പശുക്കളുടെ കുറഞ്ഞ രോഗപ്രതിരോധ ശേഷി, മതിയായ പോഷകങ്ങളുടെ കുറവ് എന്നിവ രോഗവ്യാപനത്തിന് ഇടയാക്കുന്നു. സമാന രോഗലക്ഷണങ്ങ പ്രകടിപ്പിക്കുന്ന മറ്റു രോഗങ്ങളിൽ നിന്നും ഈ രക്താണുരോഗങ്ങളെ പ്രത്യേകം വേർതിരിച്ച് മനസിലാക്കി ചികിൽസ നൽകേണ്ടതുണ്ട്. ചിലപ്പോൾ ഒന്നിലധികം ഇനം രോഗാണുക്കളുടെ സാന്നിധ്യവും ഉണ്ടാകാറുണ്ട്. ഇതറിയുന്നതിനും രോഗാണു തീവ്രത കൃത്യമായി വിലയിരുത്തുന്നതിനും ചികിൽസാ ക്രമം നിശ്ചയിക്കുന്നതിനും രക്തപരിശോധന ആവശ്യമാണ്.

ചികിത്സ

ആന്റി പ്രോട്ടോസോവൻ മരുന്നുകൾ ആയ ബുപാർവാക്വോൺ, ഇമിഡോകാർബ്, ആന്റി ബയോട്ടിക്കുകൾ (ടെട്രാസൈക്ലിനുകൾ) എന്നിവ ചികിൽസയ്ക്കായി ഉപയോഗിച്ചു വരുന്നു. ശരീരത്തിന്റെ പ്രതിരോധശേഷി വീണ്ടെടുക്കുന്നതിന് സഹായിക്കുന്ന കരൾ സംരക്ഷണ ഉത്തേജകമരുന്നുകൾ, പ്രോബയോട്ടിക്കുകൾ, അയൺ, ഫോളിക് ആസിഡ്, വൈറ്റമിൻ ബി എന്നിവയെല്ലാം നൽകേണ്ടതുണ്ട്. രോഗം ഭേദമായതിന് മൂന്നാഴ്ചയ്ക്ക് ശേഷം വീണ്ടും രക്ത പരിശോധന നടത്തി രോഗാണു സാന്നിധ്യമില്ലെന്ന് ഉറപ്പു വരുത്തുകയും വേണം

വെല്ലുവിളികൾ

രോഗനിർണ്ണയത്തിനുള്ള കാലതാമസം

രോഗം തുടക്കത്തിൽ തിരിച്ചറിയാത്തത് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാക്കാറുണ്ട്. ഉരുക്കൾക്കുണ്ടാവുന്ന ചെറിയ പനി, തീറ്റ മടുപ്പ് എന്നിവയെ കർഷകർ നിസ്സാരമായി കാണരുത്. അവ തിരിച്ചറിഞ്ഞ് വേണ്ട വൈദ്യസഹായം നൽകുന്നതിന് വിമുഖത കാണിക്കരുത്.

ലാബോറട്ടറികളുടെ അപര്യാപ്തത

ലാബോറട്ടറികളിൽ രക്തപരിശോധന നടത്തിയാണ് രോഗം നിർണ്ണയിക്കുന്നത്. എന്നാൽ നിലവിൽ പല മൃഗാശുപത്രികളിലും ഈ സൗകര്യം പരിമിതമാണ്. വെറ്ററിനറി പോളിക്ലിനിക്കുകൾ, വെറ്ററിനറി ഹോസ്പിറ്റലുകൾ എന്നിവയോടനുബന്ധിച്ചുള്ള ലാബുകളുടെ സൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്. ലാബോറട്ടറികളുടെ ശാക്തീകരണത്തിനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളണം. എങ്കിൽ മാത്രമേ ഇത്തരത്തിലുള്ള രോഗങ്ങൾ തുടക്കത്തിലെ കണ്ടെത്തി കർഷകനുണ്ടായേക്കാവുന്ന ഉൽപ്പാദനനഷ്ടവും സാമ്പത്തിക നഷ്ടവും കുറയ്ക്കുവാൻ കഴിയൂ.

ചെക്ക്പോസ്റ്റുകളിലെ പരിശോധനകളുടെ ആവശ്യകത

അന്യസംസ്ഥാനങ്ങളിൽ നിന്നും കന്നുകാലികളെ ഇറക്കുമതി ചെയ്യുമ്പോൾ ചെക്ക്പോസ്റ്റുകളിൽ തന്നെ രക്തപരിശോധന നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം. പുതുതായി പശുക്കളെ കൊണ്ടുവരുമ്പോൾ ചുരുങ്ങിയത് മൂന്ന് ആഴ്ചക്കാലം പ്രത്യേകം മാറ്റി പാർപ്പിച്ച് (ക്വാറന്റൈൻ) നിരീക്ഷിക്കാനും, രക്തം പരിശോധിച്ച് രോഗബാധ ഇല്ലെന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രം മറ്റ് പശുക്കൾക്കൊപ്പം ചേർക്കാനും ശ്രദ്ധിക്കണം. രോഗാണുക്കളുടെ സാന്നിധ്യം കണ്ടെത്തുന്ന പക്ഷം ചികിത്സ ഉറപ്പാക്കാൻ വൈകരുത്. തൈലേറിയ രോഗാണുവിന്റെ നിശ്ശബ്ദവാഹകർ ആയ പശുക്കളെ കണ്ടെത്തുന്നതിനായി ഫാമുകളിൽ രക്തപരിശോധന നടത്തുന്നത് ഉചിതമായ രോഗ നിയന്ത്രണ മാർഗ്ഗമാണ്. ആട് ഫാമുകളിലും എരുമ ഫാമുകളിലും ഇത്തരം പരിശോധനകൾ നടത്തണം

പട്ടുണ്ണികളുടെ നിയന്ത്രണം

ഈ രോഗങ്ങളെ തടയാനുള്ള ഏറ്റവും ഉത്തമ മാർഗം രോഗം പടർത്തുന്ന പട്ടുണ്ണികളുടെ നിയന്ത്രണം തന്നെയാണ്. നമ്മുടെ

സംസ്ഥാനത്തും പട്ടുണ്ണികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളത് കൊണ്ടുതന്നെ രോഗബാധനിരക്കും വളരെ കൂടുതൽ ആണ്. ബാഹ്യ ആന്തരിക പരാദങ്ങളെ പൂർണ്ണമായും ഇല്ലാതാക്കിയെങ്കിൽ മാത്രമേ രോഗബാധ കുറയ്ക്കുവാൻ കഴിയൂ. ബാഹ്യപരാദങ്ങളുടെ നിയന്ത്രണം പ്രയാസമേറിയതിനാൽ ആധുനിക സാങ്കേതിക വിദ്യകൾ പ്രകാരം നിർമിച്ച ഫലപ്രാപ്തിയുള്ള 'പോർഓൺ' മരുന്നുകൾ (മൃഗങ്ങളുടെ ശരീരത്തിൽ കൃത്യമായ ഇടവേളകളിൽ പ്രത്യേക തരത്തിൽ പുരട്ടാനുള്ളത്) മൃഗാശുപത്രികൾ വഴി കർഷകർക്ക് ലഭ്യമാക്കിയാൽ ഇത്തരത്തിലുള്ള

ബാഹ്യപരാദങ്ങളെ പൂർണ്ണമായും ഒഴിവാക്കാം. ഉപയോഗശേഷം കൃത്യമായ ഇടവേളകളിൽ ലാബോറട്ടറി പരിശോധനകളിലൂടെ ഇത്തരം രോഗാണുക്കളുടെ സാന്നിധ്യമുണ്ടോ എന്ന് വിലയിരുത്തേണ്ടതുമാണ്.

വിവിധ പദ്ധതികൾക്കായി അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉരുക്കളെ ഇറക്കുമതി ചെയ്യുന്നത് നിരുൽസാഹപ്പെടുത്തേണ്ടതുണ്ട്. നമ്മുടെ കാലാവസ്ഥയുമായി ഇണങ്ങിച്ചേരാൻ ബുദ്ധിമുട്ടുള്ള പശുക്കൾ ക്രമേണ ഉൽപ്പാദനം കുറഞ്ഞ് ചെന പിടിക്കുവാൻ ബുദ്ധിമുട്ട് ഉള്ളവയായി മാറുകയാണ്. ഭീമമായ കടത്തുകൂലിയും ഇടനിലക്കാരുടെ ചൂഷണവും നേരിട്ട് ഇവയെ വാങ്ങി വളർത്തുന്ന ക്ഷീര കർഷകർ നേരിടുന്ന നഷ്ടം വളരെയേറേ ആണ്. എന്നാൽ സ്വന്തം പശുക്കളിൽ നിന്നും ഉണ്ടാകുന്ന കന്നുകുട്ടികളെ വളർത്തി ഉൽപ്പാദനക്ഷമതയുള്ള പശുക്കൾ ആക്കി മാറ്റാൻ ഇപ്പോഴത്തെ ഉയർന്ന കാലിത്തീറ്റ വിലയും മറ്റ് ചിലവുകളും ക്ഷീരകർഷകരെ നിരുൽസാഹപ്പെടുത്തുകയാണ്. ഇവിടെ ജനിക്കുന്ന മുഴുവൻ പശുക്കിടാക്കൾക്കും മതിയായ തീറ്റയും പരിചരണവും നൽകിയാൽ അവയുടെ വളർച്ചാനിരക്കും ആരോഗ്യപരിശോധനയും നടത്തി കറവപ്പശുക്കൾ ആക്കി മാറ്റിയെടുക്കുവാൻ കഴിയും

ഉയർന്ന ചികിൽസാ ചിലവ്

ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മരുന്നുകളുടെ ഉയർന്ന വില പലപ്പോഴും കർഷകന് താങ്ങാനാവാതെ വരുന്നു. ഏകദേശം മൂന്ന് ദിവസം നീണ്ടു നിൽക്കുന്ന ചികിൽസയ്ക്ക് തന്നെ ആയിരങ്ങൾ ചെലവ് വേണ്ടി വരാറുണ്ട്. രോഗനിരക്ക് കൂടി വരുന്ന നമ്മുടെ സംസ്ഥാനത്തെ കർഷകർക്ക് ഈ മരുന്നുകൾ പൂർണ്ണമായും സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

രോഗബാധയെ തുടർന്ന് ചുവന്ന രക്തകോശങ്ങളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞ് പശു കിടപ്പിലാവുമ്പോൾ ജീവൻരക്ഷാമാർഗ്ഗമായി ബ്ലഡ്ട്രാൻസ്ഫ്യൂഷൻ അഥവാ രക്തപ്പകർച്ച ആവശ്യമായി വരും. പരിമിതികൾ ഏറെയുള്ള കർഷകരുടെ തൊഴുത്തുകളിൽ വച്ച് തന്നെയാണ് ഈ ചികിൽസാമാർഗ്ഗം കൈക്കൊള്ളേണ്ടതും, ആരോഗ്യമുള്ള മറ്റൊരു ഉരുവിൽ നിന്നും നിശ്ചിത അളവിൽ രക്തം ചില പ്രത്യേക തരം സഞ്ചി / ബാഗുകളിൽ ശേഖരിച്ച് രോഗബാധയുള്ള ഉരുവിന്റെ ശരീരഭാരം അനുസരിച്ച് സിരകളിലൂടെ നൽകുന്നു. മൃഗചികിൽസയ്ക്കാവശ്യമായ ഇത്തരം രക്തശേഖരണ ബാഗുകൾ സംസ്ഥാനത്തിനകത്ത് ലഭ്യമാകുന്നില്ല. നിയമവിധേയമല്ലെങ്കിൽ പോലും പലപ്പോഴും മനുഷ്യരിൽ ഉപയോഗിക്കുന്ന ഇത്തരം ബ്ലഡ് ബാഗുകൾ ഉപയോഗിച്ച് വെറ്ററിനറി ഡോക്ടർമാർ കന്നുകാലികളുടെ ജീവൻ രക്ഷിയ്ക്കുന്നുമുണ്ട്. എന്നാൽ ഇവ ലഭ്യമാകുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ ഉണ്ട്. ഇത്തരത്തിലുള്ള രക്തശേഖരണബാഗുകൾ മൃഗാശുപത്രികൾ വഴി ലഭ്യമാവുകയാണെങ്കിൽ ഇത്തരത്തിലുള്ള രോഗബാധ മൂലം കന്നുകാലികൾ മരണപ്പെടുന്നത് ഒഴിവാക്കുന്നതിനും തന്മൂലം കർഷകർക്ക് ഉണ്ടാകാനിടയുള്ള സാമ്പത്തിക നഷ്ടം കുറയ്ക്കുവാനും കഴിയും.

ഡോ.ബീന.ഡി
അസി.ഡയറക്ടർ (റിട്ട)
മൃഗസംരക്ഷണ വകുപ്പ്.

ഷവർമ്മയും മാംസജന്യരോഗ പകർച്ചയും

ലോകത്തിലെ ഏറ്റവും പ്രശസ്തമായ തെരുവ് ഭക്ഷണങ്ങളിലൊന്നായ ഷവർമ ഒരു ജനപ്രിയവിഭവമാണ്. ആട്ടിൻകുട്ടിയുടെയോ ആടിന്റെയോ മാംസം നേർത്ത കഷ്ണങ്ങളാക്കി മുറിച്ച് റോട്ടിസറിയിൽ വറുത്തെടുക്കുന്ന താണ് ഷവർമ്മ. ഇപ്പോൾ ഇത് ചിക്കൻ, ടർക്കി, ബീഫ് അല്ലെങ്കിൽ ഇളയമാട്ടിറച്ചി കൊണ്ടും നിർമ്മിക്കുന്നു. തുടർച്ചയായി കറങ്ങുമ്പോൾ പാകം ചെയ്ത പ്രതലത്തിൽ നിന്ന് നേർത്ത കഷ്ണങ്ങൾ ഷേവ് ചെയ്തെടുക്കുമ്പോൾ നന്നായി വേവാത്ത മാംസവും കൂടി മുറിച്ചെടുക്കുമ്പോഴാണ് രോഗം വരാൻ ഇടയാകുന്നത്. ഇതിൽ ഉപയോഗിക്കുന്ന ചേരുവകളായ മുട്ടയുടെ ശുദ്ധതയും പരിസരവൃത്തിയും പാകം ചെയ്യുന്ന ആളുടെ ആരോഗ്യവും ശ്രദ്ധിക്കേണ്ടതുണ്ട്.

ഭക്ഷണത്തിനായി മൃഗങ്ങളെ കൈകാര്യം ചെയ്യുക, കശാപ്പ് ചെയ്യുക, നന്നായി പാകം ചെയ്യാത്ത മാംസം കഴിക്കുക, രോഗബാധിതരായ മൃഗങ്ങളുടെ മാംസം കഴിക്കുക തുടങ്ങിയവയിലൂടെയാണ് മനുഷ്യനിലേക്ക് രോഗം പകരുന്നത്.

മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്നു. അനേകം മാംസജന്യരോഗങ്ങൾ ഉണ്ട്. അതിൽ പ്രധാനപെട്ടതാണ് 'ഷിഗെല്ലോസിസും,' 'സൽമോണെല്ലോസിസും'. സൽമോണെല്ല അണുബാധ കുടൽനാളത്തെ ബാധിക്കുന്ന ഒരു ബാക്ടീരിയ രോഗമാണ്. ഈ ബാക്ടീരിയ സാധാരണയായി മൃഗങ്ങളുടേയും മനുഷ്യരുടേയും കുടലിൽ പറ്റിപ്പിടിക്കുകയും മലം വഴി പുറംതള്ളുകയും ചെയ്യുന്നു.

'ഗ്യാസ്ട്രോഇന്റസ്റ്റൈനൽ സൽമോണെല്ല അണുബാധ' സാധാരണയായി ചെറുകുടലിനെ ബാധിക്കുന്നു. ഇതിനെ 'സൽമോണെല്ല എന്ററോകോളിറ്റിസ്' എന്നും വിളിക്കുന്നു. ഭക്ഷ്യ വിഷബാധയുടെ ഏറ്റവും സാധാരണമായ ഇനങ്ങളിൽ ഒന്നാണിത്.

മാംസപരിശോധനയിലൂടെയും ശുചിത്വ നിലവാരം മെച്ചപ്പെടുത്തുന്നതിലൂടെയും ഇത് കുറയ്ക്കാൻ സാധിക്കും.

പഴകിയ ചിക്കൻ ആകണം എന്നില്ല, നല്ലതാണെന്ന് തോന്നിക്കുന്ന മാംസത്തിലും അണുക്കൾ ഉണ്ടാവാം. ശരീരത്തിൽ കയറി നാലഞ്ച് മണിക്കൂറിനുള്ളിൽ രോഗ ലക്ഷണങ്ങൾ പ്രകടമാകും.

സൽമോണെല്ല അണുക്കൾ നശിക്കണമെങ്കിൽ ചുരുങ്ങിയത് 75 ഡിഗ്രി സെന്റിഗ്രേഡിൽ പത്ത് മിനിറ്റോ, 55 ഡിഗ്രിയിൽ ഒരു മണിക്കൂർ അല്ലെങ്കിൽ 60 ഡിഗ്രിയിൽ അരമണിക്കൂർ വേവിക്കണം. ഇല്ലെങ്കിൽ അണുക്കൾ നശിക്കാതെ മാംസത്തിൽ ഇരിക്കുകയും ഭക്ഷണം

വഴി അവ ശരീരത്തിൽ കയറുകയും ചെയ്യും.

പച്ചമുട്ടയിൽ ചേർത്തുണ്ടാക്കുന്ന മയോണിസ്, സാൽമൊനെല്ല വിഷബാധ ഉണ്ടാക്കുന്ന ഒരു ഭക്ഷണ പദാർഥമാണ്.

ലക്ഷണങ്ങൾ

വയറുവേദന, മലബന്ധം, അതിസാരം, പനി പേശി വേദന, ഓക്കാനം, ഛർദ്ദി, മൂത്രത്തിന്റെ കുറവ് അല്ലെങ്കിൽ ഇരുണ്ട നിറമുള്ള മൂത്രം, വരണ്ട വായ, തളർച്ച, രക്തരൂക്ഷിതമായ മലം, വയറിളക്കം മൂലമുണ്ടാകുന്ന നിർജ്ജലീകരണം എന്നിവയാണ്.

പ്രതിരോധ മാർഗ്ഗങ്ങൾ

- വയറിളക്കം ഉണ്ടാകുമ്പോൾ നഷ്ടപ്പെടുന്ന നിർജ്ജലീകരണം മറികടക്കുക എന്നതാണ് ആദ്യം ചെയ്യേണ്ടത്. ധാരാളം വെള്ളം കുടിക്കണം.
- എളുപ്പത്തിൽ ദഹിക്കുന്ന ഭക്ഷണങ്ങൾ മാത്രം കഴിക്കുക.
- പാലുൽപ്പന്നങ്ങൾ ഒഴിവാക്കുകയും ധാരാളം വിശ്രമിക്കുകയും വേണം. ഇത് നിങ്ങളുടെ ശരീരത്തെ അണുബാധയെ ചെറുക്കാൻ സഹായിക്കുന്നു.
- ദ്രാവകങ്ങൾ കുടിക്കുന്നതിൽ നിന്ന് ഓക്കാനം നിങ്ങളെ തടയുന്നുവെങ്കിൽ ഉടൻ ഡോക്ടറെ കാണണം.
- ശുപാർശ ചെയ്യപ്പെടുന്ന ഊഷ്മാവിൽ ഭക്ഷണങ്ങൾ പാകം ചെയ്യുക,
- അവശേഷിക്കുന്നവ ഉടനടി ഫ്രിഡ്ജിൽ വയ്ക്കുക.
- ഭക്ഷ്യവിഷബാധയേൽക്കാൻ സാധ്യതയുള്ള ഇത്തരം ഭക്ഷണങ്ങൾ തയ്യാറാക്കുന്നതിന് മുമ്പും ശേഷവും പരിസരവും കൗണ്ടറുകളും വൃത്തിയാക്കുക.
- കടകളിലെ ജീവനക്കാർ ടോയ്‌ലറ്റ് ഉപയോഗിച്ച ശേഷം കൈകൾ വൃത്തിയായി കഴുകുക. കൂടുതൽ ശുചിത്വം പാലിക്കുക.
- മാംസം നന്നായി പാകം ചെയ്ത് കഴിക്കുക.
- ഭക്ഷ്യസുരക്ഷാവകുപ്പിന്റെ പരിശോധന കർക്കശമാക്കുക.
- ഭക്ഷണം പാകം ചെയ്യുന്നവരുടെ ആരോഗ്യം ഉറപ്പുവരുത്തുക
- അറവുശാലകളിൽ പക്ഷികളുടെയും മൃഗങ്ങളുടെയും ആരോഗ്യം തൃപ്തികരമാണെന്ന് വിലയിരുത്തുകയും, മാംസപരിശോധന കർക്കശമാക്കുകയും വേണം.

ഡോ. എം. ഗംഗാധരൻ നായർ
ഡെപ്യൂട്ടി ഡയറക്ടർ (മുൻ)
മൃഗ സംരക്ഷണ വകുപ്പ്
ഫോൺ. 9947452708

വറ്റുകയില്ല കനിവിൻ ഉറവകളെല്ലാം എന്ന് ഓർമ്മപ്പെടുത്തുന്നു ഈ ചാരുചിത്രം

പശുപരിപാലനം

പശുക്കളിലെ വന്ധ്യത കാരണങ്ങളറിയാം

ലോകമെമ്പാടും പശുക്കളിലെ വന്ധ്യത വർധിച്ചു വരുന്നത് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ക്ഷീര മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ് വന്ധ്യത. പ്രത്യുത്പാദനക്ഷമത കുറഞ്ഞ പശുക്കളെ വളർത്തുന്ന കർഷകർക്ക് കനത്ത സാമ്പത്തികനഷ്ടം വരാം.

പോഷകാഹാരക്കുറവ്, പരിപാലനത്തിലെ പോരായ്മകൾ, രോഗാണുബാധ, പ്രത്യുത്പ്പാദനം നിയന്ത്രിക്കുന്ന ഹോർമോണുകളുടെ അപര്യാപ്തത, പ്രത്യുത്പാദന അവയവങ്ങളുടെ വളർച്ചക്കുറവ്, പരിസ്ഥിതിഘടകങ്ങൾ, ജനിതകഘടകങ്ങൾ, ബീജത്തിന്റെ ഗുണനിലവാരം തുടങ്ങി അനവധി പ്രശ്നങ്ങൾ വന്ധ്യതക്ക് കാരണമാകാം.

ആരോഗ്യമുള്ളതും എന്നാൽ പ്രത്യുൽപ്പാദനക്ഷമതയെ പ്രതികൂലമായി ബാധിക്കുന്ന പ്രകടമായ രോഗലക്ഷണങ്ങൾ കാണിക്കാത്തതുമായ പശുക്കളെ രണ്ടോ, മൂന്നോ പ്രാവശ്യം കൃത്രിമ ബീജാധാനത്തിനു വിധേയമാക്കിയിട്ടും അവ ഗർഭം ധരിക്കുന്നില്ലായെങ്കിൽ അവയെ "റിപ്പീറ്റ് ബ്രീഡേഴ്സ്" എന്ന വിഭാഗത്തിൽ ഉൾപ്പെടുത്താം. ഇതിന് പല കാരണങ്ങളുണ്ട്. ഏറ്റവും പ്രധാനപ്പെട്ടത് ബീജസങ്കലനം നടക്കുന്നതിനുള്ള തടസ്സങ്ങളും ബീജസങ്കലനം നടന്നാലും ആദ്യഘട്ടത്തിലുണ്ടാകുന്ന ഭ്രൂണനാശവുമാണ്.

മദി ദൈർഘ്യം

പശുക്കളുടെ ശരാശരി മദിചക്രം ഇരുപത്തിയൊന്ന് ദിവസമാണ്. ആവർത്തിച്ചുള്ള പ്രജനനം ഒഴിവാക്കി ഒന്നോ രണ്ടോ കൃത്രിമ ബീജാധാനത്തിലൂടെ പശുക്കളെ ഗർഭം ധരിപ്പിക്കുവാനുള്ള പ്രജനനപരിപാലന നയങ്ങളാണ് ശീലിക്കേണ്ടത്.

പശുക്കളിലെ മദിദൈർഘ്യം സാധാരണയായി 12 മുതൽ 24 മണിക്കൂറുകളാണ്. മദി അവസാനിച്ച് 12 മണിക്കൂറിനുശേഷമാണ് അണ്ഡവിസർജനം നടക്കുന്നത്. മദിയുടെ തുടക്കത്തിലോ മദി അവസാനിച്ച് മണിക്കൂറുകൾക്ക് ശേഷമുള്ളതോ ആയ ബീജാധാനം ഫലപ്രദമല്ല. അണ്ഡത്തിന്റെ ആയുസ്സ് 12 മണിക്കൂറും പശുക്കളുടെ പ്രത്യുത്പാദന അവയവങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന ബീജാണുക്കളുടെ ആയുസ്സ് ഏകദേശം 24 മണിക്കൂറുമാണ്. ആയതിനാൽ മദിയുടെ ആരംഭത്തിൽ ബീജാധാനം നടത്തിയാൽ ബീജത്തിന് പ്രായമേറി ചലനശേഷി കുറഞ്ഞ് നശിച്ചുപോകും. മറിച്ച് അണ്ഡവിസർജനം നടന്ന് മണിക്കൂറുകൾക്കുശേഷം ബീജാധാനം നടത്തിയാൽ അണ്ഡത്തിന് പ്രായമേറുകയും ബീജ സങ്കലനം ഫലപ്രാപ്തിയിലെത്തുകയും ചെയ്യില്ല. അതിന്റെ കാരണം വ്യക്തമാക്കാം. ബീജാണുക്കൾ, ബീജസങ്കലനത്തിന് പ്രാപ്തമാകുവാൻ കപ്പാസിറ്റേഷൻ എന്ന പ്രക്രിയക്ക് വിധേയമാകേണ്ടതുണ്ട്.

ഗർഭാശയഗളം, ഗർഭാശയം എന്നിവയിലെ സ്രവങ്ങളിൽ നടക്കുന്ന ഈ പ്രക്രിയക്ക് 6 മുതൽ 10 മണിക്കൂർ സമയദൈർഘ്യം ആവശ്യമാണ്. ആയതിനാൽ മദിലക്ഷണങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ച് ഉരുക്കളുടെ മദിയുടെ ദൈർഘ്യം മനസ്സിലാക്കി സമയബന്ധിതമായി കൃത്രിമബീജാധാനം നടത്തിയാൽ മാത്രമേ അണ്ഡവിസർജനം നടക്കുന്ന സമയവും, കൃത്രിമ ബീജാധാനം നടക്കുന്ന സമയവും ഏകീകരിക്കുവാൻ സാധിക്കുകയുള്ളൂ. ചുരുക്കി പറഞ്ഞാൽ മദിയുടെ മദ്ധ്യഘട്ടം മുതൽ അവസാനഘട്ടം വരെയുള്ള സമയമാണ് കൃത്രിമ ബീജാധാനത്തിന് അനുയോജ്യം. അതായത് രാവിലെ മദിലക്ഷണം കണ്ടാൽ വൈകുന്നേരവും, വൈകുന്നേരം മദിലക്ഷണം കണ്ടാൽ പിറ്റേദിവസം രാവിലെയും കൃത്രിമ ബീജാധാനം നടത്തുന്നതാണ് അനുയോജ്യം.

തടസ്സങ്ങളും കാരണങ്ങളും

പ്രത്യുത്പ്പാദനവുമായി ബന്ധപ്പെട്ട ഹോർമോണുകളുടെ അപര്യാപ്തത, അമിതോൽപ്പാദനം എന്നിവ ഗർഭധാരണത്തിന് തടസ്സമാകാം.

അശാസ്ത്രീയമായ കുത്തിവയ്പ്പ് രീതി, അവിദഗ്ധരായ വ്യക്തികൾ ചെയ്യുന്ന കൃത്രിമ ബീജാധാനം, ഗുണമേന്മ കുറഞ്ഞ ബീജം എന്നിവ ഗർഭാശയ അണുബാധക്കും, ഗർഭധാരണതടസ്സത്തിനും കാരണമാകാം.

പ്രകടമായ ലക്ഷണങ്ങൾ കാണിക്കാത്ത ഗർഭാശയ അണുബാധ (subclinical endometritis) വന്ധ്യതക്ക് കാരണമാകാറുണ്ട്. ഇത്തരം പശുക്കളുടെ ഗർഭാശയം, യോനി എന്നിവയിലൂടെ വരുന്ന സ്രവങ്ങളിൽ പഴുപ്പിന്റെ അംശം കാണുകയില്ല. ഇവക്ക് തുടർച്ചയായി ഒന്നോ രണ്ടോ മദികളിൽ ബീജാധാനം നടത്താതെ വിശ്രമം (sexual rest) കൊടുക്കുന്ന രീതി ഫലപ്രദമാണ്. ആയത് പ്രത്യുത്പ്പാദന അവയവങ്ങളിലെ അണുബാധക്കെതിരെ, സ്വാഭാവിക പ്രതിരോധശേഷി കൈവരിക്കുവാൻ സഹായിക്കും.

വന്ധ്യതാചികിത്സയ്ക്ക് കൃത്യമായ രോഗ നിർണ്ണയം അനിവാര്യമാണ്. യോനീസ്രവത്തിന്റെ നിറം, ഘടന, സ്ഥിരത എന്നിവ പരിശോധിച്ച് ഗർഭാശയ അണുബാധ മനസ്സിലാക്കാം. നൂതനസാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള രോഗ നിർണ്ണയ ഉപാധികളും, പ്രത്യുൽ പ്പാദന അവയവങ്ങളിലെ തകരാറുകൾ മനസ്സിലാക്കുന്നതിന് സഹായിക്കും.

ആന്റിബയോട്ടിക്കുകൾ, ആന്റിസെപ്ടിക്കുകൾ എന്നിവ ഗർഭാശയ അണുബാധക്ക് ഫലപ്രദമാണ്.

രണ്ടോ അതിലധികമോ പ്രാവശ്യം സമയബന്ധിതമായി ബീജാധാനം നടത്തിയിട്ടും ഗർഭധാരണം നടക്കാത്ത ഉരുക്കൾക്ക്, വിദഗ്ദ്ധപരിശോധനയും ചികിത്സയും, അംഗീകൃതസ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ഗുണമേന്മയുള്ള ബീജം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

24 മണിക്കൂറിൽ കൂടുതൽ നീണ്ടു നിൽക്കുന്ന മദി അഥവാ ദീർഘമദിയുള്ള ഉരുക്കളിൽ അണ്ഡവിസർജനം വൈകിയേ നടക്കൂ ഇതിന് (delayed ovulation) എന്ന് പറയും. ഇവക്ക് 24 മണിക്കൂർ ഇടവിട്ടുള്ള രണ്ടു ബീജാധാനം ഫലപ്രദമാണ്. കൂടാതെ അണ്ഡവിസർജനം ത്വരിതപ്പെടുത്തുവാൻ സഹായിക്കുന്ന ഹോർമോൺ ചികിത്സകളും ലഭ്യമാണ്. അണ്ഡവിസർജനത്തിലുണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിനും, മദിസമയം ഏകീകരിക്കുന്നതിനും വിദഗ്ധനിർദ്ദേശ പ്രകാരമുള്ള ഹോർമോൺ ചികിത്സ ഫലപ്രദമാണ്.

കാലാവസ്ഥാവ്യതിയാനവും പ്രത്യുൽപ്പാദനക്ഷമതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഉയർന്ന അന്തരീക്ഷ ഊഷ്മാവ്, ഈർപ്പം, കനത്തമഴ, വെള്ളപ്പൊക്കം തുടങ്ങിയ പരിസ്ഥിതിഘടകങ്ങൾ ഗർഭധാരണത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്. അത്യുഷ്ണമുള്ള സാഹചര്യങ്ങളിൽ, അന്തരീക്ഷ ഊഷ്മാവ് കുറഞ്ഞ സമയത്ത്, അതായത് രാവിലെയോ, വൈകുന്നേരമോ കൃത്രിമ ബീജാധാനം നടത്തുന്നതാണ് അഭികാമ്യം. അതോടൊപ്പം ഉരുക്കൾക്ക് ആവശ്യമായ തണലും ഉറപ്പുവരുത്തേണ്ടതാണ്.

Heat stress അഥവാ കൂടിയചൂട്, ഭ്രൂണനാശത്തിന് (early embroyonic death) കാരണമാകാറുണ്ട്.

പാലുൽപ്പാദനം കൂടുതലുള്ള ഉരുക്കളിൽ പ്രസവാനന്തരം ശരീരഭാരം കുറയുന്ന അവസ്ഥ കണ്ടു വരുന്നുണ്ട്. ഇത് പ്രത്യുത്പ്പാദനത്തെ പ്രതികൂലമായി ബാധിക്കും. കൂടിയ അളവിൽ മാംസ്യം അഥവാ പ്രോട്ടീൻ അടങ്ങിയ തീറ്റ നൽകുമ്പോൾ ആനുപാതികമായി അന്നജം അഥവാ സ്റ്റാർച്ച് അടങ്ങിയിട്ടില്ലങ്കിൽ രക്തത്തിലെ ഗ്ലൂക്കോസിന്റെ അളവ് കുറയുവാനും blood urea nitrogen ന്റെ അളവ് കൂടുവാനും കാരണമാകും. ഇത് negative energy balance എന്ന സാഹചര്യം ഉളവാക്കുന്നു. പ്രസവാനന്തരമുള്ള നാലു മുതൽ ആറ് ആഴ്ച്ചകളിലാണ് ഇത് കൂടുതലായി കണ്ടുവരുന്നത്. ഇത് പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട ഹോർമോൺ ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും തുടർന്ന് പ്രസവാനന്തര മദി ഉണ്ടാകാതിരിക്കുകയും ചെയ്യും. പാലുൽപ്പാദനം കൂടുതലുള്ള പ്രസവാനന്തര സമയത്ത് അന്നജ സമ്പുഷ്ടമായ തീറ്റ നൽകുവാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

കൂടാതെ തീറ്റയിൽ അന്നജം കുറഞ്ഞാൽ ശരീരം ഊർജ്ജാവശ്യങ്ങൾക്ക് കൊഴുപ്പിനെ ഉപയോഗപ്പെടുത്തുകയും അതിനെ തുടർന്ന് ഉപാപചയപ്രക്രിയയിലെ മാറ്റങ്ങൾ മൂലം രക്തത്തിലെ കീറ്റോൺ ബോഡീസിന്റെ (Ketone Bodies) അളവ് കൂടി കീറ്റോസിസ് (Ketosis) രോഗബാധ ഉണ്ടാകാറുമുണ്ട്. ഇതും വന്ധ്യതക്ക് കാരണമാകാം.

ഉപാപചയം അഥവാ Metabolism വുമായി ബന്ധപ്പെട്ട ക്ഷീരസന്നി, അസിഡോസിസ് എന്നീ രോഗങ്ങൾ പ്രസവത്തിന് രണ്ടാഴ്ച്ച മുൻപും, പ്രസവാനന്തരം 8 ആഴ്ച്ചകൾ വരെയും കാണപ്പെടാറുണ്ട്. ഈ രോഗങ്ങൾ മൂലം സമയബന്ധിതമായി പ്രസവാനന്തരമദി കാണാറില്ല. ശരിയായ പരിപാലനമുറകൾ അനുവർത്തിച്ചാൽ രോഗബാധ തടയാവുന്നതാണ്.

പരമാവധി പ്രത്യുത്പാദനശേഷി കൈവരിക്കുന്നതിന് അന്നജം, മാംസ്യം, കൊഴുപ്പ്, പരുഷാഹാരം (പച്ചപുല്ല്) എന്നിവ സന്തുലിത അളവിൽ അടങ്ങിയ തീറ്റ നൽകേണ്ടതാണ്. കൂടാതെ വിറ്റാമിൻ A, D, E കരോട്ടിൻഎന്നിവയുംചെറുമൂലകങ്ങളായസെലിനിയം (Se), സിങ്ക് (Zn), കോപ്പർ (Cu), അയൺ (Iron), കൊബാൾട്ട് (Co), മാഗ്നീഷ്യം (Mg), മാംഗനീസ് (Mn) എന്നിവയുടെ ലഭ്യതയും ഉറപ്പുവരുത്തേണ്ടതാണ്. തീറ്റ വസ്തുക്കളിലെ പൂപ്പൽവിഷബാധ, സസ്യജന്യ വിഷങ്ങൾ, ഹോർമോണുകൾ എന്നിവ പ്രത്യുൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കും.

തീറ്റയിലെ പോഷകങ്ങളുടെ അളവ്, വിഷവസ്തുക്കളുടെ സാന്നിധ്യം, അളവ് എന്നിവയും രക്തത്തിലെ Blood Urea Nitrogen (BUN) എന്നിവ പരിശോധിക്കുന്നതിലൂടെ രോഗ നിർണ്ണയം സാധ്യമാകുന്നതാണ്.

രക്തത്തിൽ ഹീമോഗ്ലോബിൻ അഥവാ ഇരുമ്പിന്റെ അളവ് കുറയുന്നതുമൂലമുള്ള വിളർച്ച സർവ്വസാധാരണമാണ്. ഇത് പ്രത്യുൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും. പോഷകാഹാരകുറവുമൂലം, രക്തകോശങ്ങളെ ബാധിക്കുന്ന വിവിധതരം പ്രോട്ടോസോവനുകൾ മൂലമുള്ള രോഗബാധയും വിളർച്ചക്ക് പ്രധാന കാരണമാണ്. രക്തപരിശോധനയിലൂടെ ഇത് വളരെയെളുപ്പം കണ്ടു പിടിക്കാവുന്നതും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്നതുമാണ്.

നിശ്ശബ്ദ മദി

മദി കൃത്യമായി ഉണ്ടാകുകയും എന്നാൽ മദി ലക്ഷണങ്ങൾ പുറമേ കാണിക്കാതിരിക്കു

കയും ചെയ്യുന്നതിനെ നിശ്ശബ്ദമദി അഥവാ silent heat എന്നു വിളിക്കാറുണ്ട്. സാധാരണ ഗതിയിൽ പ്രസവാനന്തരമുള്ള ആദ്യ മദി നിശ്ശബ്ദ മദിയായിരിക്കും. തുടർന്നുണ്ടാകുന്ന മദിയിൽ മദിലക്ഷണങ്ങൾ കാണിക്കേണ്ടതാണ്. നിശ്ശബ്ദ മദിയിൽ ലക്ഷണങ്ങൾ കാണാത്തതിനാൽ ബീജാധാനം നടത്തുവാൻ സാധിക്കുകയില്ല.

ഹോർമോൺ സംബന്ധമായ പ്രശ്നങ്ങൾ മൂലം അണ്ഡവിസർജനം നടക്കാത്ത സാഹചര്യത്തിൽ അണ്ഡാശയത്തിൽ സിസ്റ്റുകൾ (Overian cyst) രൂപപ്പെടുന്നത് വന്ധ്യതക്ക് കാരണമാകാറുണ്ട്. ചില പശുക്കളിൽ പാരമ്പര്യമായി അണ്ഡാശയസിസ്റ്റുകൾ രൂപപ്പെടുന്നത് കാണാറുണ്ട്. ഇത്തരം പശുക്കൾ പ്രജനനത്തിന് ഉപയുക്തമല്ല. നിശ്ശബ്ദമദി, അണ്ഡാശയത്തിലെ സിസ്റ്റുകൾ എന്നിവക്ക് ഹോർമോൺ ചികിത്സകൾ ഫലപ്രദമാണ്.

പ്രസവാനുബന്ധമായി പ്രത്യുത്പാദന അവയവങ്ങളിലുണ്ടാകുന്ന പരിഹരിക്കാനാവാത്ത ക്ഷതങ്ങൾ, അണ്ഡവാഹിനിക്കുഴലിലെ തടസ്സങ്ങൾ, (tubal block) അണ്ഡാശയവും അണ്ഡവാഹിനിക്കുഴലും ഒട്ടിച്ചേർന്നു പോകുന്ന അവസ്ഥ (Ovarobursal adhesion) എന്നിവക്ക് ഫലപ്രദമായ ചികിത്സ ലഭ്യമല്ല. ഇത്തരം ഉരുക്കളെ ഡോക്ടറുടെ നിർദ്ദേശാനുസരണം ഒഴിവാക്കണം.

രോഗങ്ങളും മദിയും

ഉത്പാദനക്ഷമത കൂടിയ പശുക്കളിൽ പ്രസവാനന്തരം കാണുന്ന അകിടുവീക്കം ഭ്രൂണനാശത്തിനും വന്ധ്യതക്കും കാരണമാകാറുണ്ട്. അകിടുവീക്ക നിയന്ത്രണത്തിന് ശരിയായി പരിപാലന മുറകൾ അനുവർത്തിക്കുന്നതാണ് ഉചിതമായിട്ടുള്ളത്.

വൃത്തിഹീനമായ പരിസരം, പ്രസവ സമയത്തുള്ള ശുചിത്വമില്ലായ്മ പ്രസവ പരി പാലനം, ശുദ്ധജലത്തിന്റെ ലഭ്യതക്കുറവ് എന്നിവ വന്ധ്യതക്ക് കാരണമാകാം. ഈ വിഷയങ്ങളിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

പ്രസവാനുബന്ധമായും, പ്രസവശേഷമുള്ളതുമായ പ്രശ്നങ്ങൾ, മദിചക്രദൈർഘ്യം തുടങ്ങിയ പ്രധാന വിഷയങ്ങളുടെ രേഖകൾ സൂക്ഷിക്കുന്നത് വന്ധ്യത ചികിത്സക്ക് സഹായകരമാകും. രേഖകൾ സൂക്ഷിക്കാനുള്ള ജാഗ്രത കാണിക്കേണ്ടതാണ്.

മദിയില്ലാത്ത പശുക്കളിൽ കൃത്രിമ ബീജാധാനം നടത്തുന്നത് വ്യാപകമായി കണ്ടുവരുന്നുണ്ട്. കൂടാതെ 'ഇടപ്പുള' അഥവാ മദിചക്രത്തിന്റെ മധ്യഘട്ടത്തിലുണ്ടാകുന്ന ചെറിയ രീതിയിലുള്ള മദിലക്ഷണങ്ങളുടെ സമയത്ത് കൃത്രിമ ബീജാധാനം നടത്തുന്നതും കാണാറുണ്ട്. ഇത് ഗർഭാശയത്തിനുള്ളിലെ അണുബാധ, ഗർഭമലസൽ, ഗർഭാശയഗളത്തിലെ ക്ഷതങ്ങൾ എന്നിവക്ക് കാരണമാകാറുണ്ട്. ഇത് വന്ധ്യതയിലേക്ക് നയിച്ചേക്കാം. ഇത് ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

കിടാരികൾക്കും, പശുക്കൾക്കും അമിതമായി ആഹാരം നൽകുന്നത് നല്ലതല്ല. Over conditioning എന്നു പറയുന്ന ഈ അവസ്ഥ മൂലം അണ്ഡാശയത്തിനുചുറ്റും കൊഴുപ്പടിഞ്ഞ് അണ്ഡവിസർജനം തടസ്സപ്പെടുന്നു. ഇതും വന്ധ്യതക്ക് കാരണമാകാറുണ്ട്.

മദിലക്ഷണങ്ങൾ കൃത്യമായി കാണാതെ വരിക (non observance of heat) സാധാരണയായി കണ്ടുവരാറുണ്ട്. പ്രത്യുത്പാദനവുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കുന്നത് മദിസമയം നിരീക്ഷിക്കുന്നതിനും സമയബന്ധിതമായി ബീജാധാനം നടത്തുന്നതിനും സഹായകരമാകും.

പരിഹരിക്കാം വിദഗ്ദ്ധമായി

വൈദഗ്ധ്യമില്ലാത്തവരുടെ ചികിത്സയും, ഹോർമോണുകളുടെയും മറ്റുമരുന്നുകളുടെയും അശാസ്ത്രീയവും അനിയന്ത്രിതവുമായ ഉപയോഗവും, അത്യുൽപ്പാദനശേഷിയുള്ള ഉരുക്കളുടെ ഗർഭധാരണശേഷിയെ പ്രതികൂലമായി ബാധിക്കുന്നതായി കണ്ടുവരുന്നു.

ജനിതകമേന്മയും, ഗുണമേന്മയുമുള്ള ബീജത്തിന്റെ ഉപയോഗം, പരിചയസമ്പന്നരായ ടെക്നീഷ്യന്മാർ, രോഗപ്രതിരോധം, സന്തുലിത ആഹാരം, പരിസരശുചിത്വം വൈദഗ്ധ്യമുള്ള ഡോക്ടർമാരുടെ സേവനം, സമയബന്ധിത ചികിത്സ എന്നിവ വന്ധ്യത തടയുവാൻ ആവശ്യമാണ്.

രണ്ടോ മൂന്നോ തവണ കൃത്രിമ ബീജാധാനം നടത്തിയിട്ടും ഗർഭധാരണം നടന്നില്ലെങ്കിൽ സമയബന്ധിതമായി വിദഗ്ധ ചികിത്സ നൽകുന്നതിലൂടെ വന്ധ്യതക്ക് പരിഹാരം കാണാവുന്നതാണ്.

ഡോ. റ്റി. രജേശ്വരി
ജോയിന്റ് ഡയറക്ടർ (റിട്ട)
മൃഗസംരക്ഷണവകുപ്പ്

ഫാം ആരംഭിക്കുമ്പോൾ ശ്രദ്ധിക്കാം

നിയമങ്ങൾക്കനുസൃതമായി

കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994, കേരള മുനിസിപ്പൽ ആക്റ്റ് 1994 എന്നിവ പ്രകാരം കന്നുകാലി ഫാം തുടങ്ങുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലൈസൻസ് ആവശ്യമാണ്. കന്നുകാലി ഫാമുകളെ സർക്കാർ ഇപ്പോൾ ഗ്രീൻ കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അഞ്ചിൽ കൂടുതൽ എണ്ണം കന്നുകാലികളെ വംശ വർദ്ധനവിനോ, പാൽ ഉൽപാദനത്തിനോ, മാംസ ആവശ്യത്തിനോ വളർത്തുന്ന, കെട്ടിടങ്ങളോ ഷെഡ്ഡുകളോ ഉള്ളതോ ഇല്ലാത്തവയോ ആയ ഇടമാണ് കന്നുകാലി ഫാം എന്ന നിർവചനത്തിൽ വരുന്നത്. കന്നുകാലികൾ എന്നാൽ കാള, പശു, പോത്ത്, എരുമ മുതലായ നാൽക്കാലികൾ എന്നർഥമാകുന്നതും, അതിൽ അവയുടെ 6 മാസം മുതൽ പ്രായമായ കുട്ടികളും ഉൾപ്പെടുന്നതുമാകുന്നു.

സ്ഥല വിസ്തീർണം.

ഒരു ഫാം ആരംഭിക്കുമ്പോൾ ഒരു മൃഗത്തിന് ഒരു സെന്റ് എന്ന നിലയിൽ സ്ഥല വിസ്തീർണം ഉണ്ടായിരിക്കണം.

ഫാമുകളുടെ ക്ലാസ്സ്, ലൈസൻസ് ഫീസ്, മാലിന്യം നീക്കം ചെയ്യാൻ വേണ്ട ക്രമീകരണങ്ങൾ താഴെ കൊടുക്കുന്നു.

ക്ലാസ്സ് I 6–20 എണ്ണം വരെയുള്ളവ, ഫീസ് 100, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്.

ക്ലാസ്സ് II 21 മുതൽ 50 എണ്ണം വരെയുള്ളവ , ഫീസ് 250, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്.

ക്ലാസ്സ് III	51 മുതൽ 100 എണ്ണം വരെയുള്ളവ, ഫീസ് 300 രൂപ, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്.
ക്ലാസ്സ് IV	101 മുതൽ 200 എണ്ണം വരെയുള്ളവ, ഫീസ് 500 രൂപ, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്.
ക്ലാസ്സ് V	201 മുതൽ 400 എണ്ണം വരെയുള്ളവ, ഫീസ് 1000 രൂപ, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്
ക്ലാസ്സ് VI	400 ൽ കൂടുതൽ ഉള്ളവ, ഫീസ് 2000 രൂപ, വളക്കുഴി (ചാണകം), ശേഖരണ ടാങ്ക് (മൂത്രം), കമ്പോസ്റ്റ് കുഴി, ജൈവ വാതക പ്ലാന്റ്.ജൈവ വാതക പ്ലാന്റിന്റെ അളവ്.

മാലിന്യ നിർമാർജ്ജന മാനദണ്ഡങ്ങൾ

ഒരു കന്നുകാലിയ്ക്ക് 0.5 ഘനമീറ്റർ എന്ന തോതിൽ അളവുണ്ടായിരിക്കണം.

125 എണ്ണത്തിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്ന ഫാമുകൾക്ക് വാട്ടർ ട്രീറ്റ്മെന്റിനായി എഫ്ലുവൻറ് ട്രീറ്റ്മെന്റ് പ്ലാന്റ് (E.T.P) സംവിധാനം ഉണ്ടായിരിക്കണം.

ഒരു കന്നുകാലി സാധാരണയായി 25 കിലോഗ്രാം ചാണകം ഒരു ദിവസം ഉൽപാദിപ്പിക്കുന്നു.

ഇത് ശേഖരിക്കുന്ന വളക്കുഴിക്ക് പശുവിന്റെ എണ്ണത്തിന് അനുസരിച്ചുള്ള വലിപ്പം ഉണ്ടായിരിക്കണം. ഈ വളക്കുഴിക്ക് മേൽക്കൂര ഉണ്ടായിരിക്കണം. തറ കോൺക്രീറ്റ് ചെയ്തിരിക്കണം. ഡ്രയിനേജ് സൗകര്യം ഉണ്ടായിരിക്കണം. വളക്കുഴിയിലെ വളം കുറഞ്ഞത് മൂന്നു മാസത്തിൽ ഒരിക്കലെങ്കിലും നീക്കം ചെയ്യേണ്ടതാണ്.

കമ്പോസ്റ്റ് കുഴിയ്ക്കും മേൽക്കൂര ഉണ്ടായിരിക്കണം.

തുറസ്സായ കന്നുകാലി ഫാം

തുറസ്സായ കന്നുകാലി ഫാമിന്റെ ചുറ്റു വേലിക്ക് പുറത്തായി അഞ്ച് മീറ്റർ ചുറ്റളവിൽ സ്ഥലം വിട്ടിരിക്കണം. രാത്രിയിൽ മൃഗങ്ങളെ പാർപ്പിക്കുന്ന സ്ഥലത്ത് മറ്റ് എല്ലാ ഫാമുകൾക്കും ഉള്ളതുപോലെയുള്ള മാലിന്യ നിർമാർജ്ജന സംവിധാനം ഉണ്ടായിരിക്കണം.

മനുഷ്യോപയോഗത്തിന് ജലം എടുക്കുന്ന ഒരു ജലസ്രോതസ്സിനു സമീപം ഏതെങ്കിലും മാലിന്യനിർമാർജ്ജന ക്രമീകരണം ഏർപ്പെടുത്തുവാനോ പരിപാലിക്കുവാനോ പാടില്ല.

ഫാമുകളുടെ പരിസരവും, കെട്ടിടവും, ഷെഡ്ഡുകളും, ശുചിത്വം പാലിച്ചുകൊണ്ടും പരിസ്ഥിതിയ്ക്ക് ദോഷമില്ലാതെയും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്.

ജനവാസ പ്രദേശങ്ങളിൽ നിന്നും കന്നുകാലി ഫാമുകൾക്ക് വേണ്ട ദൂരം.

6-20 വരെ എണ്ണം ഉള്ള ഫാമുകൾക്ക് 10 മീറ്റർ ദൂരം ഉണ്ടായിരിക്കണം.

21 200 വരെ എണ്ണം ഉള്ള ഫാമുകൾക്ക് 25 മീറ്റർ ദൂരം ഉണ്ടായിരിക്കണം.

200 ൽ കൂടുതൽ എണ്ണം ഉള്ള ഫാമുകൾക്ക് 50 മീറ്റർ ദൂരം ഉണ്ടായിരിക്കണം.

ലൈവ്സ്റ്റോക് ഫാം ആരംഭിക്കുന്നതിനുള്ള ലൈസൻസിനുള്ള അപേക്ഷ.

- ഫോറം നമ്പർ 1-ൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയ്ക്കാണ് അപേക്ഷ നൽകേണ്ടത്. കെട്ടിടം സംബന്ധിച്ച കാര്യങ്ങൾ ആയതിനാൽ പുതിയതായി ഫാം തുടങ്ങാനുദ്ദേശിക്കുന്നവർ, കെട്ടിടം പണിക്ക് മുൻപ് തന്നെ ഈ അനുമതി വാങ്ങിയ ശേഷം, കെട്ടിടം പണിചെയ്യുന്നതാണ് ഉചിതം. അപേക്ഷയിൽ മൃഗങ്ങളുടെ എണ്ണം, സ്ഥലവിസ്തീർണം, നിർമിച്ചതോ, നിർമിക്കാൻ ഉദ്ദേശിക്കുന്നതോ ആയ കെട്ടിടത്തിന്റെ വിവരങ്ങൾ, മാലിന്യ നിർമാർജന ക്രമീകരണങ്ങൾ, ഫാമിന്റെ അതിർത്തിയിൽ നിന്നും 10 മീറ്റർ ചുറ്റളവിനുള്ളിൽ സ്ഥിതിചെയ്യുന്ന വീടുകളുടെയും മറ്റ് കെട്ടിടങ്ങളുടെയും വിവരണം എന്നിവ സമർപ്പിക്കണം. അപേക്ഷയോടൊപ്പം കെട്ടിടങ്ങളുടെയും ഷെഡ്ഡുകളുടെയും പ്ലാൻ, സ്ഥലത്തിന്റെ ലൊക്കേഷൻ സ്കെച്ച്, വസ്തുവിന്റെ കരം രസീത് എന്നിവ ഉള്ളടക്കം ചെയ്യേണ്ടതാണ്. കഴിവതും വേഗം ഏറിയാൽ 30 ദിവസത്തിനുള്ളിൽ സെക്രട്ടറി തീരുമാനംഎടുക്കേണ്ടതാണ്.ആവശ്യഘട്ടങ്ങളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് ജില്ലാ ഓഫീസറുടെ അനുമതി വാങ്ങേണ്ടതാണ്.

തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെ അനുമതി ലഭിച്ച ശേഷം ഫാമിന് വേണ്ട ക്രമീകരണങ്ങൾ / കെട്ടിടം പണി പൂർത്തിയാക്കിട്ട് ഫോം 2 ൽ ലൈസൻസിനായി അപേക്ഷിക്കുക. നിബന്ധനകൾ അപേക്ഷകൻ പൂർണമായും പാലിച്ചിട്ടുണ്ടെങ്കിൽ ലൈസൻസ് ലഭിക്കും. ലൈസൻസിന്റെ കാലാവധി ഓരോ സാമ്പത്തിക വർഷവുമായിരിക്കും (ഏപ്രിൽ - മാർച്ച്). സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുപ്പത് ദിവസം മുൻപ് ലൈസൻസ് പുതുക്കാനുള്ള അപേക്ഷ നൽകുക. നിബന്ധനകൾ പാലിച്ചാണ് ഫാം പ്രവർത്തിക്കുന്നതെങ്കിൽ ലൈസൻസ് പുതുക്കി ലഭിക്കും.

വെറ്ററിനറി സർജനോ, സർക്കാർ ചുമതലപ്പെടുത്തിയ മൃഗ സംരക്ഷണ ഉദ്യോഗസ്ഥനോ, സെക്രട്ടറിയ്ക്കോ, സെക്രട്ടറി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പബ്ലിക് ഹെൽത്ത് ഓഫീസർ എന്നിവർക്കെല്ലാം ഉചിതമായ സമയങ്ങളിൽ ഫാം പരിശോധിയ്ക്കാവുന്നതാണ്.

കന്നുകാലികളിൽ രോഗബാധ ഉണ്ടാകുന്ന സമയങ്ങളിൽ മൃഗസംരക്ഷണവകുപ്പ് നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായും ഫാമുകൾ പാലിക്കേണ്ടതായിട്ടുണ്ട്.

ഒരു കന്നുകാലി ഫാം, ലൈസൻസിലെ നിബന്ധനകൾ പാലിക്കാതെ പ്രവർത്തിച്ചാൽ രേഖാമൂലം നോട്ടീസ് നൽകി ലൈസൻസ് റദ്ദാക്കാനുള്ള അധികാരം സെക്രട്ടറിക്കുണ്ട്.

നിലവിൽ 20 എണ്ണത്തിന് താഴെ കന്നുകാലികളെ വളർത്തുന്ന ഫാമുകൾക്ക് കെട്ടിടം നിർമ്മിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർപെർമിറ്റ് ആവശ്യമില്ല. അത്തരം നിർമ്മിതികളുടെ കെട്ടിടത്തിനു ചുറ്റും വ്യക്തമായ ഒന്നര മീറ്റർ തുറസ്സായ സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്. ബയോഗ്യാസ് പ്ലാന്റ്, വളക്കുഴി, ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി എന്നിവ ഉണ്ടായിരിക്കേണ്ടതാണ്. ഈ കെട്ടിടങ്ങൾക്ക് നിർമാണ ശേഷം പഞ്ചായത്തിൽ പ്ലാൻ ഹാജരാക്കി നമ്പർ ഇട്ടാൽ മതി.



പത്ത് കന്നുകാലികൾക്കുള്ള ഫാമിന് വേണ്ട അവശ്യ സൗകര്യങ്ങളുടെ കണക്ക് ഉദാഹരണമായി താഴെ നൽകുന്നു.

ക്ലാസ്സ് 1

- വളക്കുഴി, മൂത്ര ശേഖരണ ടാങ്ക്, കമ്പോസ്റ്റ് കുഴി
- ജൈവ വാതക പ്ലാന്റിന്റെ വ്യാപ്തം (0.5*10= 5 ഘനമീറ്റർ)
- വസ്തുവിന്റെ വിസ്തീർണം കുറഞ്ഞത് 10 സെന്റ്
- റെസിഡൻഷ്യൽ ഏരിയയിൽ നിന്നുള്ള ദൂരം 10 മീറ്റർ
- ഫീസ് 100 രൂപ



ഫൈസൽ സലാം
ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ
വെറ്റനറി സബ്സെന്റർ
പെരുമ്പനച്ചി, മാടപ്പള്ളി, കോട്ടയം
MOB : 9447788667

കരുതലാവാം കിടാരിയാകും വരെ

ഒരു ഡയറിഫാമിനെ സംബന്ധിച്ചിടത്തോളം അവിടെ ജനിച്ച പശുക്കുട്ടികളിൽ നിന്ന് മികച്ച പാലുൽപ്പാദനം സാധ്യമാകുമ്പോഴാണ് ആ സംരംഭം ലാഭത്തിലേക്ക് കടക്കുന്നു എന്ന് നമുക്ക് പറയാൻ സാധിക്കുന്നത്. എന്നാൽ പാലുൽപ്പാദനം മാത്രം ലക്ഷ്യം വെക്കുന്ന കേരളത്തിലെ ഫാമുകളിൽ കന്നുകുട്ടി പരിപാലനത്തിൽ വേണ്ടത്ര ശ്രദ്ധ നൽകുന്നില്ല. ഇതിന്റെ ഫലമായി ഫാമുകളിൽ പാലിന് വേണ്ടി എല്ലാ വർഷവും നമ്മൾ പുതിയ പശുക്കളെ വാങ്ങിച്ചു കൂട്ടുന്നു. ഇതിലൂടെ ഒരു സുസ്ഥിര ലാഭം എന്ന ലക്ഷ്യം കൈവരിക്കാൻ കേരളത്തിലെ പശുഫാമുകൾക്ക് സാധിക്കുന്നില്ല.

ഒരു ഡയറഫാമിനെ സംബന്ധിച്ചിടത്തോളം പാലുൽപ്പാദനത്തേക്കാൾ ആദായം നല്ല പശുക്കിടാങ്ങളിലൂടെ ലഭിക്കും. പലപ്പോഴും കേരളത്തിൽ ഒരു ഡയറി ഫാം തുടങ്ങുമ്പോൾ നല്ല പശുക്കളെതേടി കർഷകർ അന്യസംസ്ഥാന ങ്ങളിലേക്ക് പോവുക പതിവാണ്. എന്നാൽ ഇന്ന് നമ്മുടെ വെറ്ററിനറി ആശുപത്രികളിൽ ലഭ്യമായ അത്യുൽപ്പാദന ശേഷിയുള്ള ബീജങ്ങൾ (Exotic Semen) കുത്തിവെച്ച് ഉണ്ടാകുന്ന പശുക്കുട്ടികളിൽ ശാസ്ത്രീയ പരിപാലന മുറകൾ അവലംബിച്ചാൽ അത്യുൽപ്പാദന ശേഷിയുള്ള കിടാരികളെ നമുക്ക് സൃഷ്ടിച്ചെടുക്കാം.

ശരാശരി ഒന്നര വർഷം കൊണ്ട് ഇങ്ങനെ ഉണ്ടാക്കി എടുക്കുന്ന കിടാരികളെ നമുക്ക് നമ്മുടെ ഫാമുകളിലോ, അല്ലെങ്കിൽ അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ തേടിയിറങ്ങുന്ന സംരംഭകർക്കോ നൽകാവുന്നതാണ്. ഇതിലൂടെ ലഭിക്കുന്ന വരുമാനം പാലുൽപ്പാദനത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന വരുമാനത്തേക്കാൾ

മികച്ച് നിൽക്കുകയും ചെയ്യുന്നു. കൂടുതൽ സംരംഭകർ ക്ഷീരമേഖലയിൽ നിക്ഷേപിക്കുന്ന, മാറിയ സാഹചര്യത്തിൽ, ഫാമുകളിൽ പാലിനൊപ്പം അത്യുൽപ്പാദനശേഷിയുള്ള കിടാരികളെ വിൽക്കുന്ന 'ഹീഫർ ബാങ്ക് ' കൾക്ക് പ്രസക്തിയേറുകയാണ്. ചുരുക്കത്തിൽ പശുഫാമുകളിലെ പ്രധാന ഉൽപ്പന്നമായി കന്നുകുട്ടികൾ മാറുന്നു.

പശുക്കുട്ടികളുടെ ജനനം മുതൽ തന്നെ ശാസ്ത്രീയവും സമഗ്രവുമായ പരിപാലന രീതികൾ സ്വീകരിക്കേണ്ടതുണ്ട്.

പശുക്കുട്ടികൾ പിറന്നയുടൻ അവയുടെ പൊക്കിൾകൊടി ഏതാണ്ട് 5 സെന്റീമീറ്റർ താഴെയായി മുറിച്ചതിന് ശേഷം അയഡിൻ ലായനിയിൽ മുക്കിയ തുണികൊണ്ട് കെട്ടുക. ഒരാഴ്ചയോളം പൊവിഡോൺ അയഡിൻ ഓയിൻമെന്റ് രാവിലെയും വൈകിട്ടും പൊക്കിൾകൊടിയിൽ പുരട്ടിയാൽ പൊക്കിൾകൊടി അണുബാധ തടയാം. പൊക്കിൾകൊടി അണുബാധ പിന്നീട് കുട്ടികളുടെ സന്ധിവീക്കത്തിന് കാരണമായേക്കാം. പശുക്കിടാങ്ങളുടെ സന്ധിവീക്കം സ്ഥായിയായ മുടന്തിനും വളർച്ചക്കുറവിനും അതുവഴി പാലുൽപ്പാദനക്കുറവിലേക്കും നയിക്കുന്നു.

ശ്രദ്ധിക്കേണ്ട മറ്റൊരു വിഷയമാണ് കന്നിപ്പാൽ കുടിപ്പിക്കൽ. ഇമ്മ്യൂണോഗ്ലോബുലിൻ ധാരാളമടങ്ങിയ ഇളംമഞ്ഞനിറമാർന്ന കന്നിപ്പാൽ പശുക്കുട്ടികൾക്ക് ഉയർന്ന രോഗപ്രതിരോധശേഷി നൽകുന്ന ഭക്ഷണമാണ്. ആദ്യത്തെ പാലുകുടിയിൽ ആണ് കന്നിപ്പാൽ പരമാവധി ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നത് എന്നതിനാൽ പ്രസവിച്ചയുടൻ ആദ്യത്തെ പാലുകുടിയിൽ പരമാവധി കന്നിപ്പാൽ കുട്ടിയുടെ ശരീരത്തിൽ എത്തിക്കാൻ ശ്രദ്ധിക്കണം.

മറ്റൊരു പ്രധാനവിഷയമാണ് വീനിംഗ് അഥവാ പശുക്കുട്ടികളെ പശുവിന്റെ അകിടിൽ നിന്ന് നേരിട്ട് കുടിപ്പിക്കാതെ കറന്നെടുത്ത പാൽ പശുക്കുട്ടിക്ക് നൽകുന്ന രീതി. ഇങ്ങനെ കറന്നെടുത്ത പാൽ പശുക്കുട്ടികൾക്ക് അല്പം ഉയർന്ന പ്രതലത്തിൽ വെച്ച് നൽകാനും ശ്രദ്ധിക്കണം. ഇങ്ങനെ ചെയ്യുമ്പോൾ മാത്രമാണ് അവ കുടിക്കുന്ന പാൽ അന്നനാള ചാൽ തുറന്ന് അതിലൂടെ നേരിട്ട് അബോമാസത്തിൽ എത്തി ശരീരത്തിലേക്ക് ആഗിരണം ചെയ്യപ്പെടുന്നുള്ളൂ. കറന്നെടുക്കുന്ന പാൽ പശുക്കുട്ടികൾക്ക് നൽകുന്നതിലൂടെ അവയ്ക്ക് ശരീര ഭാരത്തിന്റെ കണക്കനുസരിച്ച് കൃത്യമായ അളവിൽ പാൽ നൽകാൻ സാധിക്കുന്നു. ആദ്യത്തെ 3 മാസം 3 ലിറ്റർ വീതം പാൽ കുട്ടികൾക്ക് നൽകുക. കറന്നെടുത്ത പാൽ കുട്ടികൾക്ക് നൽകുന്ന രീതി അവലംബിച്ചാൽ കുട്ടികൾ ഇല്ലാതെ തന്നെ പശു പാൽ ചുരത്തുകയും, പ്രസവ ശേഷം രണ്ട് - മൂന്ന് മാസത്തിനുള്ളിൽ തന്നെ മദിലക്ഷണങ്ങൾ കാണിക്കുകയും ചെയ്യുന്നു. പശുക്കുട്ടികൾ അകിടിൽ നിന്ന് നേരിട്ട് കുടിക്കുമ്പോൾ ഉണ്ടാകുന്ന മുലകുടി റിഫ്ളക്സ് പശുക്കളിലെ മദിലക്ഷണം വൈകിപ്പിക്കുന്നു. അതുകൊണ്ട് തന്നെ വീനിംഗിലൂടെ പശുക്കുട്ടിയുടെ കൃത്യമായ പോഷക പരിപാലനവും പശുവിന്റെ പ്രത്യുൽപ്പാദന ചക്രത്തിന്റെ കൃത്യതയും കർഷകന് ഉറപ്പുവരുത്താൻ സാധിക്കുന്നു. ഒരു ഫാമിന്റെ ഉൽപ്പാദന മികവിനെ ഊട്ടിയുറപ്പിക്കുന്ന 'വർഷത്തിൽ ഒരു കിടാവ്' എന്ന ലക്ഷ്യം കൈവരിക്കാൻ ഇത് സഹായിക്കുന്നു.

ആറാമത്തെ ദിവസം മുതൽ കുട്ടികൾക്ക് ഇളം പച്ചപുല്ലിനോടൊപ്പം മാംസ്യസമൃദ്ധമായ കാഫ് സ്റ്റാർട്ടർ നൽകിത്തുടങ്ങാം. ഇങ്ങനെ പരിപാലിച്ചാൽ പശുക്കുട്ടികൾ ആറ് മാസത്തിനകം ഏകാമാശയ ജീവിയിൽ നിന്നും വലിയ പശുവിനുള്ളതുപോലെ ആമാശയത്തിന് നാല് അറകളുള്ള മൃഗങ്ങളായി മാറുന്നു. ആറാമത്തെ മാസം തുടങ്ങുമ്പോഴേക്കും അയവെട്ടിത്തുടങ്ങുന്നത് പശുക്കുട്ടികളിൽ കൃത്യമായ ആമാശയം രൂപപ്പെട്ടതിന്റെ ലക്ഷണമായി കർഷകന് മനസ്സിലാക്കാം.

വലിയ പശുക്കൾക്ക് കൊടുക്കുന്ന യൂറിയ അടങ്ങിയകാലിത്തീറ്റകൾ കുട്ടികൾക്ക് ആറ് മാസം വരെ നൽകരുത്. കാരണം കാലിത്തീറ്റയിലെ യൂറിയ പ്രോട്ടീൻ ആക്കി മാറ്റാൻ പശുക്കൾക്ക് നേരത്തെ പറഞ്ഞ നാല് അറകൾ ഉള്ള ആമാശയമായ റൂമൻ വേണം. ഇതിനായി ആറ് മാസമെങ്കിലും എടുക്കും എന്നതിനാൽ യൂറിയ അടങ്ങിയ കാലിത്തീറ്റകൾ ആ പ്രായം വരെ നൽകരുത്. ഒരു പശുവിന്റെ ജീവിതാവസാനം വരെയുള്ള തീറ്റക്രമം അതിന്റെ ചെറുപ്രായത്തിലുള്ള ഭക്ഷണരീതിയുമായി ഏറെ ബന്ധമുണ്ട് എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്.

ആറാം മാസം മുതൽ പശുക്കൾക്ക് നൽകുന്ന തീറ്റയോടൊപ്പം CO3, CO5 പോലുള്ള തീറ്റപ്പുൽ ഇനങ്ങളും യഥേഷ്ടം നൽകണം. പ്രസവിച്ചയുടൻ പശുക്കുട്ടികളെ അടുത്തുള്ള വെറ്ററിനറി ആശുപത്രിയിൽ രജിസ്റ്റർ ചെയ്യുകയാണെങ്കിൽ

പരമാവധി 30 മാസം വരെ കേരള മൃഗസംരക്ഷണ വകുപ്പിന്റെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം അവയ്ക്ക് വേണ്ട കാലിത്തീറ്റ 50% സബ്സിഡിയിൽ കർഷകർക്ക് ലഭിക്കുന്നതാണ്. ഇത്തരത്തിൽ ശാസ്ത്രീയ - സമഗ്ര പരിപാലന മുറകൾ അവലംബിച്ചാൽ കിടാരികൾ 15-16 മാസത്തിനുള്ളിൽ മദിലക്ഷണങ്ങൾ കാണിക്കുന്നു. കിടാരികളുടെ ആദ്യത്തെ ബീജാധാനത്തിന് പ്രായമല്ല ഘടകം, മറിച്ച് ശരീരഭാരമാണ്. ഒരു വലിയ പശുവിന്റെ മൂന്നിൽ രണ്ടു ഭാരം എത്തിയാൽ കിടാരികളെ ബീജാധാനം ചെയ്യാം.

ഉത്പാദനം കുറയുന്ന സമയത്ത്, പശുക്കളെ ഒഴിവാക്കി പുതിയത് കൊണ്ടുവരുന്നതിന് ജനിതകപാരമ്പര്യമോ രോഗവാഹകരാണോ എന്ന വസ്തുതയോ ഒന്നും കണക്കിലെടുക്കാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുപകരം (Replacement Stock) കർഷകർ, സ്വയം പരിപാലിച്ച് വളർത്തിയ നല്ലയിനം കിടാരികളെ പാലുൽപ്പാദന മികവിലേക്ക് എത്തിക്കുമ്പോഴാണ് ഒരു ഫാം സംരംഭം ചുരുങ്ങിയ സമയത്തിനുള്ളിൽ ലക്ഷ്യം കൈവരിക്കുന്നത്. പ്രാദേശിക ഡിമാന്റിന് അനുസരിച്ച് കന്നുകുട്ടികളുടെ ഹീഫർ ബാങ്ക് ഉണ്ടാക്കാൻ കർഷകർ മുന്നോട്ട് വരികയാണെങ്കിൽ ഇന്നത്തെ സാഹചര്യത്തിൽ ഡയറി ഫാമുകൾക്ക് മികച്ച വരുമാന മാർഗ്ഗമാവും അതോടൊപ്പം മാറുന്ന വിപണിക്ക് അനുസരിച്ച് മാറാനും നമ്മുടെ ക്ഷീര മേഖലയ്ക്കാവും.

ഡോ.ഷെസ്ന മുഹമ്മദാലി
വെറ്ററിനറി സർജൻ
പാലച്ചോട്ടിൽ, കോഴിക്കോട്

റേബീസ്

മാലോകർക്കെല്ലാം പരിചിതമാം
പേവിഷബാധക്ക് ഹേതുവാകും
വെടിയുണ്ട പോലൊരു
വൈറസത്രേ റേബീസെന്നാംഗല നാമധേയം

കോവിഡിനേക്കാൾ ഭീകരനെങ്കിലോ
തടുക്കുവാൻ കോവിഡിനേക്കാളെളുപ്പം

ഉമിനീരിലൂടെ ഉള്ളിലെത്തി
നാഡികളിലൂടെ തലച്ചോറുപൂകി
മസ്തിഷ്കത്തിൽ പടരുമവൻ
ജീവചക്രം ദേഹത്തിൽ പൂർത്തിയാക്കി
വീണ്ടും ഉമിനീർഗ്രന്ഥിയിലെത്തി
കാത്തിരിക്കയായ്... ഇനിയൊരിരക്കായ്....

നാട്ടിലെ നായയും, പൂച്ചയും, ഗോക്കളും...
കാട്ടിലെ വാവലും, ചെന്നായ്, മർക്കടം
പ്രസവിച്ച് പാലൂട്ടും, സസ്തനികൾ
ഒക്കെയും റാബീസിന്നിരകൾ തന്നെ

രോഗവാഹിയാം മൃഗത്തിൻ
ഉമിനീർകലരും ദന്തക്ഷതങ്ങൾ, പരിലാളനങ്ങൾ
നഖമുറിവുകൾ-
ഇവയേതും കാരണമായിടാം പേവിഷബാധക്ക്

ചികിത്സിച്ച് മാറ്റാൻ കഴിയാത്ത രോഗമിത്-
വന്നാൽ മരണമുറപ്പ് തന്നെ
പ്രതിരോധമത്രേ ഏകമാർഗ്ഗം
സുരക്ഷിതം സുസാദ്ധ്യമാം വാകിസിനത്രേ ആശ്രയം

നായ, പൂച്ച, അണ്ണാൻ വാവൽ
ഇവയാലുളവാം കടി, മാന്തൽ, നക്കൽ ഏൽക്കിൽ
ഉടനടി കഴുകേണം സോപ്പുകൊണ്ട്
ഒഴുകുന്ന വെള്ളത്തിൽ തന്നെ വേണം
പിന്നാലെ 'ബീറ്റാഡിൻ' ലേപനം അത്യുത്തമം

കടിയേറ്റ ഭാഗങ്ങൾ സൂക്ഷ്മമായ് വീക്ഷിച്ച്
മികവോടെ നൽകും ചികിത്സാവിധികളെ
കടുകിട തെറ്റാതെ സ്വീകരിക്കാം.
ഡോക്ടർ തൻ വാക്കുകൾ ശ്രദ്ധയിൽ കേൾക്കണം
മൃത്യുഹേതുവാം വ്യാധിയോടേറ്റമെതിർക്കുന്ന
ശക്തനാം യോദ്ധാവായ് മാറിടേണം.

പേവിഷബാധയാം രോഗം പരത്തീടും
അന്ധവിശ്വാസങ്ങൾ അബദ്ധോപദേശങ്ങൾ
ഏറെപ്പതിഞ്ഞ മനസ്സുകൾ ചുറ്റിനും...
ഇരുളിന്റെ കമ്പളം വീശുമെന്നാകിലും
ശാസ്ത്രംതൻ സത്യപ്രഭാപൂര വഴിയേ ചരിക്കുക

പിഞ്ചുകിടാവിനും, ഗർഭിണിക്കും,
രോഗികൾ, വൃദ്ധർ, മൃഗങ്ങൾ എന്നിങ്ങനെ
സുരക്ഷിതമേവർക്കും പ്രതിരോധകുത്തിവെപ്പ്
അതുതന്നെ ഏക രക്ഷാകവചം

ഡോ: നാരായണൻ എസ് ബി
എം.വി.എസ്.സി. സ്കോളർ
ഡിപ്പാർട്മെൻറ് ഓഫ് വെറ്ററിനറി പബ്ലിക്
ഹെൽത്ത് ആൻഡ് എപ്പിഡെമിയോളജി,
രാജീവ് ഗാന്ധി ഇൻസ്റ്റിട്യൂട്ട് ഓഫ് വെറ്ററിനറി
എഡ്യൂക്കേഷൻ ആൻഡ് റിസർച്ച്,
പുതുച്ചേരി

അരുമകളെ കാക്കാം പാർവ്വോയിൽ നിന്നും

നായകളിൽ കാണപ്പെടുന്ന വളരെ തീവ്രരോഗപ്പകർച്ചയും, ഉയർന്ന രോഗവ്യാപനതോതും മരണനിരക്കും ഉള്ള ഒരു ഛർദ്ദി – അതിസാര (Gastro Enteritis) രോഗമാണ് പാർവ്വോ വൈറൽ രോഗം.

1978 മുതൽ കാണപ്പെടുന്ന ഈ രോഗം Canine parvo virus 2 (cpv 2) എന്ന വൈറസ് Strain മൂലമാണ് ഉണ്ടാകുന്നത്. CPV 2 ന്റെ ഉപ ആന്റിജനിക് വകഭേദങ്ങളായ CPV 2a, CPV 2b, CPV 2C എന്നിവയിൽ 2000 –ാം ആണ്ടിൽ ഇറ്റലിയിൽ കണ്ടെത്തിയ CPV 2C വകഭേദമാണ് ഇന്ന് ലോകത്തിന്റെ പല കോണുകളിലും, വളരെ മാരകമായ രോഗവും, മരണവും ഉണ്ടാക്കുന്നതായി കണ്ടുവരുന്നത്. സാധാരണയിൽ നിന്നും വിഭിന്നമായി പ്രായക്കൂടുതലുള്ള നായകളിലും, വാക്സിൻ എടുത്ത നായകളിലും രോഗബാധ ഉണ്ടാക്കുന്നു എന്നതാണ് ഈ രോഗത്തിന്റെ പ്രത്യേകത.

രോഗഹേതുവായ വൈറസ് നശിപ്പിക്കുവാൻ വളരെ ബുദ്ധിമുട്ടുള്ളതും, സാധാരണയായി നാം ഉപയോഗിക്കുന്ന വിവിധങ്ങളായ അണുനാശിനികളോട് ചെറുത്തുനിൽക്കുവാൻ കഴിവുള്ളവയും ആയിനാൽ ഈ വൈറസിനെ നമ്മുടെ വീട്, kennel, പരിസരങ്ങൾ എന്നിവിടങ്ങളിൽ നിന്നും ഇല്ലാതാക്കുവാൻ ബുദ്ധിമുട്ടാണ്.

സാധാരണയായി 6 മാസത്തിൽ താഴെ പ്രായമുള്ള നായക്കുട്ടികളിലാണ് പാർവ്വോ രോഗം കാണപ്പെടുന്നത്. രണ്ടര മാസം മുതൽ 3 മാസം വരെയുള്ള കാലഘട്ടം രോഗബാധക്ക് വളരെ സാധ്യത കൂടിയ പ്രായമാണ്.

പ്രതിരോധശേഷി കുറവുള്ള നായകളിൽ വായിലൂടെയും മൂക്കിലൂടെയും ഉള്ളിൽ പ്രവേശിക്കുന്ന വൈറസ് പ്രധാനമായും ചെറുകുടലിൽ കേന്ദ്രീകരിച്ച് തീവ്രമായ രോഗബാധ ഉണ്ടാക്കുന്നു. ആരംഭത്തിൽ പനി, തളർച്ച, വിശപ്പില്ലായ്മ,

ഛർദ്ദി, രക്തം കലർന്ന മലവിസർജ്ജനം എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ. ചില നായകളിൽ ഹൃദയത്തെയും, കുടലിനെയും ബാധിച്ച് മരണം സംഭവിക്കുന്നു. ശ്വേതരക്താണുക്കളുടെ (White blood cell WBC) എണ്ണം തീരെ കുറഞ്ഞ് പ്രതിരോധശക്തി പൂർണമായും നഷ്ടപ്പെടുന്നതും തൽഫലമായി ബാക്ടീരിയൽ അണുബാധ പിടിപ്പെട്ടും നായ്ക്കുട്ടികൾ മരണപ്പെടാറുണ്ട്. ചില നായകളിൽ തൊലിപ്പുറത്ത് വ്രണങ്ങൾ രൂപപ്പെടുകയും മറ്റു ചിലതിൽ പലവിധ കാരണങ്ങളാൽ തലച്ചോറിൽ രക്തസ്രാവം ഉണ്ടാകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ചികിത്സ

കൃത്യമായ ആന്റി-വൈറൽ മരുന്നുകൾ ഇല്ലാത്തതിനാൽ ചികിത്സ പ്രധാനമായും ലക്ഷ്യമിടുന്നത് നായകൾക്ക് രോഗത്തോട് ചെറുത്തു നിൽക്കാൻ സഹായകരമായ മരുന്നുകൾ നൽകുക എന്നത് മാത്രമാണ്.

രോഗപ്രതിരോധ മാർഗങ്ങൾ

1. വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം ഉയർന്ന നിലവാരമുള്ള വാക്സിനുകൾ എടുത്ത് രോഗത്തെ തടയുകയാണ് ഏറ്റവും പ്രധാനം.
2. പ്രജനനത്തിന് ഉപയോഗിക്കുന്ന പെൺ നായകൾക്ക് കൃത്യമായ വാക്സിനേഷൻ നൽകുക. (മുലപ്പാലിലൂടെ ലഭ്യമാകുന്ന ആന്റിബോഡികൾ, മുലകുടിക്കുന്ന പ്രായത്തിൽ രോഗം വരാതെ കാക്കുവാൻ ഒരു പരിധി വരെ സഹായിക്കും.)
3. രോഗം പടർന്നു പിടിക്കുന്ന അവസരങ്ങളിൽ വൈറസ് സാന്നിധ്യം നിലനിൽക്കുന്ന സ്ഥലങ്ങളിൽ സന്ദർശനം ഒഴിവാക്കുക. അഥവാ പോകേണ്ടി വന്നാൽ നായകുട്ടികളെ നിലത്ത് നിർത്താതെ കൈയ്യിലോ ബാസ്ക്കറ്റിലോ പിടിക്കുന്നതാണ് ഉചിതം. മുൻപ് വാക്സിനേഷന് വിധേയരാകാത്ത നായക്കുട്ടികളെ വാക്സിനേഷന് കൊണ്ടു പോകുമ്പോഴും ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുക.
4. വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം വാക്സിനുകൾ, അവയുടെ ബൂസ്റ്റർ ഡോസുകൾ എന്നിവ കൃത്യമായി അതാത് സമയങ്ങളിൽ എടുക്കുകയും, അതോടൊപ്പം പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന മരുന്നുകൾ നൽകുകയും ചെയ്യാം.
5 പ്രതിരോധ കുത്തിവെയ്പ്പുകൾ എടുക്കുന്നതിന് ചുരുങ്ങിയത് ഒരാഴ്ച മുൻപായി വിരയിളക്കേണ്ടതും ബാഹ്യപരാദങ്ങൾ ഒഴിവാക്കേണ്ടതുമാണ്. (വിപണിയിൽ വിവിധങ്ങളായ മരുന്നുകൾ ലഭ്യമായതിനാൽ, അനുയോജ്യമായ മരുന്ന്, ശരീരഭാരത്തിനനുസരിച്ച് അവയുടെ അളവ്, കൊടുക്കേണ്ട രീതി എന്നിവ വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശം സ്വീകരിച്ച് മനസ്സിലാക്കേണ്ടതാണ്.)
6. നല്ല ആരോഗ്യമുള്ള കുഞ്ഞുങ്ങൾക്ക് മാത്രമേ നല്ല രോഗപ്രതിരോധശേഷിയും ലഭിക്കുകയുള്ളൂ. ആയതിനാൽ നായ്ക്കുട്ടി ജനിക്കും മുൻപ് തന്നെ മുൻകരുതലുകൾ എടുക്കേണ്ടതാണ്. പുതുതായി നായ്ക്കുട്ടികളെ വാങ്ങുന്നവർ അവയുടെ പരിപാലനമുറകൾ ഡോക്ടറോട് ചോദിച്ച് മനസിലാക്കുന്നത് നല്ലതാണ്.
7 ചില്ലുകുപ്പികളിൽ ലഭ്യമാകുന്ന വാക്സിനുകൾ ശീതീകരിച്ച് സൂക്ഷിക്കാത്ത പക്ഷം ഉപയോഗശൂന്യമാകും. അതിനാൽ ഉയർന്ന വിലയുള്ളതും നായ്ക്കുട്ടികളെ മരണ

ത്തിൽ നിന്ന് രക്ഷിക്കാനുതകുന്നതുമായ ഈ വാക്സിനുകൾ കൈവശം വയ്ക്കുമ്പോഴും ആശുപത്രികളിലേക്ക് കൊണ്ടുപോകുമ്പോഴും ആവശ്യമായ അളവിൽ ഐസ് ഒരു പാത്രത്തിലോ, ഫ്ളാസ്കിലോ നിറച്ച്, അതിൽ മരുന്നുക്കുപ്പി കരുതിയിരിക്കണം.

8. രാവിലെ 11 മണിക്ക് ശേഷം പ്രതിരോധകുത്തിവെയ്പ്പുകൾ ഒഴിവാക്കുന്നതാണ് അഭികാമ്യം (സമീപത്തുള്ള വെറ്ററിനറി ആശുപത്രിയിൽ പാലിക്കുന്ന വാക്സിനേഷൻ ദിവസങ്ങളും സമയവും അറിഞ്ഞിരിക്കുക.)

9. കൃത്യമായ വാക്സിനേഷൻ രോഗപ്രതിരോധശേഷി നൽകുമെങ്കിലും അപൂർവം ചില നായക്കുട്ടികളിൽ രോഗം പിടിപെടാനുള്ള സാധ്യത ഉണ്ടെന്ന് മനസ്സിലാക്കുക.

രോഗബാധിതരായ നായകളെ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ വാഹനം, ഒപി ടേബിൾ, ആശുപത്രി പരിസരം എന്നിവിടങ്ങളിൽ വൈറസ് വ്യാപനം കുറയ്ക്കാൻ ഡയപ്പർ ഉപയോഗിക്കുന്നതാണ് അഭികാമ്യം.

മുൻകരുതലുകളിലൂടെയും രോഗപ്രതിരോധശേഷി കുത്തിവയ്പ്പുകളിലൂടെയും നമ്മുടെ അരുമകളെ രോഗത്തിനു വിട്ടുകൊടുക്കാതിരിക്കാം.

ഡോ.ദീപു ഫിലിപ്പ് മാത്യു
സീനിയർ വെറ്ററിനറി സർജൻ
വെറ്ററിനറി പോളിക്ലിനിക്
ചെങ്ങന്നൂർ

യൂറിയ – വൈക്കോൽ സംപുഷ്ടീകരണം

ക്ഷീര കർഷകർക്ക് പ്രയോജനപ്രദമായി നടപ്പിലാക്കാവുന്ന സാങ്കേതിക രീതിയാണ് യൂറിയ സംപുഷ്ടീകരിച്ച വൈക്കോൽ തീറ്റ നൽകുകയെന്നത്. യൂറിയാ സംഫുഷ്ടീകരണം പോഷക ഗുണങ്ങൾ വർദ്ധിപ്പിക്കുന്നു. ദഹന പ്രക്രിയയെ സഹായിക്കുന്നു. അസംസ്കൃത മാംസ്യത്തിന്റെ അളവ് കൂട്ടുന്നതുവഴി കുറഞ്ഞ ചിലവിൽ പാലുൽപാദനം വർദ്ധിപ്പിക്കുന്നു.

ആഗോളതാപനവും പശുപരിപാലനവും

കന്നുകാലികളുടെ എണ്ണത്തിന്റെ കാര്യത്തിലും മൊത്തമായ പാലുൽപ്പാദനത്തിന്റെ കാര്യത്തിലും മറ്റ് ലോക രാജ്യങ്ങളേക്കാൾ നമ്മുടെ രാജ്യം ഏറെ മുന്നിലാണ്. എന്നാൽ ഓരോഉരുവിൽ നിന്നും ലഭിക്കുന്ന പാലുൽപ്പാദന തോതിൽ ഇന്നും ഏറെ പിന്നിലുമാണ്. വൈക്കോൽ, കടലത്തൊണ്ട്, പയർത്തൊലി, കരിമ്പിൻചണ്ടി, പിണ്ണാക്കുകൾ, തവിടുകൾ എന്നീ വിവിധ കാർഷിക ഉപോൽപ്പന്നങ്ങളെ ഉരുക്കൾക്ക് ആഹാരങ്ങളായി ഉപയോഗപ്പെടുത്തിയാണ് നമ്മുടെ രാജ്യത്ത് മൃഗപരിപാലനം നടക്കുന്നത്. അയവിറക്കുന്ന മൃഗങ്ങൾക്ക് അന്നനാളത്തിനും ചെറുകുടലിനും ഇടയിൽ നാലറകളുള്ള വയറാണുള്ളത്. റൂമൻ, റെറ്റിക്കുലം, ഒമാസം അബോമാസം എന്നീ നാലറകളാണവ. കഴിക്കുന്ന തീറ്റകൾ ശരീരത്തിന് ഉപയോഗപ്പെടുത്തുവാൻ മറ്റ് സസ്തനികളിൽ നടക്കുന്ന രാസാഗ്നി ദഹനത്തിൽ നിന്നും വ്യത്യസ്ഥമായി ഈ അറകളിൽ വായുരഹിത സാഹചര്യങ്ങളിൽ താമസിക്കുന്ന സൂക്ഷ്മാണുക്കളുടെ ഒരുമിച്ചുള്ള പ്രവർത്തനത്താലാണ് ദഹനം നടക്കുന്നത്. റൂമനിലെ സസ്യങ്ങളായി (ഫ്ളോറ) കണക്കാക്കപ്പെടുന്ന വിവിധ ബാക്ടീരിയകളും ഫംഗസ്സുകളും അവിടുള്ള ജന്തുക്കളായി (ഫോണ) പരിഗണിക്കപ്പെടുന്ന വിവിധ പ്രോട്ടോസോവകളുടെയും ബാക്ടീരിയകളുടെയും കൂട്ടായ പ്രവർത്തനമാണ് മേൽപ്പറഞ്ഞ സൂക്ഷ്മാണുദഹനം സാധ്യമാക്കുന്നത്. തീറ്റയിൽ നിന്നും ലഭ്യമാവുന്ന അന്നജം, സെല്ലുലോസ്, മറ്റ് നാരുകൾ എന്നിവ മേൽപ്പറഞ്ഞ സൂക്ഷ്മാണുക്കളുടെ പ്രവർത്തനഫലമായി വിവിധ വൊളൈറ്റയിൽ ഫാറ്റി അസിഡുകളായി (വിഎഫ്എ) മാറ്റപ്പെടുന്നു. ഇതിൽ നാരുകളുടെ ദഹനത്തിൽ നിന്നും ലഭിക്കുന്ന അസറ്റിക്ക് ആസിഡ്, അന്നജ ദഹനത്തിൽ നിന്നും ലഭ്യമാകുന്ന പ്രോപിയോണിക്ക് അസിഡ്, ബ്യൂട്ടിക്ക് ആസിഡ് എന്നീ മൂന്ന് വിഎഫ്എകൾ ഉപഗോഗിച്ചാണ് ഊർജ്ജാവശ്യങ്ങൾ അയവിറക്കുന്ന മൃഗങ്ങൾ നിറവേറ്റുന്നത്. വയറ്റിൽ നാരിന്റെ സൂക്ഷ്മാണു ദഹന ഉപോൽപ്പന്നങ്ങളായി കാർബൺഡയോക്സൈഡ്, മീഥൈൻ എന്നീ ഹരിതഗൃഹ വാതകങ്ങൾ നിർമ്മിക്കപ്പെടുന്നുണ്ട്. ദഹനവേളയിൽ ഉണ്ടായി വരുന്ന ഈ വാതകങ്ങളെ സമയാസമയങ്ങളിൽ ഉരുക്കൾ വായിലും മൂക്കിലും കൂടി ഏമ്പക്കത്താൽ ബാഹ്യാന്തരീക്ഷത്തിലേക്ക് വിസർജ്ജനം ചെയ്യുന്നുണ്ട്. തൊഴുത്തിലും തൊടിയിലുമായി നടത്തപ്പെടുന്ന ചാണക നിർമ്മാർജ്ജന രീതികൾ ശാസ്ത്രീയമല്ലെങ്കിൽ അതിൽ നിന്നും ധാരാളം മീഥൈൻ അന്തരീക്ഷത്തിൽ എത്തുന്നതായി കണ്ടെത്തിയിട്ടുണ്ട്.

കാലാവസ്ഥാ വ്യതിയാനവും ആഗോളതാപവർദ്ധനവും പഠിക്കുന്ന ലോക രാജ്യങ്ങളുടെ വിവിധ കൂട്ടായ്മകൾ കാർബൺ ഡയോക്സൈഡ്, മീഥൈൻ, നൈട്രസ് ഓക്സൈഡ്, ഹൈഡ്രോ ഫ്ളൂറോകാർബണുകൾ, പെർഫ്ളൂറോകാർബൺസ്, സൾഫർഹെക്സാ ഫ്ളൂറൈഡ് എന്നീ ആറ് വാതകങ്ങളെയാണ് അന്തരീക്ഷ താപവർദ്ധനവിന് കാരണമാകുന്ന പ്രധാന ഗ്രീൻഹൗസ് ഗ്യാസുകളായി (ഹരിതഗൃഹ വാതകങ്ങൾ) കണ്ടെത്തിയിട്ടുള്ളത്. ഇതിൽ ആദ്യത്തെ മൂന്നും അന്തരീക്ഷത്തിൽ മുന്നേ തന്നെ ഉണ്ടായിരുന്നതും മാനുഷിക ഇടപെടലുകളാൽ അളവിൽ ക്രമേണ വർദ്ധനവ് ഉണ്ടായവയുമാണ്. മറ്റ് മൂന്ന് വാതകങ്ങളും പൂർണ്ണമായും വ്യാവസായിക, വാഹന ലോകത്തുനിന്നും പുറന്തള്ളപ്പെടുന്ന മാലിന്യങ്ങളിൽ പെടുത്താവുന്നവയുമാണ്. അന്തരീക്ഷത്തിലൂടെ ഭൂമിയിൽ പതിക്കുന്ന സൂര്യരശ്മികളിലെ താപോർജ്ജം ഭൂമി ആവാഹിക്കുന്നു. ഇങ്ങനെ ആവാഹിച്ചതിൽ ബാക്കിയുള്ളത് തിരിച്ച് വികിരണം ചെയ്യുന്നുണ്ട്. ഇങ്ങനെ വികിരണം ചെയ്യുന്ന താപോർജ്ജത്തെ അന്തരീക്ഷത്തിലുള്ള ഹരിതഗൃഹ വാതകങ്ങൾ ആവാഹിച്ച് നിലനിറുത്തുന്നു. ഹരിതഗൃഹ വാതകങ്ങളുടെ ക്രമാതീത വർദ്ധനവ് ഇക്കാരണത്താൽ ആഗോള താപം ഉയർത്തുന്നുണ്ട്. നമ്മുടെ രാജ്യാതിർത്തികൾക്ക് അതീതമായി ലോക ജനതയുടെ നിലനിൽപ്പിനെ തന്നെ അവതാളത്തിലാക്കുന്ന ഇത്തരം സാഹചര്യങ്ങളെ നേരിടുവാൻ നാം തയ്യാറെടുക്കേണ്ടത് കാലത്തിന്റെ അനിവാര്യതയാണ്. നമ്മുടെ

രാജ്യത്ത് കാർബൺ ഡയോക്സൈഡ് ബഹിർഗമനം പ്രധാനമായും ഉണ്ടാകുന്നത് താപവൈദ്യുതി നിലയങ്ങളിൽ നിന്നുമാണ്. എന്നാലും അയവിറക്കുന്ന മൃഗങ്ങൾ പുറന്തള്ളുന്ന കാർബൺ ഡയോക്സൈഡും, മീഥൈനും, എങ്ങനെ കുറക്കാം എന്നത് പലപ്പോഴായി നടന്ന രാജ്യാന്തര കാലാവസ്ഥ ഉച്ചക്കോടികളുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ മേഖലയിലെ കാർബൺ ഫുട്ട്പ്രിന്റ് കുറക്കുവാൻ സജീവ ചർച്ചാ വിഷയമായിട്ടുണ്ട്. ജനസംഖ്യയുടെ കാര്യത്തിൽ വലുതും ഭൂവിസ്തൃതിയിലും വിഭവ സമൃദ്ധിയിലും താരതമ്യേന ചെറുതുമായ നമ്മുടെ രാജ്യം ഭക്ഷ്യ സ്വയംപര്യാപ്തത നേടിയാണ് മുന്നോട്ട് പോവുന്നത്. നമ്മുടെ ഭക്ഷ്യവിപണിയിലെ അവസരങ്ങളെ മുതലെടുക്കുന്നതിനുള്ള വിദേശ കുത്തകകളുടെ കുൽസിത ശ്രമഫലമാണോ ഇത്തരം ചർച്ചകൾ എന്ന സംശയങ്ങളും പൊതുമണ്ഡലങ്ങളിൽ നിലനിൽക്കുന്നുണ്ട്. നാളത്തെ തലമുറക്കായി ഉത്തരവാദിത്തത്തോടെ ഭൂമിയെ കൈമാറുവാൻ, അന്തരീക്ഷത്തിലേക്ക് നമ്മുടെ ഉരുക്കൾ പുറന്തള്ളുന്ന കാർബൺ തോത് കുറച്ച് കൊണ്ടുള്ള 'കാർബൺ ന്യൂട്രൽ മൃഗസംരക്ഷണം' സാധ്യമാക്കേണ്ടത് നമ്മുടെ ചുമതലയാണ്. കാർബൺ മൂലകങ്ങളുടെ വർദ്ധിത ബഹിർഗമനമുണ്ടാകുന്നത് നമ്മുടെ രാജ്യത്ത് പരുഷാഹാര തീറ്റ സ്രോതസ്സുകളായി ഉപയോഗിക്കപ്പെടുന്ന കാർഷിക ഉപോല്പന്നങ്ങളിൽ നിന്നാണെന്നതും അവ ഉപയോഗിക്കാതെയുള്ള മൃഗസംരക്ഷണം ആദായകരമായി സാധ്യമല്ലയെന്നതും വിഷയഗൗരവം വർദ്ധിപ്പിക്കുന്നുണ്ട്.

ഹരിതഗൃഹ വാതകങ്ങളിൽ പതിനഞ്ച് മുതൽ ഇരുപത് ശതമാനം വരുന്ന മീഥൈനാണ് പശുക്കൾ അന്തരീക്ഷത്തിലേക്ക് ബഹിർഗമിക്കുന്ന വാതകങ്ങളിൽ പ്രാധാന്യമർഹിക്കുന്നത്. കാർബൺ ഡയോക്സൈഡിനേക്കാൾ ഇരുപത് മടങ്ങ് സൂര്യതാപത്തെയാർജ്ജിച്ച് നിലനിറുത്തുവെന്നതിനാലാണ് മിഥൈൻ കൂടുതൽ ഭീഷണിയുളവാക്കുന്നത്. ദിവസേന നൽകുന്ന തീറ്റകളിൽ നിന്നും ഉരുക്കൾക്ക് ലഭിക്കുന്ന മൊത്തം ഊർജ്ജത്തിന്റെ എട്ട് മുതൽ പന്ത്രണ്ട് ശതമാനം വരെ മിഥൈനായി പരിണമിച്ച് ഉപയോഗശൂന്യമായി അന്തരീക്ഷത്തിലേക്ക് ബഹിർഗമിക്കുന്നത് വലിയ സാമ്പത്തിക നഷ്ടത്തിനും കാരണമാകുന്നുണ്ട്. സൂക്ഷ്മാണുക്കളിൽ ഫോണയായി കണക്കാക്കപ്പെടുന്ന വിവിധ പ്രോട്ടോസോവകളാണ് പരുഷാഹാര ദഹന വേളയിൽ ഹൈഡ്രജൻ കാർബൺ എന്നിവയെ മീഥൈനായി പരിവർത്തിപ്പിക്കുന്നതിൽ പ്രധാനി ആർക്കൈബാക്ടീരിയകളാണ്. സൂക്ഷ്മാണുദഹനത്തെ മികച്ച രീതിയിൽ നിയന്ത്രിച്ച് മീഥൈൻ ഉൽപ്പാദനം കുറക്കുക എന്നതാണ് നാളത്തെ തലമുറയോട് തികഞ്ഞ ഉത്തരവാദിത്തത്തോടെ നടത്താവുന്ന മൃഗസംരക്ഷണത്തിന്റെ അടിസ്ഥാനം. ഇതിനായി അവലംബിക്കാവുന്ന നാനാവിധ മാർഗ്ഗങ്ങൾ രാജ്യത്തെ വിവിധ ഗവേഷണ ഏജൻസികളിൽ ഇന്ന് സജീവ പഠന വിഷയമാണ്. ഈ പഠനങ്ങളിൽ ഉരുത്തിരിഞ്ഞ് വരുന്ന സൂചനകൾ ചുവടെ ചർച്ച ചെയ്യുന്നു.

വൈക്കോലും, വല്ലാതെ മൂത്തുപോയ തീറ്റപ്പുല്ലും പരുഷാഹാര തീറ്റയായി കൂടുതൽ ഉപയോഗിക്കപ്പെടുമ്പോഴാണ് സൂക്ഷ്മാണു ദഹനത്താൽ മൂന്ന് വിഎഫ്എകളിൽ അസറ്റിക്ക് ആസിഡ് ഘടകത്തിൽ വർദ്ധനവ് ഉണ്ടായി വയറ്റിൽ കൂടുതൽ മീഥൈനുൽപ്പാദനത്തിനിടയാവുന്നത്. അന്നജ സ്രോതസ്സുകളായ ധാന്യങ്ങൾ, കിഴങ്ങ് എന്നിവയെ വയറ്റിലെ അസിഡിറ്റി നിയന്ത്രിക്കത്തക്കതായ രീതിയിൽ ഉപയോഗപ്പെടുത്തിയാൽ മൂന്ന് വിഎഫ്എകളിൽ പ്രോപിയോണിക്ക് അസിഡ് ഘടകത്തിന്റെ അളവ് കൂടി മീഥൈൻ ഉൽപ്പാദനം കുറയുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാകാം. യൂറിയ ഉപയോഗിച്ചുള്ള വൈക്കോൽ സമ്പുഷ്ടീകരണം നടത്തുന്നതും കുറഞ്ഞ മീഥൈൻ ഉൽപ്പാദനം സാധ്യമാക്കുന്നുണ്ട്.

തീറ്റ നൽകുന്നതിന്റെ തവണകൾ കുറക്കുന്നതും, തവണകൾക്കിടയിലെ സമയ ദൈർഘ്യം വർദ്ധിപ്പിക്കുന്നതും മിഥൈനുൽപ്പാദനം കുറക്കുന്നുണ്ട്. തീറ്റയിൽ കൊഴുപ്പിന്റെയും പിണ്ണാക്കുകളുടെയും നിയന്ത്രിത ഉപയോഗം



ഊർജ്ജാവശ്യങ്ങൾ നിറവേറ്റുവാൻ സഹായിക്കുന്നതിനൊപ്പം വിശപ്പും തീറ്റയെടുപ്പിന്റെ അളവും കുറച്ച് ഉരുക്കളിൽ നിന്നുള്ള മീഥൈൻ ബഹിർഗമനയളവ് കുറക്കുവാൻ സഹായകമാണ്. എഴുപത് ശതമാനം പരുഷാഹാരവും മുപ്പത് ശതമാനം സാന്ദ്രീകൃത ആഹാരങ്ങളും ഒരുമിച്ച് ചേർത്തുണ്ടാക്കുന്ന ടോട്ടൽ മിക്സഡ് റേഷനുകൾ ഉരുക്കൾക്ക് ലഭ്യമാക്കുന്നത് പോഷകങ്ങളുടെ മികച്ച ബാലൻസിങ്ങിനും മീഥൈൻ പുറന്തള്ളൽ കുറക്കുന്നതിനും സഹായകമാണ്. ഉരുവിന്റെ നാലറയുള്ള വയറ്റിൽ ദഹനത്തെ സാധ്യമാക്കാൻ ഇടപെടുന്ന സൂക്ഷ്മാണുക്കളിൽ ഫോണയായി കണക്കാക്കപ്പെടുന്നവയാണ് നാരുകളുടെ ദഹനത്തിനും തന്മൂലമുള്ള അസറ്റിക്ക് അസിഡ് വർദ്ധനവിനും മീഥൈൻ ഉൽപ്പാദനത്തിനും പ്രധാന കാരണക്കാർ. അതിനാൽ പ്രോട്ടോസോവകളെ തിരഞ്ഞ് പിടിച്ച് നിർമാർജ്ജനം ചെയ്യുന്ന രീതികളെ ഡിഫോണേഷൻ എന്നാണ് വിശേഷിപ്പിക്കുന്നത്. വിവിധ അയണോഫോർ

ആന്റിബയോട്ടിക്കുകളെ ഇതിനായി ഉപയോഗത്തിൽ വരുത്തിയുള്ള പരിശ്രമങ്ങൾ മികച്ച ഫലമാണ് കാഴ്ചവെച്ചിട്ടുള്ളത്. തീറ്റയിൽ അടങ്ങുന്ന സർവ്വ നാരിന്റെയും ദഹനത്തെ ഇത്തരം ഡിഫോണേഷൻ രീതികൾ ഗുരുതരമായി ബാധിക്കാം എന്നതാണ്, കാർഷിക ഉപോൽപ്പന്നങ്ങൾക്ക് തീറ്റയിൽ മുൻതൂക്കം നൽകി മൃഗസംരക്ഷണം നടത്തുന്ന, നമ്മുടെ രാജ്യത്ത് ഇത്തരം രീതികൾ പ്രായോഗികമല്ല. ആന്റിബയോട്ടിക്കുകൾക്ക് പകരമായി ഫ്യൂമാറിക്ക് അസിഡ്, മാലിക്ക് ആസിഡ്, മറ്റ് ഹൈഡ്രജൻ സിങ്കുകൾ തീറ്റയിൽ ചേർത്ത് നൽകി റൂമനിലുള്ള മീഥൈൻ ഉൽപ്പാദനം കുറക്കുവാൻ പല ശ്രമങ്ങളും നടക്കുന്നുണ്ട്. മീഥൈൻ ഉൽപ്പാദിപ്പിക്കുന്ന സൂക്ഷ്മാണുക്കളെ ഉന്മൂലനം ചെയ്യുവാൻ ഇന്ന് ആസ്ട്രേലിയയിലെ സി.എസ്.ഐ.ആർ.ഓ ഗവേഷണശാലയിലെ ശാസ്ത്രജ്ഞർ പ്രതിരോധ കുത്തിവെയ്പ്പ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഉപയോഗം ചെമ്മരിയാടിൽ ഇരുപത് ശതമാനം വരെ മീഥൈൻ ഉൽപ്പാദനം കുറച്ചതായി കണ്ടെത്തിയിട്ടുണ്ട്. സസ്യ സെക്കൻഡറി മെറ്റാബോലൈറ്റുകളായ ടാനിൻ, സപ്പോണിൻ എന്നിവയും മീഥൈൻ കുറയ്ക്കുവാൻ തീറ്റയിൽ ചേർത്ത് നൽകാവുന്നതാണ്. കണ്ടൻസ്ഡ് ടാനിൻസും ഹൈഡ്രോലൈസബിൾ ടാനിൻസും ചേർന്ന മിശ്രിതങ്ങളാണ് ഇതിനെ ഏറെ യുക്തമെന്ന് മനസ്സിലാക്കിയ നമ്മുടെ രാജ്യത്തെ ഇത്തരം ഗവേഷണങ്ങൾക്ക് നേതൃത്വം

ICAR-NIANP commercializes Anti-Methanogenic Feed Supplement "Harit Dhara"

24th March, 2022, Bengaluru

The ICAR-National Institute of Animal Nutrition and Physiology, Bengaluru, Karnataka commercialized the *"Harit Dhara" Technology* to the M/s. Saideep Exports Pvt. Limited on a non-exclusive basis through the Agrinnovate India here today.

Dr. Raghavendra Bhatta, Director, ICAR-NIANP, Bengaluru and Shri M.R. Aravind, C.E.O., M/s. Saideep Exports Pvt. Limited signed the Memorandum of Agreement (MoA) on the behalf of their respective Organizations for the licensing to manufacture and sell the formulation.



നൽകുന്ന നാഷണൽ ഇൻസ്റ്റിട്ടൂട്ട് ഫോർ അനിമൽ ന്യൂട്രീഷൻ ആൻഡ് ഫിസിയോളജി, ബാംഗ്ലൂർ അടുത്തകാലത്ത് കർഷകർക്ക് തീറ്റയിൽ ചേർത്ത് കൊടുക്കാൻ പാകത്തിന് ഹരിതധര ടാമറിൻ പ്ലസ് എന്നീ പേരുകളിൽ തീറ്റ മിശ്രിതങ്ങൾ ഉൽപ്പന്നങ്ങളാക്കി വിപണിയിലെത്തിക്കുന്നുണ്ട്. നിരവധി വൃക്ഷയിലകൾ, സുഗന്ധദ്രവ്യങ്ങൾ, മസാലകൾ എന്നിവയുടെ മീഥൈൻ കുറക്കുവാനുള്ള കഴിവും ഇവിടെ പരീക്ഷിക്കപ്പെടുന്നുണ്ട്. ചാണകം വളമായി ഉപയോഗിക്കുന്നതിലൂടെ അന്തരീക്ഷത്തിലേക്ക് പോകുന്ന മീഥൈന്റെ അളവ് കൂടുന്നു. റോട്ടേഷണൽ ഗ്രേസിങ്ങ്, പയർവർഗ്ഗ പുല്ലുകളുടെ കൃഷി എന്നിവ നടത്തി പരമാവധി കാർബൺ ഭൂമിയിൽ തന്നെ നിലനിറുത്തുവാൻ സാധിച്ചാൽ ചാണകത്തിൽ നിന്നും അന്തരീക്ഷത്തിലേക്ക് പോകുന്ന മീഥൈന്റെ അളവ് ഗണ്യമായി കുറക്കാം.



ഡോ.ജിത്ത് ജോൺ മാത്യു
അസിസ്റ്റന്റ് പ്രൊഫസർ
ന്യൂട്രീഷ്യൻ ഡിപ്പാർട്ടുമെന്റ്
വെറ്ററിനറി കോളേജ് മണ്ണുത്തി

ശ്രദ്ധയോടെ തിരഞ്ഞെടുക്കാം

ലാഭകരമായ ആടുവളർത്തലിന് ആടുകളുടെ തിരഞ്ഞെടുപ്പ് വളരെ പ്രധാനമാണ്. കേരളത്തിന്റെ പ്രത്യേക കാലാവസ്ഥയിൽ മലബാറി ജനുസ്സ് ചേർന്ന ആടുകളാണ് ഏറ്റവും ഉത്തമം. അധിക വളർച്ചാ നിരക്കുള്ളതും തള്ളക്ക് കൂടുതൽ പാലുള്ളതുമായ ആടുകളെ തിരഞ്ഞെടുക്കാം. അടുപ്പിച്ചുള്ള രണ്ട് കറവകളെ അടിസ്ഥാനമാക്കി പാലുൽപ്പാദനം നിർണ്ണയിക്കാം. ആടുകൾ ശാരീരികക്ഷമതയുള്ളവയായിരിക്കണം.

ഉൽപാദനക്ഷമമായ സ്വഭാവങ്ങളായ നീളമുള്ള ഉടൽ, ഋജുവായ കാലുകൾ, മൃദുവും തിളക്കമുള്ളതുമായ രോമങ്ങൾ, വലിയ അകിട്, ഇടത്തരം മുലക്കാമ്പുകൾ, ഉയർന്നു നിൽക്കുന്ന പാൽ ഞരമ്പുകൾ എന്നിവ അഭികാമ്യമാണ്.

മുട്ടനാടുകളെ തിരഞ്ഞെടുക്കുമ്പോൾ തള്ളയുടെ ജനിതക സ്വഭാവം, വളർച്ചാനിരക്ക്, പാലുല്പാദനം എന്നിവയുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുക. തള്ളക്ക് ദിവസം 1-1.5 kg വരെ പാൽ ഉത്പാദനം ഉണ്ടായിരിക്കണം. 6-9 മാസം പ്രായത്തിൽ 18-22 kg ശരീരഭാരം ഉള്ള മുട്ടൻകുഞ്ഞുങ്ങളെ തിരഞ്ഞെടുക്കുവാൻ ശ്രദ്ധിക്കുക.

പെണ്ണാടുകളെയാണ് വാങ്ങുന്നതെങ്കിൽ 12.-14 മാസം പ്രായമുള്ള ആരോഗ്യമുള്ളവയെ തിരഞ്ഞെടുക്കുക പുറകിലെ നട്ടെല്ലുകളുടെ വശങ്ങൾ കൊഴുത്ത് ഉരുണ്ടിരിക്കണം. വാലിന്റെ കടഭാഗം രണ്ടുവശവും നികന്നിരിക്കണം. ഇടുപ്പിലെ മാംസപേശികൾ മാംസളമായിരിക്കുക എന്നതും ആരോഗ്യമുള്ളതിന്റെ ലക്ഷണമാണ്.

ചന്തകളിൽ നിന്നോ ആടുഫാമുകളിൽ നിന്നോ മൊത്തമായി കുഞ്ഞുങ്ങളെ വാങ്ങുന്നത് ഒഴിവാക്കണം. നല്ല ഒരു മാതൃശേഖരമാണ് നമ്മുടെ സംരംഭത്തിന് ഏറ്റവും അനിവാര്യമെന്ന് മനസ്സിലാക്കണം. അതുകൊണ്ട് വീടുകളിലും ഫാമുകളിലും നേരിട്ട് പോയി നല്ലവയേ മാത്രം തിരഞ്ഞെടുക്കുക.

മുട്ടനാടുകളെ വെവ്വേറെ സ്ഥലങ്ങളിൽ നിന്നും തിരഞ്ഞെടുക്കുക. രക്തബന്ധമുള്ള മുട്ടനാടുകളേയും പെണ്ണാടുകളേയും ഇണചേർത്തുണ്ടാകുന്ന കുഞ്ഞുങ്ങൾ വളർച്ചാ നിരക്കിലും രോഗപ്രതിരോധ ശക്തിയിലും മോശമായിരിക്കും.

കല്യാണിയും കറക്കുദീനവും

പത്തുവയസ്സുകാരന്റെ മടിയിൽ തലചായ്ച്ച് കണ്ണുകൾ പാതി അടച്ച് കല്ലു എന്ന കല്യാണി അനങ്ങാതെ കിടന്നു. വെള്ള രോമക്കുപ്പായത്തിനിടയിലൂടെ അവന്റെ കൈവിരലുകളുടെ തലോടലേറ്റ്.

സ്വതവേ മുന്നിലേയ്ക്ക് ഉയർത്തി പിടിയ്ക്കുന്ന ചെവികൾ തളർത്തി താഴ്ത്തിയിട്ടിരിയ്ക്കുന്നു. ലോകസുന്ദരിയാണെന്ന ഭാവമൊന്നും ഇപ്പോളില്ല.

കല്യാണി ഞങ്ങളുടെ പോമറേനിയൻ നായക്കുട്ടി. ഒരു വയസിനു മേൽ പ്രായം. വെളുത്ത രോമകുപ്പായത്തിനുള്ളിൽ ഇത്തിരിപ്പോന്ന ശരീരം. നീണ്ടു കൂർത്ത മൂക്കും തിളക്കമാർന്ന കണ്ണുകളും. ഒരു വർഷത്തോളമാകാൻ പോകുന്നു ഞങ്ങടെ കൂടെ കൂടിയിട്ട്.

പ്രതിരോധകുത്തിവയ്പ്പ് എടുത്തതിന്റെ ക്ഷീണമാണ് കക്ഷിയ്ക്ക്. അവളെക്കാൾ വേദന അവളുടെ മുതലാളി, അതായത്, എന്റെ മകനാണെന്നു തോന്നും.

'ഞാനപ്പോഴേ പറഞ്ഞതാ വേണ്ടാന്ന്. അമ്മേടെ നിർബന്ധമാ..' അവൻ ദേഷ്യം പ്രകടമാക്കി.

'വാക്സിനേഷൻ എടുക്കാതിരുന്നാൽ അസുഖം വരില്ലേ ? നീ എന്താ ഈ പറയുന്നത്?'

വിട്ടുകൊടുക്കാൻ ഞാനും തയ്യാറായില്ല.

ഇന്ന് കല്ലൂന് ഡിസ്റ്റംമ്പർ രോഗത്തിനെതിരെ കുത്തിവയ്പ്പ് കൊടുത്തു. ഒരു ചെറിയ സൂചി കേറിയതിന് ഇത്രവലിയ വേദനയോ ? മകന്റെ ഭാവം കണ്ടാൽ തോന്നും ഞാനെന്തോ അപരാധം ചെയ്തെന്ന്.

'വീട്ടിന്ന് അവളെ നമ്മൾ എങ്ങും കൊണ്ടു പോകുന്നില്ലല്ലോ? പിന്നെ എന്തിനാ ഈ കുത്തിവയ്പ്പ് എടുക്കുന്നത്? '

'ഓ ഹാ.. അതുകൊള്ളാം. നായകൾക്കു വരുന്ന കറക്കദീനത്തിനെക്കുറിച്ച് നിനക്ക് അറിയില്ലേ? അവളെ കിട്ടിയപ്പോൾ കുത്തിവയ്പ്പ് എടുത്തിരുന്നു. ഇന്ന് ഒരു വർഷം തികയുകയാണ്. സമയത്തിനു കുത്തിവയ്പ്പ് എടുക്കണമെന്ന് ഡോക്ടർ പറഞ്ഞിരുന്നതല്ലേ ? ഓ, വേദനയൊക്കെ നാളെ മാറും.'

അതെ, കുത്തിവയ്പ്പിന്റെ നോവൊക്കെ പെട്ടെന്ന് മാറും. പക്ഷെ, നായകൾക്കു വരുന്ന ഡിസ്റ്റംമ്പർ രോഗത്തിനെ തടുക്കാനുള്ള ഏക പ്രതിവിധി വാക്സിനേഷൻ മാത്രമാണ്.

കനൈയിൻ
ഡിസ്റ്റംപർ കാലനാകാതെ

ഓമന നായകളെ താലോലിയ്ക്കുമ്പോൾ സൂക്ഷിയ്ക്കുക. അതെ നായകളിൽ പടർന്നു പിടിയ്ക്കുന്ന മാരകരോഗമാണ് ഡിസ്റ്റംമ്പർ. വളർത്തുനായകളിൽ മാത്രമല്ല, മാംസഭോജികളായ വന്യജീവികളിലും ഡിസ്റ്റംമ്പർ മാരകമായ പകർച്ചാവ്യാധി തന്നെ. വളർത്തു പൂച്ചകളെ ഈ രോഗം ബാധിയ്ക്കാറുമില്ല. മനുഷ്യരിലേയ്ക്ക് പകരുമെന്ന ഭയവും വേണ്ട.

ഡിസ്റ്റംമ്പർ രോഗത്തിലെ വില്ലൻ, വൈറസാണ്. പാരാമിക്സോ കുടുംബത്തിലെ ഒരു ആർ എൻ എ വൈറസ്. മനുഷ്യരിലെ മീസിൽസും കന്നുകാലികളിലെ കാലിവസന്തയുമായി അടുത്ത സാമ്യമുള്ള രോഗാണു. ഒട്ടുമിക്ക ശരീരഭാഗങ്ങളേയും ഈ വൈറസ് ബാധിയ്ക്കും. പ്രതിരോധശേഷി കുറച്ച് മറ്റ് പല വൈറൽ, ബാക്ടീരിയൽ രോഗങ്ങളും പിടിപെടാൻ കാരണമാകുകയും ചെയ്യും.

ശരീരത്തിൽ പ്രവേശിച്ച് രണ്ടാഴ്ച്ച കഴിഞ്ഞിട്ടാകും രോഗലക്ഷണങ്ങൾ പുറമേ കാണിയ്ക്കുന്നത്. കണ്ണിൽ നിന്നും മൂക്കിൽ നിന്നും നീരൊലിപ്പും, ചുമയും, ശ്വാസതടസവും ന്യുമോണിയയും അരുമകളായ നായകളെ വല്ലാതെ വിഷമിപ്പിയ്ക്കും. ഒപ്പം പനിയും വിശപ്പില്ലായ്മയും ക്ഷീണവും. കണ്ണിൽ നിന്നും വെള്ളം പോലെ തുടങ്ങുന്ന നീരൊലിപ്പ് ക്രമേണ പഴുപ്പായി മാറും. ശ്വസനേന്ദ്രിയവ്യൂഹമാണ് വൈറസുകൾക്ക് പ്രിയമെങ്കിലും ദഹനേന്ദ്രിയവും നാഡീവ്യൂഹവും ഇവയുടെ സംഹാരതാണ്ഡവത്തിന് വേദിയാകാറുണ്ട്. ദഹനേന്ദ്രിയത്തെ ബാധിയ്ക്കുന്ന വൈറസുകൾ ഛർദ്ദിയും വയറിളക്കവും ഉണ്ടാക്കും. അപൂർവ്വമായി തൊലിപ്പുറത്ത് ചെറിയ കുമിളകൾ പ്രത്യക്ഷപ്പെടാറുണ്ട്. മൂക്കിലേയും പാദങ്ങളിലേയും തൊലിയുടെ കട്ടി കൂടുന്നതായും കാണാറുണ്ട്.

തലച്ചോറിനേയും സുഷുമ്നാനാഡിയേയും വൈറസ് ബാധിയ്ക്കാറുണ്ട്. നാഡീഞരമ്പുകളെ ബാധിയ്ക്കുന്ന വൈറസ് നായകൾക്ക് വളരെ ബുദ്ധിമുട്ടുകൾ ഉണ്ടാക്കും. തല വശത്തേയ്ക്ക് ചരിഞ്ഞു പോകുന്നതും, വട്ടത്തിൽ കറങ്ങുന്ന പോലെ നടക്കുന്നതും, പേശികൾ വിറയ്ക്കുന്നതും, എല്ലാം സാധാരണമാണ്. ശരീര പേശികൾ, പ്രത്യേകിച്ചും കാലിലേയും മുഖത്തേയും കോച്ചിവലിയ്ക്കുകയും അപസ്മാര ലക്ഷണങ്ങൾ കാണിയ്ക്കുകയും ചെയ്യും. പിൻകാലുകളിൽ തുടങ്ങുന്ന ബലക്ഷയവും തളർച്ചയും ക്രമേണ മറ്റുകാലുകളിലേയ്ക്കും ബാധിയ്ക്കും. കീഴ്ത്താടിയിലെ പേശികൾ വലിഞ്ഞു മുറുകുന്നതുമൂലം ധാരയായി ഉമിനീരൊലിയ്ക്കുകയും ചൂയിങ്ഗം വായിലിട്ട് ചവയ്ക്കുന്നതു പോലെ താടിയെല്ലുകൾ ചലിപ്പിയ്ക്കുകയും ചെയ്യും.

രണ്ടുമുതൽ ആറാഴ്ച്ച പ്രായമുള്ള നായകളെയാണ് ഈ വൈറസ് പ്രധാനമായും ബാധിയ്ക്കുന്നത്. മുതിർന്ന നായകളേയും ബാധിയ്ക്കാമെങ്കിലും നായക്കുട്ടികളിലാണ് ഡിസ്റ്റമ്പർ കൂടുതൽ മാരകമാകുന്നത്. പ്രത്യേകിച്ചും നാലു മാസത്തിൽ താഴെ പ്രായമുള്ള നായക്കുട്ടികളിൽ. ഡിസ്റ്റമ്പർ രോഗം ബാധിയ്ക്കുന്ന നായ്കുട്ടികൾ മരണപ്പെടുകയാണ് പതിവ്. മുതിർന്ന നായകളിൽ മരണനിരക്ക് കുറവായിരിയ്ക്കും. എന്നാലും രോഗാവസ്ഥ തരണം ചെയ്തു കഴിഞ്ഞാലും നാഡീ സംബന്ധമായ അസ്വസ്ഥതകൾ കാണിയ്ക്കും. അതുപോലെ ആഴ്ച്ചകളോളം വൈറസിനെ സ്രവങ്ങളിലൂടെ പുറത്തേയ്ക്ക് വമിപ്പിയ്ക്കുന്നുണ്ടാകും.

രോഗബാധിതരായ നായകളുടെ ഉമിനീരിലും, കണ്ണുനീരിലും, മലമൂത്രവിസർജ്ജങ്ങളിലും വൈറസുകൾ ധാരാളമായി കാണുന്നു. ശ്വസനേന്ദ്രിയത്തിൽ നിന്നും പുറത്തേയ്ക്ക് വരുന്ന സ്രവങ്ങളും വൈറസ് നിറഞ്ഞതാകും. അസുഖം ബാധിച്ച നായകൾ കുരയ്ക്കുകയും ചുമയ്ക്കുകയും ഒക്കെ ചെയ്യുമ്പോൾ അന്തരീക്ഷത്തിൽ പടരുന്ന ജലകണികകളിൽ വൈറസ് ഉണ്ടാകും. ജലദോഷപ്പനി പടരുന്നപോലെ രോഗിയുമായി നേരിട്ടുള്ള സമ്പർക്കത്തിലൂടെയോ ശ്വാസവായുവിലൂടെയോ വൈറസ് പടർന്നു പിടിയ്ക്കും. അസുഖം ബാധിച്ച നായയുടെ സ്രവങ്ങളുമായോ, സ്രവങ്ങൾകൊണ്ട് മലിനമാക്കപ്പെട്ട വസ്തുക്കളുമായോ ഉള്ള സമ്പർക്കം രോഗകാരണമാകാം. രോഗം ഭേദമായശേഷവും രണ്ടാഴ്ച്ചയോളം വൈറസ് വാഹകരായിരിയ്ക്കുന്ന നായകൾ ചുറ്റുവട്ടത്തേയ്ക്ക് വൈറസിനെ വിസർജ്ജിച്ചുകൊണ്ടിരിയ്ക്കും. അന്തരീക്ഷത്തിലെ രോഗാണുവാഹകരായ ജലകണികകൾ വൈറസ് പടരുന്നതിന് കാരണമാകും. അന്തരീക്ഷത്തിൽ അധിക സമയം വൈറസ് നിൽക്കാറില്ല. സാധാരണ അണുനാശിനികളുപയോഗിച്ച് വൈറസിനെ നിർജ്ജീവമാക്കാവുന്നതാണ്.

രോഗലക്ഷണങ്ങൾ വച്ചുതന്നെ ഡിസ്റ്റംമ്പർ രോഗം തിരിച്ചറിയാൻ കഴിയും. പെട്ടന്ന് രോഗനിർണ്ണയംനടത്തുന്നതിനുള്ള ലാറ്ററൽ ഫ്ലോ കിറ്റുകൾ ഇന്ന് ലഭ്യമാണ്. രോഗാണുവിന്റെ ജനിതക ഘടനാപരിശോധനയിലൂടെയും രോഗ

നിർണ്ണയം നടത്താം. വൈറസ് രോഗമായതിനാൽ തന്നെ പ്രത്യേക ചികിത്സയൊന്നും ഇല്ല. ലക്ഷണങ്ങൾ കാണിയ്ക്കുന്നതിനനുസരിച്ച് ജീവൻരക്ഷാമരുന്നുകൾ ഉപയോഗിയ്ക്കാം. പ്രതിരോധമാണ് പരമപ്രധാനം. നായക്കുട്ടികൾക്ക് വാക്സിൻ നൽകണം. രണ്ടുമാസത്തിനുള്ളിൽ ആദ്യത്തെ വാക്സിനും തുടർന്ന് ഒരു മാസം കഴിഞ്ഞ് ബൂസ്റ്ററും. എല്ലാവർഷവും വിട്ടുപോകാതെ ബൂസ്റ്റർ വാക്സിനേഷൻ തുടരുകയും വേണം. വന്യജീവികളുമായി വളർത്തുനായകൾക്ക് സമ്പർക്കമുണ്ടാകാതിരിയ്ക്കാൻ പ്രത്യേകം ശ്രദ്ധിയ്ക്കണം. വളരെ പെട്ടെന്ന് പടരുന്ന പകർച്ചാവ്യാധിയായതിനാൽ തന്നെ മറ്റു നായകളുമായുള്ള, പ്രത്യേകിച്ച്, അസുഖക്കാരും വാക്സിനേഷൻ എടുക്കാത്തവരും ആയ നായകളുമായി സമ്പർക്കം ഒഴിവാക്കാനും ശ്രദ്ധിയ്ക്കണം.

മറക്കാതെ വളർത്തുനായകൾക്ക് ഡിസ്റ്റംബർ രോഗത്തിനെതിരെ പ്രതിരോധകുത്തിവയ്പ്പ് എടുപ്പിയ്ക്കുക.

ഡോ. ആശ റ്റി.റ്റി
എഡിറ്റർ, എഫ്.ഐ.ബി
തിരുവനന്തപുരം

ഒരു ദിവസം പ്രായമുള്ള ഗ്രാമശ്രീ പൂവൻ കോഴിക്കുഞ്ഞുങ്ങൾ 10 രൂപ നിരക്കിൽ വില്പനക്ക്. തിരുവനന്തപുരം കുടപ്പനക്കുന്ന് സർക്കാർ പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ നിന്നും ചൊവ്വ, വെള്ളി ദിവസങ്ങളിൽ കോഴിക്കുഞ്ഞുങ്ങളെ ലഭിക്കും. ആവശ്യമുള്ളവർ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 11 മണി മുതൽ മൂന്നു മണി വരെ, 0471 2730804 എന്ന ഫോൺ നമ്പറിൽ വിളിച്ചു മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്.

പശുപരിപാലനം

ക്ഷീര സമൃദ്ധിക്ക് കന്നുകുട്ടി പരിപാലന പദ്ധതി

കേരളത്തിന്റെ ക്ഷീരോത്പാദന മേഖലയിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിക്കുന്നതിൽ ഗണ്യമായ സംഭാവന നൽകിയ സംസ്ഥാന മൃഗസംരക്ഷണവകുപ്പിന്റെ "പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി" രാജ്യത്തിന് തന്നെ മാതൃകയാണ്. പാലുൽപാദന രംഗത്ത് സ്വയംപര്യാപ്തതയും ഭക്ഷ്യസുരക്ഷയും ഈ പദ്ധതി ആത്യന്തികമായി ലക്ഷ്യമിടുന്നു.

കന്നുകുട്ടികളുടെ ജനിതകശേഷി ശരിയാം വിധം പ്രകടിപ്പിക്കുന്നതിനും ഉയർന്ന ഉൽപ്പാദനക്ഷമത കൈവരിക്കുന്നതിനും ശാസ്ത്രീയമായ പരിപാലനം അത്യന്താപേക്ഷിതമാണ്. കന്നുകുട്ടികളെ ശാസ്ത്രീയമായ രീതിയിൽ വളർത്തുന്നതിനും പരിപാലിക്കുന്നതിനും കർഷകർക്ക് സഹായം നൽകുന്ന മൃഗസംരക്ഷണവകുപ്പിന്റെ ഈ പദ്ധതിയുടെ അമ്പതുശതമാനവും കേന്ദ്രാവിഷ്കൃത പദ്ധതിയായി 1976 ലാണ് ആരംഭിച്ചത്. കേന്ദ്ര സംസ്ഥാന തദ്ദേശ സ്വയംഭരണ സർക്കാരുകളുടെ ധനസഹായത്തോടെ വിവിധ പേരുകളിൽ നിലവിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

പദ്ധതി ലക്ഷ്യങ്ങൾ

കന്നുകുട്ടികളുടെ ശാസ്ത്രീയമായ പരിചരണത്തിലൂടെ ആദ്യ മദിലക്ഷണം, ആദ്യഗർഭധാരണം (18 മാസത്തിനകം), ആദ്യപ്രസവം (28 മാസത്തിനകം) എന്നിവ നേരത്തെ ആക്കുകയും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുക. ആത്യന്തികമായി പാലുൽപാദന രംഗത്ത് സ്വയം പര്യാപ്തതയും ഭക്ഷ്യസുരക്ഷയും ഉറപ്പാക്കുക വഴി സമൂഹത്തിന്റെ ജീവനോപാധി സുരക്ഷ കൈവരിക്കുകയും ചെയ്യുക.

പദ്ധതി ആനുകൂല്യം എങ്ങനെ ?

4–6 മാസം വരെ പ്രായമുള്ള, തിരഞ്ഞെടുക്കപ്പെട്ട എരുമക്കുട്ടികൾക്കും സങ്കരയിനത്തിൽപ്പെട്ട പശുക്കുട്ടികൾക്കും ഈ പദ്ധതി ആനുകൂല്യം ലഭിക്കും. പദ്ധതി പ്രകാരം ഗുണമേന്മയുള്ള തീറ്റ 50% സബ്സിഡി നിരക്കിൽ ഓരോ മാസവും ഗുണഭോക്താക്കൾക്ക് നൽകുന്നു. നിലവിലെ കാലിത്തീറ്റയുടെ വില അനുസരിച്ച് ഏകദേശം ഒന്നരവർഷക്കാലം (വ്യക്തിഗത സബ്സിഡി പരിധി തീരുന്നത് വരെ) ലഭിക്കുന്നതാണ്.

സബ്സിഡി കാലാവധി

4 –ാം മാസം 30Kg കാലിത്തീറ്റ

5–6 മാസം 45Kg കാലിത്തീറ്റ

7–18 മാസം60Kg കാലിത്തീറ്റ

19–ാം മാസം മുതൽ പദ്ധതി അവസാനം വരെ 75Kg കാലിത്തീറ്റയും കർഷകർക്ക് ലഭ്യമാകുന്നു. കൂടാതെ 32–ാം മാസം വരെ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കന്നുകുട്ടികൾക്ക് ഇൻഷുറൻസ് പരിരക്ഷയും ലഭിക്കുന്നു.

വിവിധതരം പദ്ധതികൾ

1. ഗോവർദ്ധിനി

സംസ്ഥാന സർക്കാരിന്റെ വികസന ഫണ്ട് മാത്രം ഉപയോഗിച്ച് നടത്തുന്ന പദ്ധതിയാണ് ഗോവർദ്ധിനി. പ്രസ്തുത പദ്ധതിയിൽ പരിഗണിക്കപ്പെടുന്നതിന് കന്നുകുട്ടി ജനന രജിസ്ട്രേഷൻ പ്രാദേശിക മൃഗാശുപത്രിയിലോ വെറ്ററിനറി സെന്ററിലോ നടത്തിയിരിക്കണം. കർഷകർ വാങ്ങുന്ന എരുമക്കുട്ടികളേയും കന്നുകുട്ടികളേയും കന്നുകുട്ടി ജനന രജിസ്റ്ററിൽ ഉൾപ്പെടുത്താവുന്നതാണ്. കന്നുകുട്ടി ജനന രജിസ്ട്രേഷൻ നടത്തിയത് കൊണ്ട് മാത്രം ഒരാൾ പദ്ധതി ആനുകൂല്യം ലഭിക്കാൻ അർഹനാകുന്നില്ല. കന്നുകുട്ടികളെ പദ്ധതിയിൽ ചേർക്കുന്ന സമയത്ത് അവയുടെ പ്രായം നാല് മുതൽ ആറ് മാസം എന്ന പരിധിയിലായിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനാൽ വരിചേർക്കുമ്പോൾ കർഷകന് സ്വന്തമായി 4-6 മാസം പ്രായമുള്ളതും തൃപ്തികരമായ ആരോഗ്യമുള്ളതുമായ എരുമക്കുട്ടികളോ സങ്കരയിനത്തിൽപ്പെട്ട പശുക്കുട്ടികളോ ഉണ്ടെങ്കിൽ മാത്രമേ മുൻഗണനാക്രമത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുകയുള്ളൂ. അർഹരായ മറ്റ് ഗുണഭോക്താക്കളുടെ അഭാവത്തിൽ ഒരു ഗുണഭോക്താവിന്റെ രണ്ട് കന്നുകുട്ടികൾക്ക് വരെ ആനുകൂല്യം ലഭിക്കുന്നതാണ്.

2. ഗ്രാമപഞ്ചായത്ത് പദ്ധതി - പ്രത്യേക കന്നുകുട്ടി പരിപാലനം

ഗുണഭോക്താക്കൾ	ആനുകൂല്യം
ജനറൽ	50%
എസ്.സി	75%
എസ്.ടി	പൂർണ്ണ സൗജന്യം

സബ്സിഡി തുക മുഴുവനായും തദ്ദേശസ്വയംഭരണസ്ഥാപനം വഹിക്കുന്നു. പ്രസ്തുത പദ്ധതിയുടെ ഗുണഭോക്തൃപട്ടിക തീരുമാനിക്കുന്നത് ഗ്രാമസഭയാണ്. പദ്ധതിയിൽ ഉൾപ്പെടുന്നതിനായി പ്രത്യേക അപേക്ഷ ഗ്രാമപഞ്ചായത്തിലെ, വാർഡുതല ഗ്രാമസഭയിൽ നൽകണം. അഞ്ച് ലക്ഷം രൂപ വർഷികവരുമാനപരിധിയിൽ ഉൾപ്പെടുന്ന കർഷകർക്ക് ഗ്രാമസഭകൾ അംഗീകരിക്കുന്ന ഗുണഭോക്തൃലിസ്റ്റ് പ്രകാരം ആനുകൂല്യം ലഭിക്കുന്നു. എസ്.ടി വിഭാഗത്തിൽപ്പെടുന്ന ഗുണഭോക്താക്കൾക്ക് വരുമാനപരിധി ബാധകമല്ല. കന്നുകുട്ടികളെ വരിചേർക്കുന്ന സമയത്ത് ഗുണഭോക്താക്കൾക്ക് സ്വന്തമായി 4-6 മാസം പ്രായമുള്ള എരുമക്കുട്ടികളോ സങ്കരയിനത്തിൽപ്പെട്ട കന്നുകുട്ടികളോ ഉണ്ടായിരിക്കേണ്ടതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതിയിലെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം കാളക്കുട്ടികളെയും ടി പദ്ധതിയിലേക്ക് ഉൾപ്പെടുത്താവുന്നതുമാണ്.

3. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി (Calf Adoption Programme)

പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി. ഈ പദ്ധതി പ്രകാരം ചെലവിന്റെ 25% മൃഗസംരക്ഷണ വകുപ്പും 25% തദ്ദേശസ്വയംഭരണസ്ഥാപനവും വഹിക്കും. ഈ പദ്ധതിയുടെ മറ്റെല്ലാ മാനദണ്ഡങ്ങളും ഗ്രാമപഞ്ചായത്ത് പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം ബാധകമാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും ടി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

4. ശാസ്ത്രീയ കന്നുകുട്ടി പരിപാലനപദ്ധതി

2018 ലെ മഹാപ്രളയം മൃഗസംരക്ഷണ മേഖലയിൽ ഏകദേശം 175 കോടി രൂപയുടെ നഷ്ടമാണുണ്ടാക്കിയത്. പ്രളയം വിതച്ച ദുരന്തത്തിൽ നിന്നും കരകയറാനും നവകേരളം പടുത്തുയർത്താനും ലക്ഷ്യമിട്ട് സർക്കാർ 'നവകേരള നിർമ്മാണ വികസന' പരിപാടി ആവിഷ്കരിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയിൽ നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് "ശാസ്ത്രീയ കന്നുകുട്ടി പരിപാലനപദ്ധതി." പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി മാനദണ്ഡങ്ങൾ ഈ പദ്ധതിക്കും ബാധകമാണ്.

5. സ്പെഷ്യൽ ഗോവർദ്ധിനി

കേന്ദ്രസർക്കാരിന്റെ രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) പദ്ധതി പ്രകാരം മൃഗസംരക്ഷണവകുപ്പ് നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് സ്പെഷ്യൽ ഗോവർദ്ധിനി പദ്ധതി. മേൽപരാമർശിക്കപ്പെട്ട മറ്റെല്ലാ പദ്ധതികളുടെ വ്യക്തിഗത സബ്സിഡി തുക 12500/- രൂപയാണ്. എന്നാൽ സ്പെഷ്യൽ ഗോവർദ്ധിനി വ്യക്തിഗത സബ്സിഡി തുക 16500/- രൂപയാണ്. മൃഗാശുപത്രികളിലെ കന്നുകുട്ടി ജനന രജിസ്റ്ററിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു.

പദ്ധതി വ്യവസ്ഥകൾ

അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള കന്നുകുട്ടികളെ മുൻകൂട്ടി തീരുമാനിച്ചിട്ടുള്ള ക്യാമ്പുകളിൽ വെച്ചാണ് പദ്ധതിയിലേക്ക് വരിചേർക്കുന്നത്. മുൻകൂട്ടി അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് കർഷകർ കന്നുകുട്ടികളെ പ്രസ്തുത ക്യാമ്പിൽ ഹാജരാക്കി പദ്ധതിയിൽ ഉൾപ്പെടു

ത്തേണ്ടതാണ്. ഗുണഭോക്തൃപട്ടിക പ്രകാരമുള്ള കന്നുകുട്ടികളെ ബന്ധപ്പെട്ട വെറ്ററിനറി ഡോക്ടർ പ്രായം, ആരോഗ്യം മുതലായവ പരിശോധിച്ചതിന് ശേഷമാണ് തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുക്കപ്പെടുന്ന കന്നുകുട്ടികൾക്ക് /എരുമക്കുട്ടികൾക്ക് അവയുടെ ചെവിയിൽ തിരിച്ചറിയൽ അടയാള കമ്മൽ ഘടിപ്പിക്കുന്നതാണ്.

ആനുകൂല്യം ലഭിക്കുന്നതിനായി സംസ്ഥാന മൃഗസംരക്ഷണവകുപ്പ് ഡയറക്ടറുടെ പേരിൽ നിയമപരമായ മുദ്രപത്രത്തിൽ ഗുണഭോക്താക്കൾ കരാർ വെക്കേണ്ടതാണ്. ഒരു കുടുംബത്തിലെ ഒരംഗത്തിന് മാത്രമാണ് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. പ്രസ്തുതപദ്ധതി അനുസരിച്ചുള്ള ആനുകൂല്യം ക്ഷീര സഹകരണസംഘം വഴി കാലിത്തീറ്റയായി മാത്രമേ വിതരണം ചെയ്യുകയുള്ളൂ. ഉചിതമായ ക്ഷീരസഹകരണസംഘങ്ങളുടെ അഭാവത്തിൽ കുടുംബശ്രീകളോ, മറ്റ് സന്നദ്ധസംഘടനകളോ മുഖേനയും തീറ്റ വിതരണം ചെയ്യാവുന്നതാണ്. പദ്ധതിയിൽ വിഭാവനം ചെയ്യുന്നതുപോലെയും പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരവും കന്നുകുട്ടികളെ പരിപാലിക്കേണ്ടതാണ്.

നിബന്ധനകൾ

ഓരോ മാസവും മുൻകൂട്ടി അറിയിക്കുന്ന തീയതിയിൽ തന്നെ പദ്ധതി മുഖേന വിതരണം ചെയ്യപ്പെടുന്ന തീറ്റ, ഗുണഭോക്താവ്, ഗുണഭോക്തൃവിഹിതം ക്ഷീരസംഘങ്ങളിൽ ഒടുക്കി കൈപ്പറ്റേണ്ടതാണ്. ഗുണഭോക്താക്കൾക്ക് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നൽകുന്ന പാസ്സ്ബുക്കിൽ തീറ്റ കൈപ്പറ്റുന്നവിവരം ഓരോ പ്രാവശ്യവും രേഖപ്പെടുത്തി വാങ്ങേണ്ടതാണ്. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ആനുകൂല്യങ്ങൾക്കും പാസ്സ്ബുക്ക് ഹാജരാക്കേണ്ടതാണ്. മൂന്ന് മാസം തുടർച്ചയായി തീറ്റ കൈപ്പറ്റാതെ വരികയോ കരാറിലെ വ്യവസ്ഥ ലംഘിക്കുകയോ ചെയ്താൽ പദ്ധതിയിൽ നിന്നും ഗുണഭോക്താവ് പുറത്താകുന്നതാണ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ കന്നുകുട്ടികളെ മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ രേഖാമൂലമുള്ള അനുവാദം കൂടാതെ വിൽക്കാനോ, കൈമാറാനോ, മാറ്റി പാർപ്പിക്കാനോ പാടില്ലാത്തതാവുന്നു. കന്നുകുട്ടികളുടെ ചെവിയിൽ ഘടിപ്പിച്ച അടയാള കമ്മൽ നഷ്ടപ്പെട്ട് പോകുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ച് ചെവിയിൽ പുതിയ കമ്മൽ ഘടിപ്പിക്കേണ്ടതാണ്. പദ്ധതി ആനുകൂല്യം, ഇൻഷുറൻസ് പരിരക്ഷ എന്നിവ ലഭിക്കുന്നതിന് കന്നുകുട്ടികളുടെ ചെവിയിൽ ബന്ധ

പ്പെട്ട അടയാളക്കമ്മൽ ഉണ്ടായിരിക്കേണ്ടതാണ്. പദ്ധതി കാലാവധി പൂർത്തിയാകുന്നതിന് മുൻപ് വ്യക്തിഗതാനുകൂല്യപരിധി പൂർത്തിയായാൽ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതല്ല.

പ്രത്യേക കന്നുകുട്ടിപരിപാലനപദ്ധതി നേട്ടങ്ങൾ

1. 18 മാസം പ്രായത്തിൽ കന്നുകുട്ടികൾക്ക് 175 കിലോഗ്രാമിൽ കൂടുതൽ ശരീരഭാരം ഉണ്ടാവുന്നു.
2. കന്നുകുട്ടികൾക്ക് ഒന്നര വയസ്സിന് മുമ്പ് തന്നെ പ്രായപൂർത്തി കൈവരിക്കുന്നു.
3. ഭൂരിഭാഗം കന്നുകുട്ടികളും 18 മാസത്തിന് മുമ്പ് തന്നെ ഗർഭം ധരിക്കുന്നു.
4. മറ്റ് കന്നുകുട്ടികളെ അപേക്ഷിച്ച് ഈ പദ്ധതിയിൽ ഉൾപ്പെട്ട കന്നുകുട്ടികളുടെ ഗർഭധാരണത്തിന് ആവശ്യമായ കൃത്രിമ ബീജാധാനങ്ങളുടെ ശരാശരി എണ്ണം 1.8 ആയി കണക്കാക്കപ്പെട്ടിരിക്കുന്നു.
5. ഭൂരിഭാഗം കന്നുകുട്ടികളുടെയും ആദ്യപ്രസവത്തിന്റെ പ്രായം 26-28 മാസം ആയി രേഖപ്പെടുത്തിയിരിക്കുന്നു.
6. പ്രതിദിന പാലുൽപ്പാദനം ശരാശരി 12 ലിറ്റർ.
7. രണ്ട് പ്രസവങ്ങൾ തമ്മിലുള്ള ഇടവേള 15 മാസത്തിൽ കുറവ് രേഖപ്പെടുത്തിയിരിക്കുന്നു.

കർഷകർക്ക് ആത്മവിശ്വാസത്തോടെ കടന്നുവരാവുന്ന ഒരു മേഖലയായി ക്ഷീരമേഖല മാറിയിരിക്കുന്നു. ക്ഷീരമേഖലയുടെ മാറ്റത്തിനൊപ്പം വൈവിദ്ധ്യങ്ങളായ പദ്ധതികളുമായി മൃഗസംരക്ഷണവകുപ്പ് എല്ലായ്പ്പോഴും കൂടെയുണ്ട്. കർഷകരോടൊപ്പം, സംരഭകരോടൊപ്പം നല്ല നാളേയ്ക്കായി, സ്വയം പര്യാപ്തതയിലേക്കുള്ള പാതയിൽ താങ്ങായി മൃഗസംരക്ഷണനവകുപ്പ് കൂടെയുണ്ട്.



ഡോ.നജീബ്. എ.വി
വെറ്ററിനറി സർജൻ
കന്നുകുട്ടിപരിപാലനപദ്ധതി
പാല സർക്കിൾ, കോട്ടയം

ജീവിതയാത്രയിലെ ഓഫ്റോഡ് അനുഭവങ്ങൾ

സർവീസിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള താത്കാലിക നിയമനത്തിന്റെ ആദ്യ നാളുകൾ....

കോഴിക്കോടിന്റെ കിഴക്കൻ ദുർഘട മേഖലയിലാണ് പോസ്റ്റിംഗ്. കുന്നും, പുഴയും, കാടും ഒക്കെ ഉള്ള പ്രദേശം. ഓർഡിനറി സിനിമയിലെന്ന പോലെ വല്ലപ്പോഴും എത്തുന്ന KSRTC ബസ്സുകളും ഫോർ വീൽ ഡ്രൈവുള്ള ജീപ്പുകളുമാണ് ആശ്രയം.

പല സ്ഥലങ്ങളിലേക്കും നല്ല വഴികൾ പോലുമില്ല. ഉരുളൻ കല്ലുകളിൽ നിന്നും കല്ലുകളിലേക്കു ചാടിയും, കുലുങ്ങി മറിഞ്ഞും, ഇടക്ക് എടുത്തെറിഞ്ഞും, മറ്റു ചിലപ്പോൾ കറങ്ങുന്ന യന്ത്രത്തിന്റെ ഉള്ളിൽ പെട്ടത് പോലെയാണ് യാത്ര. ചിലയിടങ്ങളിൽ ജീപ്പ് നമ്മളേയും കൊണ്ടു കുത്തനെ ഒരു പോക്കാണ് മുകളിലേക്ക്. ഉയരക്കൂടുതൽ കാരണം 'സ്വർഗ്ഗംകുന്ന്' എന്നൊരു സ്ഥലം പോലും അവിടെയുണ്ട്. ചുരുക്കി പറഞ്ഞാൽ ചില കേസ് കഴിഞ്ഞു വരുമ്പോൾ ഒരു വണ്ടർ ലാ റൈഡ് കഴിഞ്ഞു കുടല് മറിഞ്ഞ പോലൊരു ഫീൽ ഉണ്ടാവും.

പിന്നൊരു കാര്യം ആ പ്രദേശത്തേക്ക് വല്ലപ്പോഴും പോകുന്ന ഒരു വാഹനം ലക്ഷ്വറി ആയതുകൊണ്ട് തന്നെ ഇതിൽ ഡോക്ടർ ആയ എന്നെ കൂടാതെ ആരും കയറാൻ പാടില്ല എന്ന അഹങ്കാരത്തിനും പിടിവാശിക്കുമൊന്നും യാതൊരു പ്രസക്തിയുമില്ല. ആ പ്രദേശത്തെക്കുള്ള കുഞ്ഞുകുട്ടി പരാധീനതകൾ തുടങ്ങി കാലിത്തീറ്റ ചാക്കുകൾ, പലചരക്ക്, മലഞ്ചരക്ക്, ഗ്യാസ്കുറ്റി തുടങ്ങി പലതും ഡ്രൈവർ മിനിറ്റ് വച്ച് വണ്ടിക്കുള്ളിൽ ആക്കും.

കേസിനൊക്കെ പുറത്തു പോയാൽ അതൊരു ഒന്നൊന്നര പോക്കാണ്. വണ്ടി പോകാത്ത ചില കുന്നിൻ മുകളും, അൻപത് മീറ്ററോളം വീതിയുള്ള പുഴയ്ക്ക് കുറുകെ കമ്പി വലിച്ചു കെട്ടി അതിൽ കവുങ്ങിൻ തടി പാകിയ തൂക്കുപാലങ്ങളും ഒക്കെ ഉള്ളിടത്തു വണ്ടി നിർത്തണം.... പിന്നെ കുറേ ദൂരം നടന്നും ഇരുന്നും ഒക്കെ ചികിൽസ കഴിഞ്ഞു വരുമ്പോൾ മണിക്കൂറുകൾ കഴിയും. ശക്തമായ ഒഴുക്കുള്ള പുഴയുടെ മുകളിലൂടെ കഷ്ടിച്ചു ഒരാൾക്ക് മാത്രം നടക്കാവുന്ന വീതി കുറഞ്ഞ ഈ തൂക്കുപാലത്തിന്റെ കൈവരിയിൽ ബലമായി പിടിച്ചു സർക്കസുകാരെ പോലെ കടക്കാൻ സത്യം പറഞ്ഞാൽ ഇപ്പോൾ അന്നത്തെ യത്ര ധൈര്യം ഇന്ന് പോര.

ഇന്നവിടം ഒക്കെ ടൂറിസ്റ്റ് സ്പോട്ടുകളും റിസോർട്ടുകളും ആയതോടെ വിശാലമായ ടാർ ചെയ്ത റോഡുകളും അതിലൂടെ ഇടയ്ക്കെങ്കിലും പായുന്ന ദീർഘദൂര സൂപ്പർഫാസ്റ്റ് ബസും ഒക്കെ വന്നു.

ഡിസ്പെൻസറിയിലെ അറ്റൻഡർ പെൻഷൻ ആയി പോയതിൽ പിന്നെ സഹായികൾ ഒന്നും ഇല്ലാതെ കഷ്ടപ്പെടുമ്പോളാണ് ആ ഒഴിവിൽ ഒരാൾ എത്തുന്നത്. പണിഷ്മെന്റ് ട്രാൻസ്ഫർ ആണ്. ആളുടെ ലാസ്റ്റ് പേ സർട്ടിഫിക്കറ്റിലെ ലോൺ റിക്കവറി ഒക്കെ കണ്ടു ഞാൻതല കറങ്ങി. അടുത്ത മാസം ശമ്പളം കൊടുക്കേണ്ട സമയം ആയപ്പോൾ കേരള സർവീസ് റൂൾസിലെയും കേരള ഫിനാൻസ് കോഡിലെയും ലോൺ റിക്കവറി

ഭാഗങ്ങൾ ഒക്കെ സാഹചര്യങ്ങളുടെ സമ്മർദം മൂലം നന്നായി പഠിക്കേണ്ടി വന്നു. നിയമ വശങ്ങളിൽ അഗ്രഗണ്യരായ പല സീനിയേഴ്സുമായി ഇതേപ്പറ്റിയുള്ള സംശയങ്ങൾ വിളിച്ചു ചോദിച്ചു, ക്ലീയർ ചെയ്തു. പല സ്ഥാപനങ്ങളിൽ നിന്നും കത്തുകൾ ഇടതടവില്ലാതെ വന്നുകൊണ്ടിരുന്നു. അതുവരെ ഞങ്ങൾ കണ്ടിട്ടില്ലാത്ത ഉദ്യോഗസ്ഥർ പലരും ഇടക്ക് ആളെപ്പറ്റി വന്നു അന്വഷണവും തുടങ്ങിയപ്പോൾ ആണ് ഏതാണ്ട് കാര്യങ്ങളുടെ ഗൗരവം പിടികിട്ടിയത്. ലുങ്കിയും, വെള്ള മുണ്ടും ഷർട്ടും അണിഞ്ഞ് ഡിസ്പെൻസറിയിൽ വന്നിരുന്ന തനി നാടൻ ഗ്രാമീണ കർഷകരെ കാണുന്ന ഞങ്ങൾ പിന്നെ അവിടേക്ക് പാന്റ്സും ഷർട്ടും ഇട്ടു കയറി വരുന്ന ആരെ കണ്ടാലും മഫ്തിയിൽ വരുന്ന ഏതോ മഹാൻ ആണോ എന്ന് വെറുതെ സംശയിച്ചു തുടങ്ങി. 'ഈ കടബാധ്യത എല്ലാം കൂടി പിടിച്ചു നിൽക്കാനാവാതെ പുള്ളി ഇനി വല്ല കടുംകൈയും ചെയ്തു കളയുമോ മാഡം' എന്ന പാർട്ട് ടൈം സ്വീപ്പർ വെറുതെ പറഞ്ഞൊരു സംശയത്തോടെ, പിന്നീടങ്ങോട്ട് രാവിലെ വന്നു കയറുമ്പോഴേ പള്ളി വക വെറ്ററിനറി ആശുപത്രിയുടെ ഓടിട്ട 2 മുറി വാടക കെട്ടിടത്തിന്റെ ഉത്തരത്തിലേക്കു അറിയാതെ കണ്ണു പായുക എന്ന ദുശ്ശീലം കൂടി എനിക്ക് പിടിപെട്ടു.

ജില്ലാ ഓഫീസിലേക്കുള്ള എന്റെ നിരന്തര അഭ്യർത്ഥന കൊണ്ട് ഇയാളെ അവിടെ നിന്നും സ്ഥലം മാറ്റി തന്നു. പകരം ആരും ഇല്ല...വേണ്ട ...ഇല്ലെങ്കിൽ ഇല്ലാന്നല്ലേ ഉള്ളു.പിന്നെ അങ്ങോട്ടു ഒറ്റക്ക് തന്നെയാണ് കേസിനു പോകുന്നത്.

അങ്ങനെ ഒരു തെളിഞ്ഞ ഡിസംബർ മാസത്തിൽ ഒരു പശുവിന്റെ mastitis ചികിൽസിക്കാൻ ഒരു ഫോർവീൽ ജീപ്പിൽ ഡ്രൈവറോടൊപ്പം യാത്ര തിരിച്ചു.

വഴിയുടെ കാര്യം പറഞ്ഞത് പോ ലൊക്കെ തന്നെയാണ് ഏതാണ്ട് എന്റെ അവസ്ഥയും. രണ്ടാമത്തെ കുട്ടിയെ pregnant ആണ്... അവസാന മൂന്നുമാസം

പോകുന്ന വഴിയിൽ വെള്ളം കുറഞ്ഞ ഒരു പുഴ ഉണ്ട്. ഫോർ വീൽ ഡ്രൈവ് ജീപ്പ് സുഖമായി പുഴഇറങ്ങിഅക്കരെകയറും. പിന്നെയും കുറച്ചു ദൂരം കൂടി വണ്ടി ഓടി, ചെല്ലേണ്ട വീട്ടിൽ എത്തി. തൊഴുത്തിൽ കയറി ആന്റിബയോട്ടിക്, ആന്റി ഇൻഫ്ളമേറ്ററി, ആന്റി ഹിസ്റ്റമിനിക്, ബി കോംപ്ലസ് ഒക്കെ ഇൻജക്ഷനും റിങ്ങർ ലാക്റ്റെറ്റ് ഫ്ലൂയിഡും ഒക്കെ ഡ്രിപ് കൊടുത്തു.

പെട്ടന്നാണ് അവിചാരിതമായി മഴ തുടങ്ങിയത്. അരമണിക്കൂറോളം എടുത്ത ചികിത്സ കഴിഞ്ഞപ്പോൾ അവിടുത്തെ ചേച്ചി നിർബന്ധപൂർവം തന്ന ചൂട് കട്ടൻകാപ്പി മനസമാധാനം ഇല്ലാതെ ഒരുവിധം കുടിച്ചു തീർത്തു.

ഗ്രാമീണ സേവനത്തിന്റെ നല്ല ഓർമ്മകൾ ആണ് ഇത്തരം ചില കരുതലുകൾ. ആ നാട്ടിലെ കല്യാണം ,വീടുകൂടൽ,മാമോദീസ, ആദ്യ കുർബാന തുടങ്ങി ഒരു ചടങ്ങും നമ്മളെ ഒഴിവാക്കി പോകില്ല എന്നുള്ളതും അതിന്റെ മറ്റൊരു മുഖമാണ്.

ഇപ്പറഞ്ഞത് സോഷ്യൽ മീഡിയയും, മൊബൈലിൽ ആദ്യവിളിക്ക് ഫോൺ എടുത്തില്ലെങ്കിൽ മുകളിലേക്ക് പരാതി കൊടുക്കലും ഒന്നും ഇല്ലാതിരുന്ന പതിനെട്ട് കൊല്ലം മുമ്പുള്ള ഗ്രാമീണ സേവനത്തിന്റെ കാര്യം ആണ്. ഇന്ന് ഇതൊക്കെ പൃഥ്വിരാജ് നല്ല പട്ട് സാരി കിട്ടുന്ന കടയുടെ പരസ്യത്തിൽ പറയുന്നത് പോലെ ....'സ്വപ്നങ്ങളിൽ മാത്രം.'

ചികിത്സ കഴിഞ്ഞു ബാഗും എടുത്തു ജീപ്പിൽ കയറി. വണ്ടി തിരികെ പുഴക്കരയിൽ എത്തിയപ്പോൾ അങ്ങോട്ടു പോയ കാഴ്ചയല്ല കാണുന്നത്. കണ്ണുനീർ പോലെ തെളിഞ്ഞ് നിലം പറ്റി ഒഴുകിയ പുഴയിലേക്ക് ചെങ്കല്ലും പൂഴിയും ഒക്കെ കൂടി കലങ്ങി മറിഞ്ഞ് നിറം മാറി, കുത്തി ഒഴുകി വരുന്ന മലവെള്ളം....മെലിഞ്ഞുണങ്ങിയ ശാന്തമായ പുഴ നോക്കി നിൽക്കെ വീതി കൂടി കൂടി ആർത്തലച്ചു വലുതായി വലുതായി വരുന്ന കാഴ്ച്ച കണ്ടതും എന്റെ കണ്ണിൽ ഇരുട്ട്കയറി. ഞങ്ങൾ പുറകോട്ടു ഓടി മാറി.

ഈശ്വരാ...പെട്ടു എന്നു മനസ്സിലായി.

അന്ന് മൊബൈൽ ഫോൺ ഒന്നും പ്രചാരത്തിൽ ആയിട്ടില്ല.... തന്നെയുമല്ല, നല്ലൊരു മഴ പെയ്താൽ ലാൻഡ് ഫോൺ തന്നെ പണിമുടക്കിലായിരിക്കും.

മഴ തകർത്തു പെയ്തു. ഏതാണ്ട് രണ്ട് മണിക്കൂർ കഴിഞ്ഞ് വെള്ളത്തിന്റെ ഒഴുക്കൊന്നു കുറഞ്ഞപ്പോൾ ഡ്രൈവർ രണ്ടും കൽപ്പിച്ചു വണ്ടി ഇറക്കി.സകല ദൈവങ്ങളെയും വിളിച്ച് കണ്ണടച്ച് ഞാനും. വീട്ടിൽ 'അമ്മ 'വരുന്നത് നോക്കിയിരിക്കുന്ന ഒരു ഒന്നര വയസ്സുകാരി....വയറ്റിൽ ഒരു ഏഴ് മാസമുള്ള പാർട്ടി...എന്തായാലും ഡ്രൈവർ സാഹസികമായെങ്കിലും സുരക്ഷിതമായി തിരിച്ചെത്തിച്ചു.

പിന്നീടങ്ങോട്ട് പുഴക്ക് അക്കരെ ഉള്ള റിസ്ക് പിടിച്ച പോക്കുകൾ ഒന്നു ശ്രദ്ധിച്ചു.ആ മലയോര കുടിയേറ്റ മേഖലയിലുണ്ടായിരുന്ന കുറെ പന്നി ഫാമുകളും uterine prolapse അടക്കം നല്ല എട്ടിന്റെ പണികൾ ആ ഇടക്ക് തന്നു.

ഇത്രയൊക്കെ ബുദ്ധിമുട്ടുന്ന അമ്മയെ ഇനി ഞാനായിട്ട് കൂടുതൽ കഷ്ടപ്പെടുത്തണ്ട എന്നു കരുതി ചെയ്തു തന്ന ഉപകാരം ആവാം ഏതാണ്ട് മൂന്നാഴ്ച്ച കഴിഞ്ഞ് ഒരു മാസം നേരത്തെ സകല കണക്കുകൂട്ടലും തെറ്റിച്ചു കൊണ്ടു പുത്രനിങ്ങു നൈസായി പോന്നു. ആശുപത്രിയിൽ നിന്നും നേരെ ലേബർ റൂമിലേക്ക്...

കേസിനിടയിലെ ലേബർ പെയിൻ, ആംബുലൻസ് വരവ്, ലൈറ്റിട്ട് പോകൽ തുടങ്ങിയ കലാപരിപാടികൾ ഒന്നും ഉണ്ടായില്ല. രാവിലെ 9 മുതൽ 3 മണിവരെയും സാധാരണ പോലെ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നു .കിലുക്കത്തിൽ ലോട്ടറി ടിക്കറ്റ് അടിക്കുന്ന രംഗത്തിൽ ഇന്നസെന്റ് പറയും പോലെ 'അതുവരെ വളരെ ശരിയായിരുന്നു 'കാര്യങ്ങൾ. 17 കി.മി ദൂരെ വീട്ടിൽ തിരിച്ചെത്തി ... എത്തിപ്പെട്ടു ...പിന്നീടങ്ങോട്ട് മൈക്കൾ ഷുമാക്കറെ പോലെ ഭർത്താവ് ആശുപത്രിയുടെ ക്യാഷ്വാലിറ്റിയിലേക്ക് കാർ പറപ്പിച്ചു. 4.35 ന് കാര്യത്തിന് തീരുമാനം ആയി. വിവരം അറിഞ്ഞ ചിലരൊക്കെ 'അയ്യോ ഉച്ചയ്ക്കും കണ്ടതാണല്ലോ', 'ലീവ് എടുക്കാൻ ആയില്ലെന്നാണല്ലോ പറഞ്ഞത്'.... തുടങ്ങിയ ഞെട്ടലുകൾ രേഖപ്പെടുത്തി.

അന്നും ചില തൽപരകക്ഷികൾ പറഞ്ഞു ....'അല്ലേലും കൂടുതൽ പൊക്കം ഉള്ളവർക്ക് പ്രസവം വളരെ എളുപ്പമാണ്.....'

അതെ... എല്ലാം വളരെ എളുപ്പം ആണ്...

കാര്യങ്ങൾ അങ്ങനങ്ങു കണ്ടാൽ മതി....

ചിലപ്പോൾ നമ്മുടെ അടുത്തു വരുന്ന മിണ്ടാപ്രാണികളുടെ അനുഗ്രഹങ്ങൾ ആകാം അന്നത്തെ ദിവസം ഒരു കുന്നിൻമുകളിലും പുഴക്കരയിലും പെട്ടു പോകാതെ കാത്തത്.

ഡോ.ജയശ്രീ.കെ.വി.
വെറ്ററിനറി സർജൻ
വെറ്ററിനറി ഡിസ്‌പെൻസറി
ഓമശ്ശേരി

ദേശാടനപക്ഷികൾ പറക്കും വഴികൾ

ഏതാണ്ട് ഇരുപത് വർഷങ്ങൾക്ക് മുമ്പ് കോട്ടയം ജില്ലയിലെ കല്ലറയിൽ ജോലി ചെയ്തിരുന്ന കാലത്ത്, പരിസ്ഥിതി പ്രേമിയായ ഒരു സുഹൃത്തിന്റെ വീട്ടിൽ ഞാൻ സ്ഥിരസന്ദർശകനായിരുന്നു. ഒരേക്കറോളം അടുപ്പിച്ച് പാടത്തിന്റെ കരയിൽ നിറയെ വൃക്ഷങ്ങൾ ഉള്ള പറമ്പിലായിരുന്നു ആ വീട്. ഈ വൃക്ഷങ്ങളിൽ നീർപക്ഷികൾ ചേക്കേറും. മുറ്റത്തിന്റെ ഒത്ത നടുക്ക് മനോഹരമായ ഒരു അശോകവൃക്ഷം ഉണ്ടായിരുന്നു. ചില കാലങ്ങളിൽ നിറയെ ആഭരണങ്ങൾ കണക്കെ പൂക്കൾ അണിഞ്ഞ് അവൾ മനോഹരിയാകും, ആ കാലത്ത് തേൻ കുടിക്കാനും പ്രാണികളെ പിടിക്കാനുമായി ധാരാളം പക്ഷികൾ അതിലെത്തും . ഡിസംബറോട് അടുപ്പിച്ച് ഈ മരത്തിൽ നീണ്ട വാലുകളുള്ള സുന്ദരനായ നാകമോഹനൻ (PARADISE FLYCATCHER) പക്ഷിയും അത്ര സുന്ദരിയല്ലാത്ത അതിന്റെ പിടയും വിരുന്നെത്തും. പ്രാണികളെയൊക്കെ പിടിച്ച് ഈ മരത്തിന് ചുറ്റും നൃത്തം വയ്ക്കുന്ന ഈ പക്ഷികൾ വല്ലാത്തൊരു കൗതുക കാഴ്ചയായിരുന്നു. ഏതാണ്ട് ഒരു രണ്ട് മാസത്തോളം അവിടെയൊക്കെ ചുറ്റിക്കറങ്ങി ഇവർ സ്വന്തം നാട്ടിലേക്ക് തിരിച്ചു പോകും.

എല്ലാ വർഷവും ദിശ തെറ്റാതെ ഹിമാലയത്തിന് അപ്പുറത്ത് നിന്ന് ഇങ്ങോട്ട് പറന്നെത്താൻ ഈ പക്ഷികളെ പ്രേരിപ്പിക്കുന്ന ഘടകം എന്താവാം ?

ശാസ്ത്ര ലോകത്തെ എല്ലാ കാലത്തും അത്ഭുതപ്പെടുത്തിയിരുന്ന ഒരു പ്രതിഭാസമാണ് പക്ഷികളുടെ ദേശാടനം. പ്രതികൂല കാലാവസ്ഥയും തീറ്റ ലഭ്യതക്കുറവുമാകാം അവയെ ദേശാടനത്തിന് പ്രേരിപ്പിക്കുന്നത്. ചെറിയ ദൂരം സഞ്ചരിക്കുന്നവരുമുണ്ട്. ആർട്ടിക ടേണുകളെപ്പോലെ മാസങ്ങൾ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്ത് എത്തുന്നവരുമുണ്ട്. പക്ഷികൾ മാത്രമല്ല മൃഗങ്ങളും ദേശാടനം നടത്താറുണ്ട്.

ദേശാടനത്തിന് പ്രേരിപ്പിക്കുന്നത് വിപരീത സാഹചര്യങ്ങളാണെങ്കിലും വഴി തെറ്റാതെ ഇത്ര ദൂരം സഞ്ചരിക്കാൻ അവർക്ക് എങ്ങനെ കഴിയു

ന്നു എന്നതിന് തൃപ്തികരമായ വിശദീകരണം നല്കാൻ ശാസ്ത്രത്തിന് ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. പക്ഷികളുടെ കണ്ണിലുള്ള CRYPTOCHROME (CRY4) എന്ന പ്രോട്ടീൻ ആണ് ഇതിന് സഹായിക്കുന്നത്. ഈ പ്രോട്ടീൻ ഭൂമിയുടെ കാന്തിക വലയം തിരിച്ചറിഞ്ഞ് ദിശ തെറ്റാതെ യാത്ര ചെയ്യാൻ പക്ഷികളെ സഹായിക്കുന്നു. സ്വീഡനിലെയും ജർമനിയിലെയും യൂണിവേഴ്സിറ്റികൾ നടത്തിയ പഠനം ഇത് ശരി വെയ്ക്കുന്നു. ദേശാടന കാലമാകുമ്പോൾ പക്ഷികളുടെ കണ്ണിൽ ഈ പ്രോട്ടീൻ കൂടുതലായി കാണാറുണ്ട്. ഈ പ്രോട്ടീൻ മാത്രമാണോ ദിശാബോധത്തിന്റെ കാരണം എന്ന് വിധിക്കുന്നതിന് മുമ്പ് കൂടുതൽ പഠനം നടത്തേണ്ടി വരും. പക്ഷികളുടെ കൊക്കിൽ കാണുന്ന MAGNETITE എന്ന ധാതു GPS പോലെ ദിശാസൂചികയായി പ്രവർത്തിക്കുന്നു എന്ന വാദഗതിയുമുണ്ട്.

ഭൂമിയുടെ കാന്തികവലയങ്ങൾ മാത്രമല്ല പകൽ സൂര്യനും, രാത്രിയിൽ നക്ഷത്രങ്ങളും ഇവർക്ക് വഴി കാട്ടാറുണ്ട്. എന്നാൽ വ്യാപകമാകുന്ന നഗരവത്ക്കരണം മൂലം വർദ്ധിച്ച വെളിച്ചം ഇവയുടെ കണക്കുകൂട്ടലുകൾ തെറ്റിക്കാറുണ്ട്. കാലാവസ്ഥാ വ്യതിയാനം ദേശാടനത്തിനെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകമാണ്.

ഓരോ ദേശാടനത്തിന് മുമ്പും പക്ഷികൾ സ്വന്തം ശരീരത്തെ ദീർഘ യാത്രയ്ക്ക് വേണ്ടി സജ്ജമാക്കും. ആദ്യമായി തൂവൽ പൊഴിച്ച് പുതിയ തൂവലുകൾ അണിഞ്ഞ് ചിറകുകളെ വായുചലനസജ്ജമാക്കും. അന്നനാളത്തിന്റെ നീളം കൂട്ടി കൂടുതൽ പോഷകങ്ങൾ ആഗിരണം ചെയ്ത് ശരീരത്തിലെ പോഷക കരുതൽ ശേഖരം വർദ്ധിപ്പിക്കും.

ഉഷ്ണമേഖല പ്രദേശം എന്ന നിലയിലും, ധാരാളം തണ്ണീർത്തടങ്ങൾ ഉള്ളതിനാലും കേരളം ദേശാടനപക്ഷികളുടെ പറുദീസയാണ്. ലോകത്ത് എല്ലായിടത്തുനിന്നുമുള്ള പക്ഷികൾ ഇവിടെ വിരുന്ന് വരാറുണ്ട്. എരണ്ടകൾ, സാന്റ് പൈപ്പറുകൾ, ഐബിസുകൾ, ഫ്ളെമിങ്ഗോകൾ, പെലിക്കണുകൾ എന്നിങ്ങനെ പോകും ഇവയുടെ പേരുകൾ.

നമ്മുടെ കാർഷിക വിളകളെയും , മൃഗങ്ങളെയും പ്രതികൂലമായി ബാധിക്കുന്ന പ്രാണികളെയും, പുഴുക്കളെയും ഇവ വ്യാപകമായി ആഹരിക്കും. ഇവയുടെ കാഷ്ഠം നമ്മുടെ മണ്ണിനെ സമ്പുഷ്ടമാക്കുന്നു. കീടനാശിനിയും, രാസവള പ്രയോഗവും വരുന്നതിന് മുമ്പ് ഇവയുടെ വരവിനെ കർഷകർ വ്യാപകമായി സ്വാഗതം ചെയ്തിരുന്നു. ഇത്തരം പക്ഷികൾ ചേക്കേറുന്ന പ്രദേശങ്ങളായ കുമരകം, തട്ടേക്കാട് തുടങ്ങിയ പ്രദേശങ്ങൾ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളാണ്. ടൂറിസം വ്യവസായം നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്രോതസ്സാണ്.

ദേശാടനപ്പക്ഷികളുടെ എണ്ണവും വൈവിധ്യവും പഠനവിഷയമാക്കുന്ന നിരവധി സർവേകൾ ഫോറസ്റ്റ് വകുപ്പിന്റെ സഹകരണത്തോടെയും അല്ലാതെയും നടക്കാറുണ്ട്. ഇവയിൽ നിന്ന് കിട്ടുന്ന കണക്കുകൾ പരിശോധിക്കുമ്പോൾ തൊണ്ണൂറുകൾക്ക് ശേഷം ദേശാടനപക്ഷികളുടെ എണ്ണത്തിൽ വലിയ കുറവ് കാണുന്നുണ്ട്. ആവാസവ്യവസ്ഥയിലെ കടന്നു കയറ്റം, നെൽക്കൃഷിയിൽ വന്ന കുറവ്, തണ്ണീർത്തടങ്ങൾ മണ്ണിട്ട് നികത്തുന്ന പ്രവണത, കൃഷിയിലെ രാസവളപ്രയോഗം എന്നിങ്ങനെ പോകുന്നു കാരണങ്ങൾ. ഇത്തരം സർവ്വേകളുടെ അടിസ്ഥാനത്തിൽ നമ്മുടെ നാട്ടിൽ വിവിധ കാലയളവിൽ , വിവിധ പ്രദേശങ്ങളിൽ എത്തിച്ചേരുന്ന പക്ഷികളുടെ സമഗ്ര വിവരങ്ങൾ ഒരു ബേർഡ് അറ്റ്ലസ് (Bird Atlas) ആയി ക്രോഡീകരിച്ചിട്ടുണ്ട്. ഇത് ഇന്റർനെറ്റിൽ ലഭ്യമാണ്.

ദേശാടനപ്പക്ഷികളുടെ ആവാസവ്യവസ്ഥയിലേക്ക് മനുഷ്യരുടെയും മറ്റ് ജന്തുജാലങ്ങളുടെയും കടന്നുകയറ്റം മൂലം പക്ഷിപ്പനി പോലുള്ള ജന്തുജന്യരോഗങ്ങൾ പടരാനുള്ള സാധ്യതയും കൂടിയിട്ടുണ്ട്.

ഏതായാലും ഇത്തരം ദേശാടനപ്പക്ഷികളുടെ വരവും പോക്കും അവയുടെ എണ്ണവും വൈവിധ്യവും ശാസ്ത്രീയമായി പഠിക്കുവാനും, അവ വാഹകരാകുന്ന രോഗങ്ങളെക്കുറിച്ച് കൂടുതൽ വിശദമായി മനസ്സിലാക്കാനും നമ്മുടെ വകുപ്പിനെ കൂടുതൽ സജ്ജമാക്കേണ്ടതുണ്ട്. ഏകാരോഗ്യം എന്ന ആശയത്തിലേക്കുള്ള വലിയ കാൽവെയ്പാകും ഇത്തരം ഗവേഷണങ്ങൾ.



ഡോ.സുനിൽ ജി
അസിസ്റ്റന്റ് ഡയറക്ടർ
പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം
വൈക്കം



ജന്തുജന്യരോഗങ്ങൾ ജാഗ്രതയോടെ സമീപിക്കാം....

ജരമുദ്രകൾ ചാർത്തിക്കൊണ്ട് വെസ്റ്റ്നൈൽ രോഗം, റേബീസ്, കുരങ്ങുപനി, വാനര വസൂരി തുടങ്ങിയ ജന്തുജന്യ രോഗങ്ങൾ (മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന രോഗങ്ങൾ) പടരുകയാണ്. അതിനാൽ തന്നെ കോവിഡാനന്തര വർത്തമാനകാലം ഏകാരോഗ്യത്തെക്കുറിച്ച് ചിന്തിക്കുന്നു. 'ഏകലോകം ഏകാരോഗ്യം' എന്ന സങ്കൽപ്പം എല്ലാ മുൻവിധികളെയും തിരുത്തിക്കൊണ്ട് നൂതന സങ്കേതങ്ങൾ തേടിക്കൊണ്ടിരിക്കുന്നു മൃഗങ്ങൾക്കും മാനസികജീവിതമുണ്ട് എന്ന ചിന്തയാണ് അടുത്ത കാലത്ത് പൊന്തിവന്നിരിക്കുന്ന 'സുബികിറ്റി' എന്ന ശാസ്ത്ര ശാഖയ്ക്കാധാരം. മെഡിസിൻ, വെറ്ററിനറി, ജീവപരിണാമസ്ഥിതിശാസ്ത്രങ്ങളുടെ വിസ്മയസങ്കലനമാണ് 'സുബികിറ്റി'. മനുഷ്യരിൽ കാണുന്ന അറുപത് ശതമാനത്തോളം പകർച്ചവ്യാധികളും ജന്തുജന്യരോഗങ്ങളാണ്. വർഷംതോറും 250 കോടി മനുഷ്യരിൽ ജന്തുജന്യരോഗങ്ങളുണ്ടാവുകയും 27 ലക്ഷം പേർ മരണപ്പെടുകയും ചെയ്യുന്നതായി ആരോഗ്യവിദഗ്ധർ പറയുന്നു. മനുഷ്യനും മൃഗവും തമ്മിലുള്ള ദൃഢമായ സഹവർത്തിത്തമാണതിനു കാരണം. കാലമേറെയായിട്ടും ജന്തുജന്യ രോഗങ്ങളിൽ ഏറ്റവും ഭീതിദവും ഭീകരവുമായത് റാബീസ് (പേവിഷബാധ) തന്നെയാണ്. തിരുവനന്തപുരത്ത് നഗരൂരും പഴയകുന്നുമ്മേലും 22 പേരെ ഒറ്റ രാത്രിയിൽ പേപ്പട്ടി കടിച്ച വാർത്തയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത് വിരാമമില്ലാതെ നായകടി തുടരുകയാണ്; ഒപ്പം അതിന്റെ ദുരിതങ്ങളും. ലോകത്ത് നടക്കുന്ന പത്ത് പേവിഷബാധാമരണങ്ങളിൽ നാലു പേർ കുട്ടികളാണെന്നാണ് കണക്ക്. ഇന്ത്യയിൽ പേബാധിച്ച നായയിൽ നിന്നും കടിയേൽക്കുന്നവരിൽ ഭൂരിഭാഗവും സാധാരണക്കാരാണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പേടിപ്പെടുത്തുന്ന പേവിഷബാധ മരണങ്ങൾ

ഒരിക്കൽ പ്രകടമായ റേബീസ് ലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാൽ ഒരു വൈദ്യശാസ്ത്രത്തിനും രോഗിയെ രക്ഷിക്കാനാകില്ല. മാത്രമല്ല രോഗിയുടെ അന്ത്യം ഭീകരവും വേദനാജനകവുമായിരിക്കുമെന്നതും റേബീസിനെ വേറിട്ട് നിർത്തുന്നു. ഇതൊരു വൈറസ് രോഗമാണ്. വിഷബാധയല്ല എന്നും വാക്സിനേഷൻ കൊണ്ട് പ്രതിരോധിക്കാമെന്നും ആർക്കും പറഞ്ഞുകൊടുക്കേണ്ടതില്ല, അത്രത്തോളം ശക്തമായിരുന്നു നമ്മുടെ നാട്ടിലെ ബോധവത്ക്കരണ പ്രവർത്തനങ്ങൾ. എന്നിട്ടുമെന്തേ നായ്ക്കുട്ടിയുടെ കടിയേറ്റിട്ടും കുത്തിവെയ്പ്പ് ഭയന്ന് പുറത്തു പറയാതെ ഒരു കുട്ടി കൂടി ഇവിടെ റേബീസ് മരണത്തിന് കീഴടങ്ങി?.

1885 ജൂലൈ 6ന് ലൂയിപാസ്റ്ററാണ് ലോകത്ത് ആദ്യമായി ഒരു വാക്സിൻ മനുഷ്യനിൽ പരീക്ഷിച്ചു വിജയം കണ്ടത്. പൊക്കിളിന് ചുറ്റുമുള്ള വേദനാജനകമായ 14 കുത്തിവെയ്പ്പുകൾ. 135 വർഷം പിന്നിടുമ്പോൾ മേൽചർമ്മത്തിനുകീഴെ ചെയ്യുന്ന ആധുനിക ടിഷ്യൂകൾച്ചർ വാക്സിൻ ലഭ്യമായിക്കഴിഞ്ഞിരിക്കുന്നു. വേദനയില്ലാത്ത നാല് ദിവസത്തെ (0–3–7–28) (Intradermal Rabies Vaccine IDRV) കുത്തിവെയ്പ്പുകൾ കടിയേറ്റ ഭാഗം പരിശോധിച്ച് നിർണ്ണയിക്കുന്നു. കൈവിരൽത്തുമ്പുകൾ, നെഞ്ച്, നെഞ്ചിന് മുകളിൽ തലച്ചോറുമായി അടുത്ത ഭാഗം എന്നിവിടങ്ങളിലെ നായകടി അപകടസാധ്യത കൂട്ടുന്നു. പേവിഷ വൈറസുകൾ രക്തത്തിലൂടെയല്ല ശരീരത്തിൽ പടരുന്നത്; ഞരമ്പുകളിലൂടെ (Nerve) ആണ്. IDRV ഏറെ ഫലപ്രദമായി കണ്ടുവരുന്നു. അഞ്ച് E കളാണ് ഇതിന്റെ സവിശേഷത: Economical (സാമ്പത്തികമെച്ചം), Effective (ഫലപ്രദം), Easy (ചെയ്യാൻ എളുപ്പം), Ethical (നൈതികം), Early immunity (നേരത്തെയുള്ള പ്രതിരോധ ശേഷി). 0.1 മി.ലി വാക്സിൻ മതി ഒരു കുത്തിവെയ്പ്പിന്. ആവശ്യമെങ്കിൽ റെഡിമെയ്ഡ് പ്രതിരോധ ഘടകങ്ങളടങ്ങിയ ഇമ്യൂണോഗ്ലോബുലിൻ കൂടി ആദ്യദിവസം കുത്തിവെയ്ക്കുന്നു. അമിതമായ കായികാധ്വാനം ഒഴിവാക്കണം എന്നല്ലാതെ പ്രത്യേക പഥ്യക്രമങ്ങളില്ല. നാരങ്ങ, കുമ്പളങ്ങ, കരിപ്പോട്ടി, വെള്ളം, കോഴിയിറച്ചി ഇവയ്ക്കൊന്നും പേവിഷബാധയുമായി ബന്ധമില്ല.

മുറിവിന്റെ പരിചരണം പരമപ്രധാനം

നായ കടിച്ചാലുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ കടിയേറ്റയാളെ കടുത്ത സന്ത്രാസത്തിലേയ്ക്ക് നയിച്ചേക്കാം. കടിയേറ്റ ഭാഗം സോപ്പുപയോഗിച്ച് (കാർബോളിക് സോപ്പ്) തണുത്ത വെള്ളത്തിൽ 15 മിനിട്ടെങ്കിലും കഴുകി വൃത്തിയാക്കുക. നായ കടിച്ച മുറിവ് സാധാരണ തുന്നാറില്ല. മുറിവിൽ സെട്രിമൈഡ് ചേർന്ന അണുനാശിനികൾ നിർദ്ദേശിക്കുന്നില്ലെങ്കിലും ബീറ്റാഡിൻ ലായനി ആൾക്കഹോൾ, സ്പിരിറ്റ് ഇവയിലേതെങ്കിലും പുരട്ടാവുന്നതാണ്. ഒന്നും പുരട്ടിയില്ലെങ്കിലും മഞ്ഞൾ, ഇലവർഗ്ഗങ്ങൾ എന്നിവയൊന്നും അരച്ച് പുരട്ടരുത്. എണ്ണ വർഗ്ഗങ്ങൾ, കരിയും ഉപ്പും ചേർന്ന മിശ്രിതം, തെങ്ങിന്റെ തളിരോലയിലെ പൊടി ഇവയൊന്നും അരച്ചിട്ട് മുറിവ് സങ്കീർണ്ണമാക്കാതെ വേഗം ആശുപത്രിയിലെത്തിക്കുക. രോഗിയ്ക്കേറ്റ മുറിവിന്റെ തീവ്രതയനുസരിച്ച് അവിടെ കുത്തിവെയ്പ്പു നിർദ്ദേശിക്കപ്പെടും.

മനുഷ്യനും മൃഗങ്ങൾക്കും പ്രത്യേക വാക്സിനുകളാണ്. നായകളെ മൂന്നുമാസം പ്രായത്തിൽ ആദ്യ വാക്സിനേഷനെടുക്കണം. പിന്നീട് ഒരു മാസത്തിനുശേഷം ബൂസ്റ്റർ, തുടർന്ന് വർഷംതോറും കുത്തിവെയ്പ്പുകൾ വേണം. ചികിത്സാർത്ഥം 0, 3, 7, 14, 28 ദിവസങ്ങളിൽ 5 കുത്തിവെയ്പ്പുകൾ; 1 മി.ലി വീതം. കന്നുകാലികളിൽ 0, 3 ദിവസങ്ങളിൽ ഒരു മി.ലി വീതവും ഏഴാം ദിവസം 2 മി.ലിയും 14, 28 ദിവസങ്ങളിൽ ഒരു മി.ലി എന്നതുമാണ് പുതുക്കിയ ഷെഡ്യൂൾ. മനുഷ്യരുടേയും മൃഗങ്ങളുടേയും റേബീസ് നിർണയത്തിനും വാക്സിനിലെ ടൈറ്റർ (Titre Value) നിർണയത്തിനും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പാലോട് പ്രവർത്തിക്കുന്ന SIAD ൽ (State Institute for Animal Desease) ആധുനിക ലബോറട്ടറി സംവിധാനം പ്രവർത്തിച്ചുവരുന്നു.

ഉത്തരവാദിത്തമുള്ള ഉടമകൾ

നായകളെ വളർത്തുന്നവർ ഉത്തരവാദിത്തമുള്ള ഉടമയായിരിക്കണം. നായക്ക് ലൈസൻസ് നിർബന്ധമാണെന്നും അത് തന്റെ കടമയാണെന്നുമുള്ള ബോധമുണ്ടാകണം. മാറുന്ന കാലത്തിനൊപ്പം ബോധ്യങ്ങൾക്കും മാറ്റമുണ്ടാകണം. നഗരങ്ങളിലും ഗ്രാമങ്ങളിലും അലഞ്ഞുതിരിയുന്ന തെരുവു നായകൾ നാടിന്നപമാനമാണ്. നായകളുടെ വംശവർധനവ് തടയുന്നതിന് പ്രചാരത്തിലുള്ള ABC (Animal Birth Control) പ്രോഗ്രാമും END (Early Neutering Dogs) പദ്ധതിയുമൊന്നും ലക്ഷ്യം കാണുന്നില്ല എന്നതാണ് വാസ്തവം. രാത്രി 10 മണിക്ക് ശേഷവും രാവിലെ 6 മണിക്ക് മുമ്പും തെരുവ് കീഴടക്കുന്ന മാംസദാഹികളായ

നായകളാണ് യഥാർത്ഥ തെരുവ് നായ്ക്കൾ. ഇത് പലർക്കുമറിയില്ല. അവയെ അധികൃതർ പാടെ അവഗണിച്ചിരിക്കുന്നു. അതേ, 'അതിന് സെൻസുവേണം' 'സെൻസിബിലിറ്റി' വേണം (ഒരു മമ്മൂട്ടി ഡയലോഗ്). മാലിന്യങ്ങൾ തെരുവിൽ വലിച്ചെറിയുന്ന പുത്തൻ പ്രവണതയ്ക്കെതിരെ ഒന്നിയ്ക്കണം. സ്വന്തം ബന്ധുക്കളോ പിഞ്ചോമനകളോ നായകടിയ്ക്ക് ഇരയാകുമ്പോൾ മാത്രം വിലപിച്ചിട്ടും പ്രതിഷേധിച്ചിട്ടും കാര്യമില്ല. തെരുവ് നായകൾ കേരളത്തെ കടിച്ചുകീറാതിരിക്കാൻ നിലവിലുള്ള നിയമമനുസരിച്ച് ബദലുകൾ ഇനിയും അകലെയാണ്.

കാടിറങ്ങിയ കുരങ്ങുപനി

കർണാടകവുമായി അതിർത്തി പങ്കിടുന്ന വയനാട് ജില്ലയിലാണ് കുരങ്ങുപനി അപൂർവ്വമായെങ്കിലും കണ്ടെത്തിയിട്ടുള്ളത്. കാട്ടികുളം, നൂൽപ്പുഴ എന്നിവിടങ്ങളിലൊക്കെ രോഗബാധ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

എന്താണ് കുരങ്ങുപനി ?

കുരങ്ങുകളിൽ കുരങ്ങുപനി അഥവാ ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് (KFD) 1957 ൽ തന്നെ ഇന്ത്യയിലുണ്ടായിരുന്നുവെന്നതാണ് സത്യം. കർണാടകയിലെ ഷിവമോഗ ജില്ലയിലെ ക്യാസന്നൂർ വനമേഖലയിലായിരുന്നു അത്. അങ്ങിനെയാണ് ഈ പേരുവന്നത്. 2019 ൽ 343 കേസുകൾ (ഷിവമോഗയിൽ) ഉണ്ടാവുകയും 23 മരണങ്ങൾ റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. ആർബോ വൈറസ്-ഫ്ളവി വൈറസ് കുടുംബത്തിലെ ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ് വൈറസാണ് രോഗകാരി. ഇവ രോഗബാധിതരായ കുരങ്ങുകളുടെ ശരീരത്തിലെ പട്ടുണ്ണി (Tick)യുടെ കടിയിലൂടെ മനുഷ്യരിലെത്തുന്നു. ഹീമോഫൈസാലിസ് സ്പിനിജരം വിഭാഗത്തിലുള്ള ചെള്ളിന്റെ (പട്ടുണ്ണി) ജീവിത ചക്രത്തിലെ (Life cycle) നിംഫ് ദശയിലുള്ളവയുടെ കടിയാണ് രോഗഹേതു. രോഗബാധയുള്ള മനുഷ്യരും രോഗം വ്യാപിപ്പിക്കുന്നു. 1970ലാണ് മനുഷ്യരിൽ സംശയാതീതമായി രോഗബാധ കണ്ടെത്തുന്നത്. കാട്ടിൽ വിറകിനും ഇരതേടിയും പോകുന്ന യാത്രയ്ക്കിടയിൽ കാടുകൾക്കിടയിലൂടെ യാത്ര ചെയ്യുമ്പോൾ ഇലകളിൽ ഇഴുകിച്ചേർന്നിരിക്കുന്ന രോഗകാരിയായ നിംഫിന്റെ കടിയേൽക്കുന്നു. കേരളത്തിൽ ഊരുകളിലെ ആദിവാസികളിലാണ് രോഗബാധ അധികം എന്നത് ശ്രദ്ധേയമാണ്.

രോഗവ്യാപനം

ശരീരസ്രവങ്ങൾ, കുരങ്ങുപനിയുണ്ടാക്കുന്ന വ്രണങ്ങൾ എന്നിവയിലൂടെയും വസ്ത്രങ്ങൾ, കിടക്ക പങ്കിടൽ എന്നിവയിലൂടെയും കുരങ്ങുപനി ബാധിച്ച കുരങ്ങുകളുമായും മനുഷ്യരുമായുള്ള സമ്പർക്കവും കുരങ്ങു ചെള്ളുകളുടെ കടിയും രോഗവ്യാപന സാധ്യത വർദ്ധിപ്പിക്കുന്നു.

രോഗലക്ഷണങ്ങൾ

നെറ്റിപിളരുന്ന തലവേദന, കടുത്ത പനി, വിറയൽ, പേശിവേദന, ഛർദ്ദി, കോച്ചിപ്പിടുത്തം, ത്വക്ക്, തൊണ്ട, മോണ എന്നിവയിലൂടെ രക്തസ്രവം, ഉദരവേദന, ലിംഫ് ഗ്രന്ഥികളിലെ വീക്കം എന്നിവയാണ് കുരങ്ങുപനിയുടെ പ്രാഥമിക ലക്ഷണങ്ങൾ. വൈറസ് ശരീരത്തിൽ പ്രവേശിച്ച് 3-8 ദിവസത്തിനുള്ളിൽ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടും. താണ രക്തസമ്മർദ്ദം, കുറഞ്ഞ പ്ലേറ്റ്ലെറ്റ് കൗണ്ട്, ആർ.ബി.സി, WBC എന്നിവയും കാണപ്പെടാം. പിന്നീട് ചിക്കൻ പോക്സിലുണ്ടാകുന്നതുപോലെ കുമിളകൾ മുഖത്തും ശരീരത്തിലും പ്രത്യക്ഷപ്പെടും. 1-2 ആഴ്ചകൾക്കുള്ളിൽ വലിയ ശല്യക്കാരനാകാതെ രോഗം ശമിക്കുകയാണ് പതിവ്. ചിലർക്ക് (10-20 ശതമാനം) 3 ആഴ്ചകൾക്കുശേഷം രോഗം കടുക്കും. ഈ അവസ്ഥയിൽ ഞരമ്പുകളെ (Nerve) ബാധിക്കുമ്പോഴുള്ള കോച്ചിവലിച്ചിലും മറ്റുമുണ്ടാകാം. മരണനിരക്ക് 3-5 ശതമാനം മാത്രമേയുള്ളൂ എന്നതിനാൽ പരിഭ്രാന്തി വേണ്ട. ELISA, RTPCR എന്നീ പരിശോധനകൾ രോഗനിർണ്ണയത്തെ എളുപ്പമാക്കുന്നു.

പ്രതിരോധം

നിലവിലെ രോഗബാധയുടെ പശ്ചാത്തലത്തിൽ ലോകാരോഗ്യ സംഘടന പഠനങ്ങൾ നടത്തുന്നതേയുള്ളൂ. ലക്ഷണങ്ങൾക്കനുസൃതമായ ചികിത്സയാണുള്ളത്. വനാതിർത്തിയിലുള്ളവരും കുരങ്ങുകളുടെ വിഹാര കേന്ദ്രങ്ങളിലുമായി സമ്പർക്കത്തിലേർപ്പെടുന്നവരും നിതാന്ത ജാഗ്രത പുലർത്തണം. കുരങ്ങു ചെള്ളുകളുടെ കടിയേൽക്കാത്ത വിധമുള്ള വസ്ത്രധാരണം നിർബന്ധ ശീലമാക്കണം. കുരങ്ങ്- പട്ടുണ്ണി- മനുഷ്യൻ ചങ്ങല പൊട്ടിക്കുകയേ രക്ഷാമാർഗ്ഗമുള്ളൂ. കുരങ്ങുപനിയ്ക്കെതിരെ വാക്സിനേഷൻ ഫലപ്രദമെങ്കിലും ഗവേഷണങ്ങൾ നടക്കുന്നതേയുള്ളൂ. ഫോർമാലിൻ ഇനാക്റ്റിവേറ്റഡ് ടിഷ്യു കൾച്ചർ വാക്സിൻ ഡിസംബറിനും മാർച്ചിനുമിടയിൽ ഓരോ വർഷവും ചെയ്യണമെന്നാണ്

ശാസ്ത്രമതം. പുതിയ വാക്സിനുകൾക്കായി നമുക്ക് കാതോർക്കാം. കാടിറങ്ങിയ കുരങ്ങു പനിക്കെതിരെ കാടിന്റെ മക്കൾ നിതാന്ത ജാഗ്രത പുലർത്തണം.

വാനരവസൂരി (കുരങ്ങ് വസൂരി)

യൂറോപ്പിന് പിന്നാലെ അമേരിക്കയിലും യു.എ.ഇയിലും ഹംഗറിയിലും കുരങ്ങുപനി പടരുന്നു എന്ന തരത്തിൽ നമ്മുടെ ചാന ലുകൾ വാർത്തകളുടെ ഒരു പരമ്പര തന്നെ സൃഷ്ടിക്കുകയാണ്. യഥാർത്ഥത്തിൽ കാന ഡയിലും ഇംഗ്ലണ്ടിലും ജർമ്മനി, ഇറ്റലി, നെ തർലാൻഡ്സ്, സ്വീഡൻ എന്നിവിടങ്ങളിലും സ്പെ യിനിലും പോർച്ചുഗലിലുമൊക്കെ കണ്ടെത്തിയത് കുരങ്ങു വസൂരി അഥവാ വാനര വസൂരിയാണ്. കുരങ്ങുപനി (ക്യാസന്നൂർ ഫോറസ്റ്റ് ഡിസീസ്) ആണെന്നു തെറ്റിദ്ധരിക്കയാണുണ്ടായത്. 1970 വരെ 11 ലധികം ആഫ്രിക്കൻ രാജ്യങ്ങളിൽ കുരങ്ങു വസൂരി കണ്ടെത്തിയിരുന്നു. ആഫ്രിക്കയിൽ മാത്രമുണ്ടായിരുന്ന വാനരവസൂരി ലോകത്തിന്റെ മറ്റു ഭാഗങ്ങളിലേക്കും വ്യാപിക്കുകയാണ്.

രോഗ കാരണം

ഓർത്തോപോക്സ് ജനുസിൽപ്പെട്ട പോക്സ് വൈറിഡേ കുടുംബത്തിൽപ്പെട്ട മങ്കിപോക്സ് വൈറസാണ് രോഗമുണ്ടാക്കുന്നത്. മനുഷ്യരിൽ നിന്നും മനുഷ്യരിലേയ്ക്ക് രോഗം പകരുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലെത്തുന്ന ഒരു ജന്തുജന്യ രോഗം. കുരങ്ങുപനി, മനുഷ്യരിൽ നിന്ന് മനു ഷ്യരിലേക്കുള്ള രോഗപ്പകർച്ച വിരളമാണ്.

രോഗപ്പകർച്ച

രോഗം ബാധിച്ചവരുമായുള്ള സമ്പർക്കം, ഗാഢചുംബനം, കിടക്ക പങ്കിടൽ, രോഗാണു കലർന്ന വസ്തുക്കൾ, രോഗമുള്ള കുരങ്ങുകൾ, ശ്വാസകോശ ജലകണങ്ങൾ (സ്രവങ്ങൾ) എന്നിവ രോഗം വ്യാപിപ്പിക്കുന്നു. സ്വവർഗ്ഗാ നുരാഗികളുടെ ഇടയിൽ രോഗപ്പകർച്ചയ്ക്ക് സാധ്യതയേറെയെന്നാണ് പഠനം. സുരക്ഷിത മല്ലാത്ത ലൈംഗികബന്ധത്തിലൂടെയും രോഗം പകരാതിരിക്കാൻ ജാഗ്രത പുലർത്തണം.

ലക്ഷണങ്ങൾ

കുരങ്ങുപനിയുടെ ലക്ഷണങ്ങളെ കൂടാതെ ലിംഫ് ഗ്രന്ഥികളിലെ വീക്കം, താഴ്ന്ന രക്ത സമ്മർദ്ദം, മുഖത്തും കൈകാലുകളിലും ശരീരത്തിലും പ്രത്യക്ഷപ്പെടുന്ന വസൂരിപോലുള്ള പൊള്ളലുകൾ. രോഗാരംഭകാലം (ഇൻക്യുബേ ഷൻ കാലം) 6-13 ദിവസങ്ങളാണ്.

ഒന്ന്-രണ്ട് ആഴ്ചകൾക്കുശേഷം രോഗം ശമിക്കുകയാണ് പതിവ്. ചിലർക്ക് മൂന്ന് ആഴ്ചകൾക്കുശേഷം കടുക്കുന്നതായും കാണുന്നു. ചിലപ്പോൾ ഞെരമ്പുകളേയും ബാധിക്കാം. രണ്ടുമുതൽ നാല് ആഴ്ചവരെ ലക്ഷണങ്ങൾ നീണ്ടുനിൽക്കും. പ്രത്യേക ചികിത്സയില്ല. വാക്സിനേഷൻ നിലവിലുണ്ട്.

മാറിയ സാഹചര്യത്തിൽ ജന്തുജന്യരോഗമായ വാനരവസൂരിയേയും ജാഗ്രതയോടെ കാണണം. വന്യമൃഗങ്ങളുടെ (പ്രത്യേകിച്ച് കുരങ്ങുകൾ) മാംസം, രക്തം, സ്രവങ്ങൾ, വ്രണങ്ങൾ എന്നിവയുമായുള്ള സമ്പർക്കം ഒഴിവാക്കണം. മാംസം നന്നായി വേവിച്ച് കഴിക്കണം. വൈറസ് ബാധയുണ്ടെന്ന് സംശയിക്കുന്ന മൃഗാരോഗ്യ പ്ര വർത്തകർ ജാഗ്രത പുലർത്തണം.

വെസ്റ്റ്നൈൽ ഡിസീസ്

വെസ്റ്റ്നൈൽ ഡിസീസ് ഒരു പുതിയ രോഗമല്ല. 1937 ൽ ഉഗാണ്ടയിലെ വെസ്റ്റ്നൈൽ ജില്ലയിലാണ് ഈ വൈറസ് രോഗം ആദ്യമായി പ്രത്യക്ഷപ്പെട്ടത്. 1956ൽ കാക്കകളിലും പ്രാവിനങ്ങളിലും കണ്ടെത്തി. 1999-2010 കാലത്ത് അമേരിക്കയിൽ രോഗബാധയെത്തിയപ്പോഴാണ് പൊതുജനാരോഗ്യശ്രദ്ധ രോഗം പരത്തുന്ന കൊതുകുകളിലെത്തുന്നത്. 2019ൽ മലപ്പുറത്ത് മുഹമ്മദ് ഷാൻ എന്ന പിഞ്ചുബാലൻ ഈ രോഗംമൂലം മരണമടഞ്ഞ വാർത്ത ആശങ്കയോടെയാണ് കേരളം കണ്ടത്. 2011 ൽ ആലപ്പുഴയിലാണ് നമ്മുടെ സംസ്ഥാനത്ത് രോഗമെത്തിയത്. ഇപ്പോൾ രോഗബാധയേറ്റ് മൂന്നുവർഷത്തിനുശേഷമാണ് തൃശൂരിലെ മരണം.

ജപ്പാൻ ജ്വരമുണ്ടാക്കുന്ന ഫ്ളേവി വൈറിഡേ കുടുംബത്തിലെ ഫ്ളേവി വൈറസ് ജനുസിൽപ്പെട്ട വൈറസുകളാണ് ഈ രോഗത്തിനും കാരണം. രോഗം ബാധിച്ച പക്ഷികളുടെയും (പ്രധാന മായും കാക്കകൾ) മറ്റും രക്തം കുടിച്ച് മദിക്കുന്ന ക്യൂലെക്സ് ഇനത്തിൽപ്പെട്ട രോഗവാഹകരായ കൊതുകുകൾ കടിക്കുന്നതിലൂടെയാണ് മനു ഷ്യർക്ക് രോഗം പകരുന്നത്. സന്ധ്യമുതൽ പ്രഭാതംവരെയുള്ള ഇത്തരം കൊതുകുകടി അപ കടകരം തന്നെ. മരണം ഒച്ചയുണ്ടാക്കാതെ വളരെ നിശ്ശബ്ദതയോടെയാണെത്തുക. രോഗബാധയേറ്റ മൃഗങ്ങളുമായോ മൃഗങ്ങളുടെ രക്തവുമായോ

സമ്പർക്കവും സൂക്ഷിക്കണം. അവയവമാറ്റം, രക്തദാനം, മുലപ്പാൽ എന്നിവയിലൂടെയുള്ള പകർച്ച സംഭവ്യമെങ്കിലും അപൂർവ്വമാണ്. മനുഷ്യരിൽ നിന്നും മനുഷ്യരിലേക്ക് രോഗം പകരില്ല എന്നത് ഏറെ ആശ്വാസകരമാണ്. രോഗിയെ തൊട്ടാലോ ചുംബിച്ചാലോ രോഗിയെ ശുശ്രൂഷിച്ചവരുമായി സമ്പർക്കമുണ്ടായാലോ ഒന്നും രോഗം പകരില്ല. (ലബോറട്ടറി പരിശോധകരിൽ രോഗബാധയേറ്റതായി ലോകാരോഗ്യ സംഘടനയുടെ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്.)

രോഗബാധയേൽക്കുന്ന 150 പേരിൽ ഒരാൾക്കു മാത്രമേ ഗുരുതരമായ രോഗലക്ഷണങ്ങളുണ്ടാകാൻ സാധ്യതയുള്ളൂ. അഞ്ചിൽ നാലുപേർക്കും ഒരു ലക്ഷണവും ഉണ്ടായെന്നുവരില്ല. അതായത് രോഗബാധയുടെ ലക്ഷണങ്ങൾ അഞ്ചിലൊരാൾക്ക് മാത്രം. രോഗവാഹകരായ കൊതുകുകളുടെ കടിയേൽക്കുന്നവരിൽ ഒരു ശതമാനത്തിന് താഴെയുള്ളവർക്ക് മാത്രമേ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുണ്ടാകുന്നുള്ളൂ. കുട്ടികളെയും 60 വയസ്സ് കഴിഞ്ഞവരേയും പ്രത്യേകിച്ച് ക്യാൻസർ, ഡയബറ്റീസ്, ഹൈപ്പർടെൻഷൻ, വൃക്കരോഗങ്ങൾ എന്നീ രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവരേയുമാണ് സാധാരണ രോഗം ബാധിക്കുക. 60–80 ശതമാനം രോഗികളിൽ രോഗലക്ഷണങ്ങൾ തന്നെ ഉണ്ടാകണമെന്നില്ല. മരണനിരക്ക് 3–15 ശതമാനമാണ്. ഒരിയ്ക്കൽ രോഗം വന്നുപോയ ആൾക്ക് പിന്നീട് രോഗസാധ്യത കുറവാണ്.

ലക്ഷണങ്ങൾ

കടുത്ത പനി, തലവേദന, ക്ഷീണം, ഓക്കാനം, ഛർദ്ദി, തൊലിയിൽ ചൊറിച്ചിലും പാടുകളും, ലിംഫ് ഗ്രന്ഥി വീക്കം, തീവ്രാവസ്ഥയിൽ തലച്ചോറിന് ബലക്ഷയം, തളർവാതം തുടങ്ങി കോമാ സ്റ്റേജിൽ വരെ എത്തുന്നു Encephalitis, Meningitis, Meningo encephalitis എന്നിവയുണ്ടാകുമെങ്കിലും തലച്ചോറിന് ക്ഷതമുണ്ടാകുന്നില്ല. ഓർമ്മക്കുറവും അംഗവൈകല്യവുമൊക്കെ ചിലപ്പോൾ പ്രതീക്ഷിക്കാം. രോഗം മാറിയാലും ക്ഷീണവും ബുദ്ധിമുട്ടുകളും ആഴ്ചകളോ മാസങ്ങളോ നീണ്ടുനിൽക്കും. കഠിനമായ രോഗബാധയേറ്റാൽ പത്തിലൊരാൾ കേന്ദ്രനാഡീ വ്യൂഹക്ഷതത്താൽ മരണപ്പെട്ടെന്നു വരാം.

രോഗ നിർണ്ണയം

എലിസാ, RTPCR എന്നീ ടെസ്റ്റുകളിലൂടെ രോഗം നിർണ്ണയിക്കാം.

ഭോപ്പാൽ, ഹിസ്സാർ തുടങ്ങി രാജ്യത്ത് പല പരിശോധന ലാബുകളിലും രോഗ നിർണ്ണയ സൗകര്യമുണ്ട്. പക്ഷികളുടെ പരിശോധനയ്ക്കായി പാലോടുള്ള SIAD (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ആനിമൽ ഡിസീസസ്) ലാബ് സുസജ്ജമാണ് (I.S.O Certified Lab).

മനുഷ്യരിൽ ലക്ഷണങ്ങൾക്കനുസൃതമായ ചികിത്സയല്ലാതെ പ്രത്യേക ചികിത്സയോ വാക്സിനേഷനോ ഇല്ല. ഗൾഫുനാടുകളിൽ കുതിരകൾക്ക് പ്രതിരോധ വാക്സിൻ ലഭ്യമാണ്.

കൊതുക് (ക്യൂലെക്സ്) - പക്ഷി- കൊതുക്- മനുഷ്യൻ എന്നതാണ് രോഗചംക്രമണ രീതി എന്നതിനാൽ കൊതുകുനശീകരണവും കൊതുകുകടിയേൽക്കാതെ മുൻകരുതലെടുക്കുകയും പരമപ്രധാനമാണ്. കാക്ക (കോർവിഡേ ഇനം) പ്രാവിനങ്ങൾ, മൂങ്ങ എന്നിവയൊക്കെ വൈറസിന്റെ റിസർവയർ ഹോസ്റ്റുകളാണ്. പക്ഷികൾക്ക് കൊതുകുകടിയിലൂടെയല്ലാതെയും വൈറസ് ബാധ ഉണ്ടാകാറുണ്ട്. കൊതുകുവല, ശരീരം മുഴുവൻ മൂടുന്ന തരത്തിലുള്ള വസ്ത്രധാരണം, അറവുകേന്ദ്രങ്ങളിൽ കൈയ്യുറകളുടെ ഉപയോഗം എന്നിവ ശീലമാക്കണം. ശക്തമായ ബോധവത്ക്കരണം വിപുലപ്പെടുത്തണം. പ്രതിരോധം പരമപ്രധാനം.

ചെള്ളുപനി (സ്ക്രബ് ടൈഫസ്)

ഇതൊരു പുതിയ രോഗമല്ല. കേരളത്തിൽ ചെള്ളുപനി (സ്ക്രബ് ടൈഫസ്) റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പൊതുജനങ്ങൾ ഈ ജന്തുജന്യരോഗത്തെപ്പറ്റി ജാഗ്രത പുലർത്തണം.

ഒറിയൻസിയ സുറ്റ്സുഗാമുഷി (Orientia tsutsugamushi) എന്ന ബാക്ടീരിയയാണ് ചെള്ളുപനിക്ക് കാരണം. (റിക്കറ്റ്സിയാ പ്രൊവാസെകി) രോഗവാഹിയായ ചെള്ളും പേനും മൂലമുള്ള കടികൾ സൂക്ഷിക്കണം. മൂന്നുതരത്തിലുള്ള ടൈഫസ് രോഗം നിലവിലുണ്ട്. എപ്പിഡമിക് ടൈഫസ്, എൻഡമിക് ടൈഫസ് & സ്ക്രബ് ടൈഫസ്. ഒന്നാമത്തേത് പേനിലൂടെ പകരുന്നു. രണ്ടാമത്തേത് എലിച്ചെള്ളോ പൂച്ചയുടെ മേലുള്ള ചെള്ളോ ആണ് രോഗവാഹകർ, പ്രത്യേകിച്ച് എലിച്ചെള്ള്.

സ്ക്രബ് ടൈഫസ് രോഗമുണ്ടാക്കുന്ന ഒറിയന്റാ സുറ്റ്സുഗാമുഷി ബാക്ടീരിയ ഇത്തരം ലാർവകളുടെ കടിയിലൂടെയാണ് മനുഷ്യ ശരീരത്തിൽ കടക്കുന്നത്.

രോഗപ്പകർച്ച

പുരുക്കത്തിൽ പേൻ, ചിഗ്ഗേഴ്സ് ഇനത്തിലുള്ള ചെള്ള്, നായുണ്ണി, ചിലതരം സസ്തനികൾ തുടങ്ങിയ ജീവികൾ മനുഷ്യരെയോ രോഗം ബാധിച്ച എലി, പൂച്ച, നായ, കരണ്ടുതിന്നുന്ന അണ്ണാൻ പോലുള്ള ജീവികൾ എന്നിവയെയോ കടിച്ചാൽ ബാക്ടീരിയ വാഹകരായി മാറുന്ന ഇത്തരത്തിലുള്ള കീടങ്ങളുമായി സമ്പർക്കപ്പെട്ടാൽ രോഗബാധ ഉറപ്പ്. രോഗികളുടെ വിസ്സർജ്ജ്യങ്ങളിലും അണുക്കളുണ്ടാകും.

ലക്ഷണങ്ങൾ

* പനിയും ശരീരത്തിൽ കറുത്ത തടിപ്പുകളും
* പ്രാണി കടിയേറ്റ് 10 ദിവസത്തിനകം ലക്ഷണങ്ങൾ
* പനിക്കും കുളിരിനും പുറമേ തലവേദന, ശരീരവേദന, പേശീവേദന, ചുമ, വിറയൽ, ദഹനപ്രശ്നങ്ങൾ
* തീവ്രാവസ്ഥയിൽ രക്തസ്രാവം, ശ്വാസവിമ്മിട്ടം, അവയവസ്തംഭനം, മരണം.
* ചുണങ്ങ്, പ്ലീഹവീക്കം, ലിംഫ് അഡിനോപ്പതി എന്നിവ സാധാരണ അടയാളങ്ങളാണ്.

പ്രതിരോധം

പരിസര ശുചീകരണം, കൊതുകുവല ഉപയോഗം, ചെള്ള് നശീകരണം എന്നിവയിലൂടെ പ്രതിരോധിക്കാം. ഓമന മൃഗങ്ങളുമായുള്ള സമ്പർക്കം കഴിയുന്നത് ഒഴിവാക്കണം. ഡോക്സി സൈക്ലിൻ, അസിത്രോമൈസിൻ എന്നീ ആന്റിബ യോട്ടിക്കുകൾ പാർശ്വബു ദ്ധിമുട്ടുകൾ കുറയ്ക്കും.

ഡോ. എൻ. അജയൻ
ജോയിന്റ് ഡയറക്ടർ (റിട്ട.)
മൃഗസംരക്ഷണ വകുപ്പ്
9447324846

വേനൽച്ചൂടിൽ വലഞ്ഞൊരു നാളിൽ

അന്ന് ഒരു വിഷു ദിവസമായിരുന്നു. വഴിനീളെ ധനാഢ്യരായി സ്വർണ്ണ ശോഭയോടെ നിന്നിരുന്ന കൊന്നമരങ്ങൾ എല്ലാം തിളക്കമറ്റ് മുഖം താഴ്ത്തി നിൽപ്പുണ്ടായിരുന്നു. എല്ലാ തിളക്കങ്ങളും കണ്ണനെ കാണാൻ പോയത്രേ. ആരോടോ ഉള്ള ദേഷ്യം തീർക്കാനെന്ന വണ്ണം സൂര്യൻ മുകളിൽ നിന്ന് കത്തിയെരിയുന്നുണ്ടായിരുന്നു.

എല്ലാവരും വിഷുത്തിരക്കിലായിരിക്കുമല്ലോ എന്ന് വിചാരിച്ചാണ് ആശുപത്രിയിലേക്ക് പോയത്. പ്രതീക്ഷക്ക് വിപരീതമായി എന്നെ കാത്തു ഒരുപാട് പക്ഷിമൃഗാദികൾ ചികിത്സക്കായി എത്തിയിരുന്നു. അയൽ പഞ്ചായത്തിലെ ആളുകളും സന്നിഹിതരായിരുന്നു.

ഒരു കുത്തിവയ്പ്പ് നൽകുന്നതിനായി കയ്യിൽ കിടന്ന വാച്ച് അഴിച്ചപ്പോഴാണ് സൂര്യന്റെ ദേഷ്യ ഫലം കണ്ടത്. വാച്ചിരുന്നതിന് ചുറ്റുമുള്ള ഭാഗം കരിഞ്ഞിരിക്കുന്നു.

ഒറ്റയാൾ പട്ടാളമായി എല്ലാവരെയും പറഞ്ഞുവിട്ട് ഒന്ന് മുരി നിവർന്ന് ഇരിക്കുമ്പോഴാണ് ഒരാൾ ഓടി പാഞ്ഞു വന്നത്. 'ഓർമ്മയില്ലല്ലോ ഈ മുഖം' എന്ന് ചിന്തിക്കുമ്പോഴേക്ക് ആശുപത്രിയുടെ അയൽവാസിയായ മുരുകൻ ചേട്ടൻ പിറകെ കയറി വന്നു.

'സാറെ ഇയാൾടെ പശു മേയാൻ വിട്ട പാടത്ത് വീണു കിടക്കുവാ'.

'ഈ നട്ടപ്ര വെയിലത്തു മേയാൻ വിടാൻ തന്നോടാര് പറഞ്ഞെടോ മനുഷ്യാ' എന്ന് ദേഷ്യത്തോടെ മനോഗതം നടത്തി ഞാൻ ഇരിക്കുമ്പോൾ 'സാറ് പോവുവാല്ലേ' എന്ന് അയാളുടെ ചോദ്യം. എന്നിട്ട് മുഖത്തെ വിയർപ്പ് തുടച്ച് പ്രതീക്ഷയോടെ എന്നെ നോക്കി.

'എവിടാ സ്ഥലം? നിങ്ങളെ ഇതിന് മുൻപ് കണ്ടിട്ടില്ലല്ലോ' ? ഞാൻ ആരാഞ്ഞു.

'സാറെ ഇയാൾ കണ്ണമ്പ്രന്നാ. ഞാനാ പറഞ്ഞത് സാറിവിടെ കാണുമെന്ന്.' മറുപടി മുരുകൻ ചേട്ടനാണ് പറഞ്ഞത്.

എങ്ങനെ പുറത്തിറങ്ങും എന്ന് ചിന്തിക്കു അധികം താമസിക്കാതെ ഒരു ഓട്ടോ

യിൽ പുറപ്പെട്ടു. സഹായത്തിന് ആളില്ലെന്ന് കണ്ടപ്പോൾ മുരുകൻ ചേട്ടനും കൂടെ വന്നു.

ചെന്നുനോക്കുമ്പോൾ കൊയ്ത്തുകഴിഞ്ഞ ഒരു പാടത്തിന്റെ ഒത്ത നടുവിലാണ് പശു കിടക്കുന്നത്. മുൻപേ പാഞ്ഞു പോകുന്ന ആ മനുഷ്യനെ വിളിച്ച് കണ്ണ് പൊട്ടുന്ന വഴക്ക് പറയാൻ ആണ് എനിക്ക് അപ്പോൾ തോന്നിയത്.

'നിങ്ങൾക്ക് വേറെ ഒരു സമയോം സ്ഥലോം കിട്ടിയില്ലേ ഇവളെ മേയാൻ വിടാൻ?' ഞാൻ അയാളോട് ചോദിച്ചു.

അയാൾ പറഞ്ഞു 'ഡോക്ടറേ ഞാൻ രാവിലെ വെയില് വരുന്നതിനുമുമ്പ് മേയാൻ വിട്ടതാ. തിരിച്ചുകൊണ്ടുപോകാൻ ഇന്ന് ഇത്തിരി വൈകിപ്പോയി. എനിക്ക് റബർ വെട്ടാണേ. ഇന്ന് ഷീറ്റ് കൊടുത്ത് വരാൻ വൈകി. വന്നു നോക്കുമ്പോൾ പശു ഇവിടെ കിടക്കുന്നു.'

ഞാൻ ചുറ്റും നോക്കി. ഒരു കാക്കത്തണൽ പോലുമില്ല. സൂര്യൻ നേരെ മുകളിൽ നിന്ന് പൊള്ളുന്നുണ്ടോ പൊള്ളുന്നുണ്ടോ എന്ന് ചോദിക്കുന്നു.

വേറെ നിവൃത്തിയില്ലല്ലോ. ഞാൻ ബാഗ് തുറന്ന് അതിലുള്ള ഫ്ളൂയിഡ് എടുത്ത് അവളുടെ ജുഗുലാറിലേക്ക് നിർദ്ദാക്ഷിണ്യം കയറ്റാൻ തുടങ്ങി.

'സാറെ വല്ലാത്ത ദാഹം. ഞാൻ ഒരു സോഡ വാങ്ങി വരാം. സാറിന് വേണോ.' മുരുകൻ ചേട്ടനാണ്.

ഫ്ളൂയിഡ് കയറിയപ്പോൾ പശു ഒന്ന് തല ചെരിച്ചു ചാരിതാർത്ഥ്യത്തോടെ എന്നെ നോക്കി.

'ഹോ എന്റെ പശുവേ, വല്ലാത്ത മേച്ചിലായി നിന്റെ. ഇവിടെത്തന്നെ വന്ന് കിടക്കണം. കലക്കി'. ഞാൻ എന്റെ മനോഗതം മുഖത്ത് വരുത്തി ദയനീയമായി അവളെ നോക്കി.

കുറച്ചു വെള്ളം കുടഞ്ഞപ്പോൾ അവൾ തല കുലുക്കി പതുക്കെ എഴുന്നേറ്റു. അവളെ പതിയെ നടത്തിച്ച് ഒരു തണലിലേക്ക് കൊണ്ടുപോയി.

'ഡോക്ടറെ ദാ ഈ സോഡ കുടിച്ചോളൂ. എന്താ ചൂട് ല്ലേ'. മുരുകൻ ചേട്ടൻ കൊണ്ട് വന്ന സോഡ എനിക്ക് നേരെ നീട്ടി അയാൾ പറഞ്ഞു.

അത് കുടിച്ചു കൊണ്ടിരിക്കെ ഞാൻ പറഞ്ഞു 'നിങ്ങൾ കുറച്ചൂടി കഴിഞ്ഞു വന്നിരുന്നെങ്കിൽ അവളെ ഒരുപക്ഷേ കിട്ടില്ലായിരുന്നു. ഇപ്പൊ തന്നെ നിങ്ങൾക്ക് സോഡാ കുടിക്കാൻ തോന്നി അപ്പോൾ അവൾ എന്ത് ചെയ്യാനാ. വേനൽക്കാലമായാൽ ഇവരെ സംബന്ധിച്ച് ഒരു പാട് കാര്യങ്ങൾ നിങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്'.

മുരുകൻ ചേട്ടൻ പറഞ്ഞു 'സാറേ ഞങ്ങൾ എന്തൊക്കെയാ ശ്രദ്ധിക്കേണ്ടതെന്ന് പറഞ്ഞാൽ ഉപകാരമായിരുന്നു. അങ്ങനെ ചെയ്യാലോ.'

'നിങ്ങൾ ശ്രദ്ധിക്കേണ്ട പ്രധാനകാര്യം ഇങ്ങനത്തെ പൊരിവെയിലത്ത് മേയാൻ വിടാതിരിക്കലാണ്. ഒന്നുകിൽ വെയിൽ ആകുന്നതിന് മുമ്പ് രാവിലെ, അല്ലെങ്കിൽ വെയിൽ മാറിയ ശേഷം വൈകുന്നേരങ്ങളിൽ മേയാൻ വിടുക. രാവിലെ 9 മണിക്ക് മുൻപും വൈകിട്ട് 5 മണിക്ക് ശേഷവുമാണേൽ ഉത്തമം. മാത്രമല്ല മേയാൻ വിടുന്ന സ്ഥലത്ത് വെള്ളത്തിന് എന്തെങ്കിലും ഒരു വഴി നിർബന്ധമായും ഉണ്ടായിരിക്കണം. കുറഞ്ഞത് നാൽപത് ലിറ്ററെങ്കിലും വെള്ളം ദിവസവും അവർക്ക് കൊടുക്കണം. ഈ ചൂടത്ത് കുറച്ചുനേരം നിൽക്കുമ്പോഴേക്കും നിങ്ങൾക്ക് വെള്ളം ആവശ്യം വന്നില്ലേ? അപ്പൊ അവരുടെ അവസ്ഥ ഒന്നാലോചിച്ചു നോക്കൂ. പറയാനും വയ്യല്ലോ, മിണ്ടാപ്രാണികൾ അല്ലേ. ഏതെങ്കിലും മരത്തണലത്തേക്ക് മാറിനില്ക്കാൻ പറ്റുന്നിടത്ത് കയർ നീട്ടിയിട്ട് വേണം കെട്ടാൻ. വേനലായാൽ കറവുമാടുകൾക്ക് 30 ഗ്രാം കാൽസ്യം പൊടി, 50 ഗ്രാം ഉപ്പ്, 25 ഗ്രാം അപ്പക്കാരം എന്നിവ കൊടുക്കുന്നത് പാൽ കുറയാതിരിക്കാൻ നല്ലതാണ്. രണ്ട് നേരം കുളിപ്പിക്കണം. പകൽ പച്ചപ്പുല്ല് കൂടുതൽ കൊടുക്കൂ. വൈക്കോൽ കൊടുക്കുന്നുണ്ടെങ്കിൽ രാത്രിയാണ് നല്ലത്. കാലിത്തീറ്റ, തണുപ്പുള്ള രാവിലെയും വൈകിട്ടും കൊടുക്കുന്നതാണ് ഉചിതം. 30 മില്ലി മീനെണ്ണ വീതം കൊടുക്കാൻ പറ്റിയാൽ അത്യുത്തമം. പിന്നെ തൊഴുത്തിൽ നല്ല കാറ്റും വെളിച്ചവും കിട്ടണം. ഫാനൊക്കെ ഇട്ടുകൊടുക്കാൻ പറ്റിയാൽ നല്ലതാണ്. ഇതൊക്കെ നിർബന്ധമായും ശ്രദ്ധിക്കണം വെറുതെ വളർത്തിയാൽ മാത്രം പോരാ. നമ്മുടെ തണലിൽ ജീവിക്കുന്നവയെ നമ്മൾ തന്നെ കാക്കേണ്ടേ' ഇത്രയും പറഞ്ഞു ഞാൻ തിരികെ പോരാൻ പുറപ്പെട്ടു.

എല്ലാം മനസിലാക്കിയ മട്ടിൽ അവരും, ഒപ്പം രക്ഷപ്പെട്ട സന്തോഷത്തോടെ അവളും തലയാട്ടി. മുകളിൽ അപ്പോഴും ഒരാൾ "എന്നെ തോൽപ്പിക്കാനാവില്ല" മക്കളെ" എന്ന് പ്രഖ്യാപിച്ചു കൊണ്ട് ശക്തമായ രശ്മികൾ താഴേക്കുതിർത്തു കൊണ്ടിരുന്നു.

ഡോ.നിഷിത കെ.എ
വെറ്ററിനറി സർജൻ
ചിറ്റലഞ്ചേരി, പാലക്കാട്

കുരങ്ങുപനി മനുഷ്യരിലും മൃഗങ്ങളിലും

കോവിഡ് വിട്ടൊഴിയും മുൻപേ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കുരങ്ങുപനി സ്ഥിരീകരിച്ചതോടെ ഈ രോഗത്തെക്കുറിച്ചുള്ളചർച്ചകൾക്ക് വീണ്ടും പ്രസക്തിയേറുന്നു. 1958 ൽ കുരങ്ങുകളിലാണ് ആദ്യമായി ഈ വൈറസ് ബാധ സ്ഥിരീകരിക്കപ്പെട്ടത്. അതിനാൽ മാത്രമാണ് ഈ രോഗം 'കുരങ്ങുപനി' എന്നറിയപ്പെട്ടുതുടങ്ങിയത്. 1970 ലാണ് കുരങ്ങുപനി ആദ്യമായി മനുഷ്യരിൽ കണ്ടെത്തിയത്. അങ്ങനെ ജന്തുജന്യരോഗത്തിന്റെ (zoonotic)പട്ടികയിൽ ഈ രോഗവും ഉൾപ്പെട്ടു. 1970 നുശേഷം 2017 ൽ മനുഷ്യരിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് .

കുരങ്ങുപനിക്കു കാരണമായ രോഗകാരിഓർത്തോപോക്സ്ജനുസിലും പോക്സ്വൈറിഡേ കുടുംബത്തിലും പെട്ട DNA വൈറസ് ആണ്. വസൂരിക്ക് കാരണമായ വരിയോള വൈറസുകൾ, കന്നുകാലികളിൽ അകിട് വസ്സൂരിയുണ്ടാക്കുന്ന വൈറസുകൾ എന്നിവ ഇതേ കുടുംബത്തിൽ പെട്ടവയാണ്. രോഗലക്ഷണങ്ങൾക്കു വസൂരിയുടെ ലക്ഷണങ്ങളോട് ചെറിയ സാമ്യം ഉണ്ട് എന്നത് ഒരു വസ്തുതയാണ്. പ്രൈമേറ്റ് വിഭാഗത്തിൽപ്പെട്ട ജന്തുക്കൾ(കുരങ്ങ്, ചിമ്പൻസി മുതലായവ), മുയൽ, എലികൾ, അണ്ണാൻ, കീരി, മറ്റു ചെറു സസ്തനികൾ തുടങ്ങിയ ജന്തുക്കൾ ഈ വൈറസിന്റെ വാഹകരായി വർത്തിക്കുന്നു. പന്നികളിൽ നടത്തിയ പഠനങ്ങളിൽ പോലും ഈ വൈറസിന്റെ ആന്റിബോഡികൾകണ്ടെത്തിയിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് ഏതു ജന്തുവും ഈ രോഗാണുവിന്റെ വാഹകരായി പ്രവർത്തിക്കാൻ പറ്റുമെന്നാണ് .

കുരങ്ങുപനി ലക്ഷണങ്ങൾ ജന്തുക്കളിൽ :

പനി, കണ്ണിന്റെ കോർണിയയിൽ ചുവപ്പ്, മൂക്കൊലിപ്പ്, ചുമ, ഗ്രന്ഥിവീക്കം, വിശപ്പില്ലായ്മ, മന്ദത, പൊറ്റ പോലെയുള്ള രോമം കൊഴിച്ചിൽ, ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന കുമിളകൾ പോലുള്ള വീക്കങ്ങൾ, ന്യുമോണിയ തുടങ്ങിയവയാണ് .

ശരീരസ്രവങ്ങളിൽക്കൂടിയോ, അടുത്തിടപഴകുന്നതുവഴിയോ ആണ് സാധാരണയായി ഈ രോഗം മനുഷ്യരിലേക്ക് പകരുന്നത്.

കുരങ്ങുപനി ലക്ഷണങ്ങൾ മനുഷ്യരിൽ :

പനി, തലവേദന, ചുമ ,ശക്തമായ പേശീവേദന, നടുവേദന, കഴലവീക്കം, വിറയൽ ,ശരീരത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടാകുന്ന ദ്രാവകം നിറഞ്ഞ കുമിളകൾ തുടങ്ങിയവയാണ് ലക്ഷണങ്ങൾ.

രോഗാണുക്കൾ ശരീരത്തിനുള്ളിൽ പ്രവേശിച്ചു 3 മുതൽ 14 ദിവസത്തിനകം രോഗലക്ഷണങ്ങൾ കാണിച്ചു തുടങ്ങാം .നാലാഴ്ച കൊണ്ട് പൂർണ്ണമായും ഭേദമാക്കാം. ചിലരിൽ സങ്കീർണ്ണമാകാനുള്ള സാദ്ധ്യത തള്ളിക്കളഞ്ഞുകൂടാ.

ചികിത്സ :

വൈറസ് രോഗമായതുകൊണ്ടു തന്നെ കുരങ്ങുപനിക്കു വ്യക്തമായ ചികിത്സ ഒന്നും തന്നെയില്ല. എന്നാൽ രോഗം ലഘൂകരിക്കുന്നതിനും സെക്കണ്ടറി ഇൻഫെക്ഷനുകൾ ഒഴിവാക്കുന്നതിനുമുള്ള ചികിത്സകൾ ഡോക്ടറുടെ നിർദേശപ്രകാരം നടത്താവുന്നതാണ് .

കുരങ്ങുപനി പ്രതിരോധമാർഗങ്ങൾ :

രോഗം ബാധിച്ചയാൾ ചുമക്കുമ്പോഴോ, മൂക്ക് ചീറ്റുമ്പോഴോ ആണ് ഈ രോഗാണുക്കൾ

വായുവിലൂടെ മറ്റുള്ളവരിലേക്ക് പകരുന്നത്. രോഗമുള്ള ആൾക്കാരിൽ നിന്നും അകലം പാലിക്കുക, ശരീരവുമായി നേരിട്ടുള്ള സമ്പർക്കം ഒഴിവാക്കുക, രോഗികളുടെ വസ്ത്രം, മറ്റു വസ്തുക്കൾ എന്നിവ ഗ്ലൗസ് ഉപയോഗിച്ച് മാത്രം എടുക്കുക , മാസ്ക് ഉപയോഗിക്കുക, കൈകൾ സാനിറ്റൈസർ ഉപയോഗിച്ചു അണുനശീകരണം നടത്തുക എന്നിവയാണ്. ഏതെങ്കിലും സാഹചര്യത്തിൽ മൃഗങ്ങളുടെ കടി, മാന്തൽ എന്നിവ ഏർപ്പെടുമ്പോഴോ അവയുമായി സമ്പർക്കത്തിൽ ഏൽക്കുമ്പോഴോ ഉടനെ തന്നെ സോപ്പും വെള്ളവും ഉപയോഗിച്ച് കഴുകുക. മാംസാഹാരം നല്ലവണ്ണം വേവിച്ചു മാത്രം കഴിക്കുക .

കുരങ്ങുപനിക്കു കാരണമാകുന്ന വൈറസുകൾക്കു വസൂരി വൈറസുകളുമായും കന്നുകാലികളിൽ അകിട് വസൂരി ഉണ്ടാക്കുന്ന വൈറസുകളുമായും ഘടനാപരമായി സാമ്യമുണ്ടെന്ന് നേരത്തെ പറഞ്ഞുവല്ലോ. മനുഷ്യരിലുണ്ടാകുന്ന കുരങ്ങുപനി പ്രതിരോധിക്കാൻ വസ്സൂരിക്കെതിരെയുള്ള വാക്സിൻ ഒരുപരിധിവരെ ഫലപ്രദമാണെന്ന് ലോകാരോഗ്യ സംഘടനയുടെ പഠനങ്ങൾ വ്യക്തമാക്കുന്നു.

ജാഗ്രതയും ശ്രദ്ധയുമാണ് ഇവിടെയും വേണ്ടത്.

സജീവ് ദിവാകരൻ
ഫീൽഡ് ഓഫീസർ (HG)
എൽ.എം.റ്റി.സി. കുടപ്പനക്കുന്ന്

ആഫ്രിക്കൻ സൈ്വൻ ഫീവർ രോഗബാധയുടെ പശ്ചാത്തലത്തിൽ മൃഗസംരക്ഷണ വകുപ്പ് പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദ്ദേശം

ആഫ്രിക്കൻ സൈ്വൻ ഫീവർ ഒരു ജന്തുജന്യ രോഗമല്ലാത്തതിനാൽ മനുഷ്യൻ ആശങ്കപ്പെടേണ്ട കാര്യമില്ല. എന്നാൽ പന്നികളിൽ ഇത് അതീവ മാരകവും സാംക്രമികവും ആയതിനാൽ പന്നിവളർത്തൽ മേഖലയെ ഈ രോഗബാധയിൽ നിന്നും സംരക്ഷിച്ചു നിർത്തേണ്ടത് അനിവാര്യമാണ്. താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക

1. കാട്ടുപന്നികളുടെയും അലഞ്ഞുതിരിയുന്ന പന്നികളുടെയും സമ്പർക്കം ഒഴിവാക്കണം.
2. പന്നി ഫാമിലേയ്ക്ക് വരുകയോ പോവുകയോ ചെയ്യുന്ന വാഹനങ്ങൾ കൃത്യമായി അണുനാശനം ചെയ്യുക. (2% വീര്യമുള്ള സോഡിയം ഹൈപ്പോക്ലോറൈറ്റ്, സോഡിയം ഹൈഡ്രോക്സൈഡ്, പെർ അസെറ്റിക് ആസിഡ്, കുമ്മായം എന്നിവ അണുനാശിനികളായി ഉപയോഗിക്കാം)
3. പന്നി ഫാമിലേയ്ക്കുള്ള സന്ദർശകരുടെ നിജപ്പെടുത്തുകയും അവരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുകയും വേണം.
4. പന്നി ഫാമിൽ പ്രവേശിയ്ക്കുന്നതിന് മുൻപ് ശുചിത്വം പാലിക്കുകയും കൈകൾ അണുനാശനം ചെയ്യുകയും വേണം.
5. പന്നി ഫാമിലേയ്ക്ക് മറ്റു മൃഗങ്ങളോ എലികളോ പക്ഷികളോ കടക്കുന്നത് തടയുക. പക്ഷികൾ ഫാമിൽ കയറാതിരിക്കാൻ വശങ്ങളിൽ നെറ്റ് ക്രമീകരിക്കേണ്ടതാണ്.
6. രോഗലക്ഷണം കാണുകയാണെങ്കിൽ അടുത്തുള്ള വെറ്ററിനറി ഡോക്ടറുമായി ബന്ധപ്പെടുക.
7. പുതിയതായി ഫാമിലേയ്ക്ക് പന്നികുഞ്ഞുങ്ങളെ വാങ്ങുന്നത് താത്കാലികമായി ഒഴിവാക്കുക.
8. പന്നി ഫാമിലെ തൊഴിലാളികളെ പന്നികളിലെ രോഗലക്ഷണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക. തൊഴിലാളികൾ മറ്റു ഫാമുകളിലേയ്ക്ക് പോകാൻ പാടുള്ളതല്ല.

ആന്ത്രാക്സ് അറിയേണ്ടതെല്ലാം

'ബാസില്ലസ് ആന്ത്രാസിസ് 'എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു പകർച്ചവ്യാധിയാണ് ആന്ത്രാക്സ്. കുളമ്പുള്ള മൃഗങ്ങളായ മാൻ, കന്നുകാലി, ആട്, ചെമ്മരിയാട്, എന്നീ മൃഗങ്ങളെയാണ് ഈ രോഗം സാധാരണ ബാധിക്കുന്നത്!.

ആന്ത്രാക്സ് ബാധിച്ച മൃഗങ്ങൾ മേയുന്ന മേച്ചിൽപ്പുറങ്ങളിൽ നിന്നും രോഗകാരിയായ ബാക്ടീരിയയുടെ സ്പോറുകളാൽ മലിനമാക്കപ്പെട്ട പുല്ലുവർഗ്ഗങ്ങൾ ഭക്ഷിക്കുന്നതിലൂടെയും ആന്ത്രാക്സ് സ്പോറുകൾ ശ്വസിക്കുന്നതിലൂടെയും മൃഗങ്ങൾക്ക് അസുഖം പിടിപെടുന്നു. പ്രത്യേകിച്ച് രുചിയോ, മണമോ, നിറമോ, ഇല്ലാത്ത ഈ സ്പോറുകൾ ശ്വസിക്കുന്നത് വഴി മനുഷ്യർക്കും അസുഖം പകരാം.

നായ്ക്കളും പൂച്ചകളും ഉൾപ്പെടെയുള്ള മാംസഭോജികളായ മൃഗങ്ങളിൽ വളരെ അപൂർവ്വമായി മാത്രമെ ഈ രോഗം ബാധിക്കുകയുള്ളൂ. ഉഭയജീവികൾക്കും, ഉരഗങ്ങൾക്കും , മത്സ്യങ്ങൾക്കും പക്ഷികൾക്കും ആന്ത്രാക്സ് പിടിപെടില്ല.

മൃഗങ്ങളിലെ രോഗലക്ഷണങ്ങൾ

രോഗാണു ശരീരത്തിൽ കടന്നുകഴിഞ്ഞാൽ സാധാരണയായി 3 മുതൽ 7 ദിവസത്തിനുള്ളിൽ രോഗ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടുന്നു. ലക്ഷണങ്ങൾ ആരംഭിച്ചാൽ സാധാരണ 2 ദിവസത്തിനുള്ളിൽ മൃഗങ്ങൾ മരിക്കും. പനി, നടക്കുമ്പോൾ വേച്ചു പോകുക, ശ്വസിക്കാൻ ബുദ്ധിമുട്ട്, വിറയൽ എന്നീ ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ഏതാനും മണിക്കൂറുകൾക്കകം മരണപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ മൃഗങ്ങൾ തളർച്ച, വിഹ്വലത, അബോധാവസ്ഥ, ശ്വസിക്കാനുള്ള ബുദ്ധിമുട്ട് എന്നീ ലക്ഷണങ്ങൾ പ്രകടമാക്കിയ ശേഷം മരിക്കുന്നു. മരണശേഷം വായിൽ നിന്നും മൂക്കിൽ നിന്നും മലദ്വാരത്തിൽ നിന്നും ഇരുണ്ട രക്തം ഒലിച്ചിറങ്ങിയ രീതിയിൽ മൃതദേഹം കാണപ്പെടുന്നു.

പന്നികൾ, നായ്ക്കൾ, പൂച്ചകൾ എന്നിവയിലെ രോഗലക്ഷണങ്ങൾ തീവ്രത കുറഞ്ഞതായിരിക്കും.

രോഗനിർണ്ണയം

ലബോറട്ടറി പരിശോധനകളിലൂടെ, രോഗം ബാധിച്ച മൃഗങ്ങളുടെ രക്തത്തിൽ ആന്ത്രാക്സ് ബാക്ടീരിയയോ ആന്റിബോഡികളോ കണ്ടെത്തിയാണ് രോഗനിർണ്ണയം നടത്തുന്നത്.

ചികിത്സ

അസുഖം ബാധിച്ച മൃഗങ്ങളെ ചികിത്സിക്കുന്നത് പൊതുവെ ഫലപ്രദമല്ല. അണുബാധ നേരത്തെ കണ്ടെത്തിയാൽ ആന്റിബയോട്ടിക്, കൃത്യമായ പരിപാലനം എന്നിവയിലൂടെ സ്ഥിതി മെച്ചപ്പെട്ടേക്കാം.

ആന്ത്രാക്സ് വാക്സിൻ ലഭ്യമാണോ?

കന്നുകാലികൾക്കുള്ള വാക്സിൻ ആന്ത്രാക്സ് വ്യാപനമുള്ള പ്രദേശങ്ങളിൽ ഉപയോഗിക്കുന്നു. രോഗം വരുന്നതിനുമുൻപ് വാക്സിൻ നൽകുന്നത് രോഗം ഫലപ്രദമായി തടയാൻ സഹായകരമാണ്.

മനുഷ്യർക്കും കന്നുകാലികൾക്കും നൽകുന്ന വാക്സിൻ വ്യത്യസ്തമാണ്. മനുഷ്യർക്ക് നൽകുന്ന വാക്സിൻ ലഭ്യത വളരെ കുറവായതിനാൽ സൈനികർക്കായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അരുമ മൃഗങ്ങൾക്ക് വാക്സിൻ ലഭ്യമല്ല.

രോഗം ബാധിച്ച മൃഗങ്ങളിൽ നിന്ന് രോഗം പകരുമോ?

രോഗം ബാധിച്ച് ചത്തതോ അസുഖമുള്ളതോ ആയ മൃഗത്തെ കൈകാര്യം ചെയ്യുന്നതിലൂടെയും, ചത്ത മൃഗത്തെ ഭക്ഷിക്കുന്നത് വഴിയും ആന്ത്രാക്സ് പകരാം.

മനുഷ്യരും മൃഗങ്ങളും തുമ്മുകയോ ചുമയ്ക്കുകയോ ചെയ്യുമ്പോൾ ആന്ത്രാക്സ് പകരില്ല. വ്യക്തികൾ തമ്മിൽ രോഗവ്യാപനത്തിന് സാധ്യതയില്ല.

രോഗം ബാധിച്ചു ചത്തു പോകുന്ന മൃഗങ്ങളുടെ ശരീരത്തിൽ നിന്നുമുള്ള രോഗാണുക്കൾ മണ്ണ് മലിനമാക്കുന്നു. അതിനാൽ മൃതശരീരം മണ്ണിൽ അടക്കം ചെയ്യാതെ കത്തിച്ചു കളയുന്നതാണ് ഉചിതം. അടക്കം ചെയ്യുകയാണെങ്കിൽ ആറടി ആഴത്തിൽ കുഴിയെടുക്കുകയും കുമ്മായം കുഴിക്കുള്ളിൽ വിതറുകയും ചെയ്യേണ്ടതാണ്.

രോഗം പകരാതെ ശ്രദ്ധിക്കാം

അസുഖമുള്ളതോ ചത്തതോ ആയ മൃഗങ്ങളെ കൈകാര്യം ചെയ്യുമ്പോൾ മാസ്കും കയ്യുറകളും ധരിക്കുക. നിർദ്ദേശങ്ങൾ അനുസരിച്ച് കന്നുകാലികൾക്ക് വാക്സിൻ നൽകുക. ഉരുവിന്റെ മരണ കാരണം ആന്ത്രാക്സ് ബാധ ആണെന്നു സംശയിക്കുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും മൃതശരീരം തുറന്ന് പരിശോധിക്കരുത്. വെറ്ററിനറി ഡോക്ടറുടെ നിർദ്ദേശ പ്രകാരം മാത്രം തുടർ നടപടികൾ സ്വീകരിക്കുക.

കേരള സർക്കാർ
മൃഗസംരക്ഷണ വകുപ്പ്

ഗോസമൃദ്ധി

"കർഷകർക്കൊരു കൈത്താങ്ങ്"

സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി

വിശദവിവരങ്ങൾക്ക്
അടുത്തുള്ള
മൃഗാശുപത്രിയുമായി
ബന്ധപ്പെടുക

ഉരുക്കൾക്കും ഉടമയ്ക്കും
ഇൻഷുറൻസ് പരിരക്ഷ

Jeevajalakam is Printed and published by Dr. A. Kowsigan, owned by Department of Animal Husbandry
and Printed at Kerala Books and Publication Society, Kakkanad, Kochi - 30
Published at Livestock Management Training Centre, Kudappanakunnu, Thiruvananthapuram - 695 043
Editor Dr. Meera Unwin Antony